# സമാഹരിക്കാത്ത കവിതകൾ

ലളിതാ ലെനിൻ



# സമാഹരിക്കാത്ത കവിതകൾ

ലളിതാ ലെനിൻ

**Samaāharikkātta kavitakaḷ** (സമാഹരിക്കാത്ത കവിതകൾ)
(Malayalam: poem)
Lalitha Lenin

Sayahna digital edition published in 2022.

Copyright © 2022, Lalitha Lenin

These electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *Au jardin, la famille de l'artiste* (1875), an oil on canvas painting by Claude Monet (1840–1926). The image has been taken from Wikimedia Foundation and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


| | | |
|---|---|---|
| 1 | നേരിടം | 1 |
| 2 | സീതാബന്ധനം | 3 |
| 3 | പിരിഞ്ഞതാര്? | 5 |
| 4 | മോഷ്ടാവ് | 9 |
| 5 | കഥാസരിത്സാഗരം | 11 |
| 6 | ഇണകൾ | 13 |
| 7 | നിറങ്ങൾ | 15 |
| 8 | ചെറുവിരൽ | 18 |
| 9 | കണിക്കൊന്ന | 20 |
| 10 | ക്ഷണകൾ | 22 |
| 11 | വീട്ടിലേയ്ക്കില്ല! | 25 |
| 12 | അമ്മു | 28 |
| 13 | കാക്കകൾ | 30 |
| 14 | ഉണങ്ങാതെ | 32 |
| 15 | അക്ഷരം | 34 |
| 16 | ആൺതരി | 37 |
| 17 | സത്യം | 39 |
| 18 | കറുത്തവാവ് | 41 |
| 19 | കണ്ണുകൾ | 43 |
| 20 | മകളാര്? | 45 |
| 21 | വാക്ക് | 48 |
| 22 | കുടമാറ്റം | 50 |
| 23 | വിഷുക്കണി | 53 |

24 നിഷേധവോട്ട് ... 56
25 ഇറോം... ... 58
26 ചിലന്തിയുടെ കൂടാരം ... 60
27 അയ്യോ കാക്കേ! ... 62
28 അന്നപൂർണ്ണ ... 64
29 വാൽനക്ഷത്രത്തിൽ ... 66
30 ഡിഫറന്റ്‌ലി ഏബിൾഡ് ... 68
31 അഹല്യയുടെ കുഞ്ഞുങ്ങൾ ... 70
32 കണ്ണോക്ക് ... 73
33 നയാപൈസ ... 75
34 മൂക്ക് ചീറ്റി നിവർന്നു നടക്കുന്ന കാറ്റ് ... 77
35 'മരു'മകൾ ... 79
36 അന്വേഷണം ... 81
37 ഇരുട്ടിനെ വേട്ടയാടുന്നവർ ... 83
38 വഴിയറിയാതെ ... 85
39 വളരാതെ ... 87
40 വഴിയും സത്യവും ... 90
41 സ്വപ്നം ... 92
42 ഇര ... 93
43 കാഴ്ച ... 95
44 മുരൾച്ച ... 97
45 മാലിന്യസംസ്കരണം ... 99
46 അമ്മയെന്റെ ആരാണ്? ... 101
47 ഐഡന്റിറ്റി ... 103
48 ആത്മഹത്യ ... 104
49 വിത്ത്–പത്തായം–എലികൾ ... 106
50 ആരംഭം ... 109
51 നഗ്നത ... 111
52 ഭ്രാന്ത് ... 113
53 ഇടമില്ലാതെ ... 116
54 കലക്കം ... 118
55 അറിയാതെ ... 120
56 ആദിയിൽ മുറിഞ്ഞ വാക്ക് ... 122
57 നീലകണ്ഠം ... 124

58 മൊഴിപതറുമ്പോൾ . . . 126
59 … കൊണ്ടുമാത്രം! . . . 128
60 ഹൃദയത്തിന്റെ വഴി . . . 130
61 എളുപ്പം . . . 132
62 തിരഞ്ഞെടുപ്പ് . . . 134
63 അളക്കുന്നവർ . . . 136
64 പ്രണയവും കവിതയും . . . 138
65 പ്രണയശേഷം . . . 140
66 സുരയ്യ . . . 142
67 ഊഴം . . . 144
68 അകലങ്ങൾ . . . 146
69 പല്ലുകൾ . . . 148
70 മറിയ . . . 150
71 കുഴമണ്ണ് . . . 153
72 അന്തസ്സ് . . . 155
73 കാൽപ്പന്ത് . . . 157
74 അവശം . . . 159
75 മറക്കുന്നത് . . . 161
76 അലങ്കാരങ്ങൾ . . . 163
77 മനുഷ്യബോമ്പ് . . . 164
78 പെട്ടകം . . . 166
79 വലയും കിളിയും . . . 168
80 ഭ്രാന്തുപിടിച്ച നായ്ക്കുട്ടി . . . 170
81 പെൺമരം . . . 172
82 പാതാളങ്ങൾ . . . 174
83 കുഴിനഖം . . . 176
84 അജ്ഞത . . . 179
85 ജലം . . . 181
86 ബാക്കി . . . 183
87 ഇടനില . . . 185
88 തിരുവരങ്കൻ . . . 187
89 പാഠം ഒന്ന്: ശകുന്തള . . . 189
90 അംഗഭംഗം . . . 191
91 ആദി . . . 193

92 സരസ്വതിഅമ്മ . . . 196
93 രൂപം . . . 198
94 വീണപൂവ് . . . 200
95 സമനില . . . 202
96 ഒഴുക്കിനപ്പുറം . . . 204
97 സെപ്റ്റംബർ 11 . . . 206
98 നരയും പതയും . . . 207
99 സ്നേഹിക്കുവാൻ . . . 209
100 ഭയം . . . 211
101 ഉരോ! . . . 213
102 അഭിസാരിക . . . 215
103 തടവുചാടിയ പെൺകുട്ടി . . . 218
104 ആഗ്രഹങ്ങൾ വിഴുങ്ങുമ്പോൾ . . . 220
105 രാജകുമാരിയുടെ ഡയറിക്കുറിപ്പുകൾ . . . 222
106 ഇതൊരു നല്ല കവിതയല്ല കെട്ടതുമല്ല . . . 225
107 മരമേ! . . . 227
108 പാമ്പ് . . . 229
109 സാക്ഷി . . . 232
110 കറുപ്പ് . . . 235
111 പശുവിന്റെ ചിരി . . . 237
112 പിണക്കം . . . 239
113 പുല്ലുവില . . . 241
114 വിസ്മയം . . . 243
115 മുനമ്പ് . . . 245
116 ഹൃദയത്തോട് . . . 247
117 കടന്നൽക്കുത്ത് . . . 248
118 എനിക്ക് ഞാൻ . . . 250
119 കാറ്റ് . . . 252
120 അനുരാഗം . . . 254
121 അതിർത്തി . . . 256
122 വെളിച്ചത്തിന്റെ വേരു് . . . 258
123 പാപികൾ . . . 260
124 അപൂർണം . . . 262
125 ബാർബി . . . 264

126 ആൾരൂപങ്ങൾ . . . . . 266
127 തിരുത്ത് . . . . . 268
128 അപരാധി . . . . . 270
129 ? . . . . . 271
130 അകാരം . . . . . 273
131 കറുത്തപഴങ്ങൾ . . . . . 275
132 വണ്ടി . . . . . 277
133 മറവി . . . . . 278
134 സത്രപം . . . . . 279
135 ഒറ്റമരം . . . . . 281
136 മരം-രണ്ട് . . . . . 283
137 ഒരേ സമയം . . . . . 285
138 ഞാനും നീയും . . . . . 287
139 വറ്റിയ നീരുറവുകൾ പ്രളയമാകുമ്പോൾ . . . . . 289

— 1 —

## നേരിടം

കടലിനൊടു ഞാൻ ചോദിച്ചു
കരയോടും ഞാൻ ചോദിച്ചു
ഇടയിലിടമുണ്ടോ പാദം
ഊന്നിടാനൊരു നെല്ലിടം?
ഇല്ല, ഇല്ലെന്നുത്തരം!
പൂവിനൊടു ഞാൻ ചോദിച്ചു
പൂമണത്തൊടുമാരാഞ്ഞു
ഇടയിലിടമുണ്ടോ തുമ്പി-
ച്ചിറകിനമരാൻ തെല്ലിടം?
ഇല്ല, ഇല്ലെന്നുത്തരം!

അഴകിനൊടു ഞാൻ ചോദിച്ചു
അറിവിനോടും ചോദിച്ചു
ഇടയിലിടമുണ്ടോ ഹൃദയ-
സ്പന്ദനത്തിനു വേറിടം?
ഇല്ല, ഇല്ലെന്നുത്തരം!

അടിമയൊടു ഞാൻ ചോദിച്ചു
ഉടമയോടും ചോദിച്ചു
ഇടയിലിടമുണ്ടോ മർത്ത്യനു
തലയുയർത്താൻ നല്ലിടം?
ഇല്ല, ഇല്ലെന്നുത്തരം!

അവനിയൊടു ഞാൻ ചോദിച്ചു
കിനാവിനോടും ചോദിച്ചു
ഇടയിലിടമുണ്ടോ സ്നേഹം

പങ്കുവെക്കും നേരിടം?
ഉണ്ട്, ഉണ്ടെന്നുത്തരം!

(സി.ആർ.സി. കടമ്പേരി സ്മരണിക 2001)

— 2 —

# സീതാബന്ധനം

ഇതു കാറൊഴിയാത്ത
പേമാരി നിലയ്ക്കാത്ത
പശി മുറ്റിയ കള്ള-
ക്കർക്കടക്കരിമാസം.
വിളക്കിൽ നിറഞ്ഞാടി-
യുലയും തിരിനാളം
'എവിടെ അശാന്തന്നു
സുഖമെ'ന്നെരിയുന്നു.
പതിയേ പാടും രാമ-
ചരിതം സീതയ്ക്കായി
വരച്ച വര തട്ടി-
ത്തടഞ്ഞു നില്പാണു ഞാൻ.
ഒന്നു കാൽ മുന്നോട്ടായൽ
ദുഷ്കരം, ഭയം കിനി-
ഞ്ഞൊട്ടിനില്പവർ പര-
സഹസ്രം ഇവൾക്കൊപ്പം.

പുള്ളിമാൻ, തിളങ്ങുന്ന
സ്വർണമാനോട്ടുന്നുണ്ട്,
കള്ളമാൻ അതെന്നെനി-
ക്കിന്നെത്ര സുനിശ്ചിതം.
ഇല്ലതിൻ നീലക്കൊമ്പിൽ,
ഓമനിക്കുവാൻ വേണ്ടി
മെനഞ്ഞ മുഖകാന്തി,
ഒന്നിലുമെനിക്കാശ.

ഇല്ലതിൻ പൂമേനിയിൽ,
ചുട്ടി കുത്തിയ രത്ന-
പ്പൊട്ടുകളൊന്നിൽ പോലും
തൊട്ടു നോക്കുവാൻ മോഹം.
മഴവിൽത്തുടിപ്പാർന്ന
വാല്യമായ് തുള്ളിത്തുള്ളി
ഓടുമീ മൃഗമെന്നെ
ഇളക്കുന്നില്ലാ തെല്ലും.

എങ്കിലും, വിദൂരത്തിൽ
നിന്നു ഞാൻ ‘ഹാ, ലക്ഷ്മണാ’
എന്നു കേൾക്കുമ്പോൾ
വിറ കൊള്ളുന്നു, നടുങ്ങുന്നു.

കള്ളനാട്യങ്ങൾ, പട-
യോട്ടങ്ങൾ, മദോന്മാദ
ഭേരിക,ളരുംകൊല,
ആർത്തനാദങ്ങൾ ചുറ്റും.
അരുതെന്നാജ്ഞാപിക്കാ-
നാരിവൾ സർവംസഹ
എന്റെ കാല്ക്കീഴിൽ ചുട്ടു-
പൊള്ളുന്നു ശിരോരേഖ!

എന്തിനീയധീരത,
എന്തിനീ വ്യാജോക്തിയിൽ
ബന്ധിതയാവാൻ കാര്യ-
മെന്നു നേരഴിക്കുമ്പോൾ
സേതുബന്ധനം തീരെ
മറന്നേ പോകുന്നു ഞാൻ
സീതാബന്ധനം സ്നേഹ-
പാശമായ് മുറുകുന്നു.

(ദേശാഭിമാനി വാരിക 2018)

— 3 —

## പിരിഞ്ഞതാര്?

ചിരിച്ചു നില്ക്കുമീ
മുഖമെനിക്കെത്ര
പരിചിതം, പേരു
വിളിക്കുവാൻ മാത്രം
പ്രിയതരം, പക്ഷേ
പറകയില്ല ഞാൻ,
ഭയമെനിക്കതിൻ
മൃദുലമാം സ്വരം!
ഇരട്ട,യല്ലെന്റെ
നിഴലുമല്ലവൾ,
കടന്നുവന്നെന്നിൽ
പ്രതിഷ്ഠയാവുന്നു,
കരങ്ങൾ കൂപ്പിഞാ-
നിരന്നു, പോകുക! -
ബധിരയെന്ന പോൽ
ചിരിച്ചു നില്പവൾ!
തിരക്കിലെത്രപേർ
തടിച്ചുകൂടിലും
ജനപ്രവാഹത്തിൽ
ഇരച്ചു നീങ്ങിലും
സദാ മയക്കത്തിൽ
അറിഞ്ഞിരുന്നു ഞാൻ
ഇവളെനിക്കൊപ്പം
നടന്നിരുന്നവൾ.

അരിഞ്ഞ കാതുകൾ
മുറിഞ്ഞ ചുണ്ടുകൾ
പരിക്കമാത്രമാ-
ണടലിലെങ്കിലും
എവിടെ നിന്നാവോ
കടമെടുത്തതീ
തെളിഞ്ഞ വാക്കതിൽ
തുളുമ്പും പുഞ്ചിരി.

അതീവസൗമ്യയാ-
ണമൃതവാണിയാ-
ണരുകി വീഴ്കിടം
പിളർന്നു പോകിലും
സതീത്വധന്യയാ-
ണനാദിദേവിയാ-
ണടവാളൂഞ്ഞാലിൻ
പടിയായ് മാറ്റിയോൾ -
വിരുന്നുമേശക്കു
പുറം തിരിഞ്ഞോടി
ഒളിച്ചിട്ടും എന്നെ
തടുത്തുനിർത്തുന്നു,
അരങ്ങിലാടുവാൻ
വിമുഖയാകുമ്പോൾ
വിളിച്ചിറക്കുന്നു
വിരൽ ഞൊടിക്കിടെ.

ഉറഞ്ഞ ദുഃഖങ്ങൾ-
ക്കുറക്കു പാട്ടുമായ്
കടുത്ത സത്യത്തിൻ
മുനയൊടിക്കുമ്പോൾ
വിരക്തി, രോദനം,
വിതുമ്പലൊക്കെയും
നിരുക്തകണ്ഠത്തിൽ
ഒലിച്ചിറങ്ങുന്നു.

കഠിനമാണതിൻ
വിപര്യയം, ദ്രുത-

പ്പകർച്ചപോൽ രസം
പലർക്കുമെങ്കിലും
പിരിമുറുക്കത്തിൽ
ജടിലമാകുന്ന
ഹൃദയഭാരമി-
ന്നിരട്ടിയാകുന്നു.

ഇവളെന്നാണെന്നിൽ
പിറവിയായെതെ-
ന്നറിവീ, ലൊറ്റയായ്
നടന്നു ബാല്യത്തിൽ,
വെളിച്ചമായിരു-
ന്നെവിടെയും കിളി-
മൊഴികളായിരം
ചിറകു തേടുമ്പോൾ.

പറക്കണം ദൂര-
വിഹായസ്സിൽ, മഞ്ഞു-
മലകൾ, കാടുകൾ,
കടലറിയണം,
മനുഷ്യജീവിതം
ജ്വലിച്ചുയരുന്ന
വഴികളിൽ ശിര-
സ്സുയർത്തി നില്ക്കണം.

അറിഞ്ഞതിൽ പാതി
കൊഴിഞ്ഞുവീഴ്വതി-
ന്നിടയിൽ വീർപ്പൊന്നു
നിലച്ച വേളയിൽ,
വിശന്ന വാക്കുകൾ
ചതഞ്ഞരഞ്ഞെന്റെ
വഴികളിൽ നിണ-
പ്പുഴയൊലിക്കുമ്പോൾ,
പടിയിറക്കി നിൻ
കുടമുടച്ചു, രാ-
ത്തളികയിൽ ബലി-
പ്പുക നിറയുമ്പോൾ,

ഇരുട്ടി, ലാത്മാവിൽ
മഹാവിസ്ഫോടനം
പിരിഞ്ഞതാരെന്ന്
തിരിച്ചറിഞ്ഞീല!

എവിടെയിന്നവൾ-
ക്കിരിപ്പിടം, ജീവ-
പ്രപഞ്ചമെന്നുള്ളിൽ
തുടിച്ചു നില്പതിൽ?
തിരയുമ്പോൾ വന്നു
നിറഞ്ഞുനില്ക്കയാ-
ണണുവിലും, ഇല്ലാ
എനിക്കിരിപ്പിടം!

— 4 —

## മോഷ്ടാവ്

ഒരു പൂ മോഷ്ടിക്കുവാൻ
ധൈര്യമുണ്ടെനിക്കിപ്പോൾ
ഉദിക്കും മുമ്പേ ഞങ്ങൾ
നടക്കാനിറങ്ങുമ്പോൾ.
പാതയോരത്തെക്കാട്ടു
പൊന്തയിലിന്നേവരെ
കാണാത്ത പൂക്കൾ വിരി
ഞ്ഞെന്നോടു ചിരിക്കുമ്പോൾ
ഓർത്തതി, ല്ലതിലൊന്നു
നുള്ളുവാൻ കൈനീണ്ടീല.

പിന്നെയും നടക്കുമ്പോൾ
പാടമാ, ണിനിയെത്ര
പൂക്കളാ, ണറിയുവോർ,
പണ്ടു കണ്ടവർ മിണ്ടി.
മുക്കുറ്റി കണ്ടിട്ടെത്ര
കാലമായ്, തുമ്പക്കെന്തേ
പച്ചപ്പ് പോരാ, പൂവാം-
കുരുന്നും നിറം കെട്ടു.
ഊതയായ് പതഞ്ഞിളം
കാറ്റിലാടുമ്പോൾ വിറ-
കൊള്ളുമിപ്പൂവിന്നെന്തു
പേരെന്നു മറന്നുപോയ്!

ഇനിയും നടക്കുമ്പോൾ

കടലാ, യതേ പൂവി-
ന്നുത്സവം മാനം കണ്ടു
വിസ്മയം കൊള്ളുന്നേടം
ഒരു പൂപോലും നുള്ളാ-
നപ്പൊഴും തോന്നീ, ലതിൻ
ചിത്രങ്ങളാവോളമെൻ
മൊബൈൽ പകർത്തിലും!

തിരിച്ചു നടക്കുമ്പോൾ
ഏറാട്ടുമനയുടെ
മുറ്റത്തു നിന്നാരാണെൻ
കവിളിൽ തട്ടുന്നത്?
അത്ര സൗമ്യമാ, യതി
വെണ്മയായ് മന്ദാരപ്പൂ
അഞ്ചിതൾ നീട്ടി മതിൽ
ചാടി വന്നെതിരേല്ക്കേ
ഒരു പൂ മോഷ്ടിച്ചാദ്യം,
മടിയില്ലെനിക്കിപ്പോൾ
മോഷണം ദിനംപ്രതി
തൊഴിലായ് തുടരുന്നു.

കള്ളിയെന്നാരെങ്കിലും
വിളിച്ചാൽ കവി ചൊന്ന[1]
പോലൊരുത്തരം ഞാനും
മനസ്സിൽ കരുതിടാം.

(മാധ്യമം വാരിക 2012)

1 അയ്യപ്പപ്പണിക്കരുടെ 'കള്ളൻ' എന്ന കവിത.

— 5 —

## കഥാസരിത്സാഗരം

ഇല്ലെനിക്കില്ലാ തെല്ലു
മുറ്റവും മുല്ലക്കാട്ടിൽ
തത്തി നിന്നിടും ചെറു
തെന്നലും സുഗന്ധവും
കരിഞ്ഞമേഘക്കാടി-
നിപ്പുറം നിലാത്തിര-
യിളകും നീർച്ചാലുക-
ളില്ല, മീൻപറ്റങ്ങളും
എന്തു ദുസ്സഹം എന്റെ
കോൺക്രീറ്റു കൂടിന്നുള്ളിൽ
ഇല്ല കൌതുകം നല്ക്കും
കാഴ്ചയുമനക്കവും.

ഉദിപ്പൂ സൂര്യൻ, ഏതു
ദിക്കിലെന്നറിവീല
കിളികൾ തിരക്കിട്ടു
പായുന്നു, കൊറ്റിന്നാവാം
പരന്ന നെല്പാടങ്ങൾ
കഴിഞ്ഞ ജന്മം മായ്ച്ചൊ-
രോർമ്മ പോൽ മഞ്ഞുഴത്തി-
ലാണ്ടു നില്പെവിടെയോ!

കളിവീടുകൾ, കാട്ടു-
പൊന്തകൾ, കുന്നും കേറി
തളിർ മാളികക്കുള്ളിൽ

പൂക്കുന്ന മിന്നാമിന്നി,
ഇരുളിൽ കനൽക്കട്ട-
ച്ചുവപ്പുനാക്കും നീട്ടി
പതുങ്ങും കിനാവിലെ
പൂതങ്ങളെവിടെയോ!

ഒക്കെയും നെഞ്ചിൽ തൊട്ടു
കഥയായ് പകരുവാൻ
കുഞ്ഞുമോൾക്കിമ്പം നല്കാൻ
മുത്തശ്ശി വെമ്പീടുമ്പോൾ
കൈവിരൽ റിമോട്ടിൽനി-
ന്നെടുക്കാനിളവില്ലാ-
തമ്മിണി കാർട്ടൂൺ ചാലിൽ
മേഞ്ഞു മേഞ്ഞൊഴുകുന്നു.

ഒന്നു തൊട്ടതും മുഖം
കോട്ടുന്നു, മയമില്ലാ-
തോതുന്നു 'ഡിസ്റ്റർബ് ചെയ്താ-
ലിനി ഞാൻ സഹിപ്പീല!'

— 6 —

## ഇണകൾ

ഇണകളാണ്  നാമിപ്പൊഴും, പിരിയാതെ
കഴിവതെത്രമേൽ സാഹസം, പൊള്ളുന്ന
വീടിനുള്ളിലെ ചൂടാണ്  നമ്മളിൽ
കരിമരുന്നിന്റെ ഗന്ധമാണെവിടെയും.

ചെറിയ കാറ്റൊന്നു തുമ്മിയാൽ അടിതെറ്റി
വീഴുമെന്നുള്ള പേടിയാൽ ജനലുകൾ
കുറ്റിയിട്ടു കുനിഞ്ഞിരിക്കുന്നവർ,
കണ്ണു കാഴ്ചയെ തേടാതിരിക്കുവോർ.

കൂട്ടിനാരെയും വേണ്ടാ, വരുന്നവർ
മിത്രമല്ലെന്ന തോന്നലാണെപ്പൊഴും
കനലുടുപ്പിട്ട ഭ്രാന്തിന്റെ ചില്ലയിൽ
ചെറുകിളികൾക്കുമിടമില്ല വേനലിൽ.

തുണകളാണെന്നു ഭാവിച്ചു വിരലുകൾ
കോർത്തു പാത മുറിച്ചു കടക്കിലും
പിഴകളാണേതു ചുവടിലും, മക്കൾക്ക്
ചിരിവരുത്തുന്ന ഫലിതമാകുന്നു നാം.

തുഴകൾ നാമൊരേ താളത്തിലൂന്നിയ
പുഴയിലെങ്ങോ കളഞ്ഞതിൻ പരിഭവം
പിറുപിറുത്തും കയർത്തും പരസ്പരം
കൊമ്പുകോർത്തു ജയിക്കുവാൻ മത്സരം

ജയമെനിക്കും നിനക്കുമില്ലെന്നുള്ള
പരമസത്യം മറക്കുന്ന വേളയിൽ

പൊരുതി നേടും കരിക്കട്ട കനകമായ്
പിടിമുറുക്കും കിടാങ്ങളായ് മാറി നാം.

എങ്കിലും മഴച്ചാറ്റലിൽ മുറ്റത്തു
നിന്നു കേറുവാൻ വൈകിയാൽ, തീരേ
വിശപ്പുകെട്ടുവെന്നോതിയാൽ, രാത്രിയിൽ
കണ്ണടച്ചില്ലയെന്നു കലങ്ങുമ്പോൾ
പഴികളൊക്കെയും പതിരായ് പൊഴിയുന്നു
തിരയടങ്ങിയ കടലിനുമപ്പുറം
ശുഭ്രനീലമാം വാനത്തിലൂടൊരു
ശാന്തരാഗം തുളുമ്പി വന്നെത്തുന്നു.

(പത്രം ഓണപ്പതിപ്പ് 2011)

— 7 —

# നിറങ്ങൾ

‘എനിക്ക് വേണ്ടമ്മേ
തണുത്തുറഞ്ഞാകെ
മനംപുരട്ടുമീ
വരട്ടുപുസ്തകം
വരികളിൽ വർണം
വിടർത്തുകി, ല്ലെന്റെ
അകം മിനുക്കാത്ത
ഇരുട്ടു പുസ്തകം.’

ഇടംകൈയിൽ കാർട്ടൂൺ
കുസൃതിച്ചാനലും
വലംകൈയിൽ ചൂണ്ടും
കളിത്തോക്കും പിടി-
ച്ചരുമയായ് കൊഞ്ചി-
പ്പറകയാണവൻ,
മറുവാക്കില്ലാതെ
തളർന്നു നില്പൂ ഞാൻ.

‘എനിക്ക് കാണണം
നിറം വഴിഞ്ഞു, പൂ-
വിതൾ വിടർത്തുന്ന
രഹസ്യവും, ഉണ്ണി-
പ്പുഴുവിഴഞ്ഞു, പി-
ന്നുറങ്ങി, കോട്ടുവാ-
യുതിർത്ത വർണങ്ങൾ

ശലഭമാവതും.

വെളുത്ത ചർക്കയിൽ
വിരൽ കറക്കിയാർ
വെളിച്ച നൂൽനൂറ്റ
വിടുന്നുവെന്നതും
നനുത്ത മഞ്ഞിലൂ-
ടുറക്കുപാട്ടിന്റെ
കുളിർകുടഞ്ഞു രാ-
പ്പൂതപ്പിടുന്നതും.
തൊടുന്നതൊക്കെയും
വെടിഞ്ഞരൂപിയായ്
പിടഞ്ഞു പായുന്ന
കിറുക്കൻ കാറ്റിന്റെ
കുസൃതിയും കോപ-
പകർച്ചയും വാർന്ന
മനസ്സെനിക്കൊന്നു
പിടിച്ചു കെട്ടണം.

അറിഞ്ഞതെങ്ങനെ
ഇതെന്റെ അമ്മയെ,
ന്നെനിക്കുവേണ്ടിയോ
മധുരമീരൂപം!
കരൾ തുടിപ്പിലൂ-
ടമൃതം തൂവിയെൻ
കുരുന്നു പ്രാണനെ
വിടർത്തതെങ്ങനെ?

അറിവിനശ്വത്തെ
പിടിച്ചുകെട്ടുവാൻ
തിടുക്കമാർന്നവൻ
ശരങ്ങളെയ്യുമ്പോൾ
പ്രിയംപറഞ്ഞു ചോ-
റുരുട്ടിയൂട്ടുമെൻ
കരം തടഞ്ഞവൻ
മുഖംതിരിക്കുന്നു.

‘വിശന്നു കാളുന്ന

വയറുമാ, യമ്മ
പിരിഞ്ഞ കുഞ്ഞുങ്ങ-
ളഴലുന്നു, നോക്കു
എനിക്കുമാത്രമീ
വിശപ്പറിയാത്ത
രഹസ്യമെന്തെന്ന്
തുറന്നു ചൊല്ലമ്മേ!
ടെലിവിഷൻ സ്ക്രീനിൽ
നിറയും കുഞ്ഞുങ്ങൾ,
കരിഞ്ഞുണങ്ങിയ
വിഷാദ രൂപങ്ങൾ
അവരിലാണ്ടുപോ-
മിളം മനസ്സിൽ നി-
ന്നിനിയൊരു ചോദ്യം,
പിടഞ്ഞുപോയി ഞാൻ'.

'തളർന്നു തേങ്ങുമ്പോൾ
അവർക്കു, മമ്മയ്ക്കും
എനിക്കുമീവിധം
ചുടുന്ന കണ്ണുനീർ
എവിടെനിന്നു വാ-
ർന്നൊഴുകിയെത്തുന്നു?
പലനിറങ്ങളിൽ
തെളിയുന്നില്ലല്ലോ?'

സഹസ്ര വർണങ്ങൾ
വിടർത്തുമക്ഷര-
പ്രപഞ്ചമെന്നുള്ളിൽ
അലയടിക്കുമ്പോൾ
തെളിഞ്ഞതില്ലൊരു
കുറുക്കുവിദ്യയും
പകർന്നു നല്കിടാൻ
കുരുന്നു പാത്രത്തിൽ.

(സ്ത്രീശബ്ദം ഓണപ്പതിപ്പ് 2010)

— 8 —

## ചെറുവിരൽ

ചെറുവിരൽ കൊണ്ടു
പണിതു ഞാനെപ്പൊഴും
ഉരലി, ലരകല്ലി,
ലെരിയുന്ന തീയിലും
ചെറുവിരൽകൊണ്ടു
പണികയാണിപ്പൊഴും
കരവിരുതെന്നു
പറയാതൊരിക്കലും.

പെരുവിരലെത്ര
ദുർബലം, പെരുകുന്ന
ഭയമമർന്നിരു-
ന്നെന്നേ വളഞ്ഞുപോയ്
ഒരു കിരാതനെ-
ച്ചൂണ്ടിയെൻ നേർവിരൽ
കുറ്റിയറ്റു, നടുവിരൽ
വിണ്ടുപോയ്.

മൂകയായ്, മന
സ്സാർക്കോ കടപ്പെട്ടു
ചാരിനില്പൂ മയ-
ക്കത്തിലണിവിരൽ,
ഇനിയൊരേയൊരു
ചെറുവിരൽ ചതുരങ്ങ-
ളാകെ മായ്ച്ചൊരു

ചിത്രം വരയ്ക്കുവാൻ.

(അക്ഷരകൈരളി, ജൂലായ് 2008)

— 9 —

## കണിക്കൊന്ന

മുറ്റത്തു പാവം
കണിക്കൊന്ന നിൽക്കുന്നു
പൂത്ത പൂവെല്ലാം
കൊഴിഞ്ഞതോ? പൂക്കാൻ
മറന്നതോ? മറ്റാർക്കു-
മില്ലതിൽ സങ്കടം.

പൂവിനായ് കണ്ണും
കരളും വിടർത്തുന്ന
കുഞ്ഞുങ്ങൾ നാട്ടു
വെടിഞ്ഞതിൻ വേദന
കണ്ണുനീരായിറ്റു
നിൽക്കുന്നിലത്തുമ്പിൽ,
തേൻ നുകരാൻ കിളി-
യില്ലാത്ത ചില്ലയിൽ.
വേനലീ കൊച്ചു
മരത്തിൻ നെറുകയിൽ
തീക്കോരിയിട്ടുല-
യൂതിപ്പഴുപ്പിച്ചു
പൊന്നിലത്താലികൾ
എത്ര പണിഞ്ഞതാ,
ണിപ്പോഴെന്താണീ-
യമാന്തം ചമയുവാൻ?
പത്രം നിവർത്തി നീ
വായിച്ചുവോ? സ്വർണ-

മിത്രയ്ക്കു പൊള്ളും
വിലയെന്നറിഞ്ഞുവോ?
കണ്ണിൽ തുളച്ചു
കുണുക്കിട്ടും പൊന്നിൻ
പരസ്യങ്ങൾ ടിവിയിൽ
കണ്ടു നാണിച്ചുവോ?
എങ്ങും വിഷുക്കണി-
ക്കാഴ്ചയ്ക്കു വാടാത്ത
മഞ്ഞ 'ക്കണിക്കൊന്ന'
പൂക്കാതെ പൂക്കുമ്പോൾ
എന്തിനെൻ 'പൂക്കോല'-
മെന്നു വിഷാദിച്ചു
പച്ചപ്പുതപ്പിൽ മുഖം
മൂടി നിൽക്കയോ?

അഞ്ചു വയസ്സിന്റെ
കൊഞ്ചലോടമ്മിണി
കാതിലിളംചുണ്ടു
ചേർത്തു ചോദിക്കുന്നു:
'ഇക്കുറിയെന്താണ്
കൈനീട്ടം? അമ്മൂമ്മ
കൊച്ചൊരു വജ്രം
തരേണമെന്നെൻ കൊതി.'

(ജൂലായ് 2008)

— 10 —

# കുണകൾ

ഇത്രമേൽ പറക്കുവാൻ
ചിറകിന്നുള്ളിൽ മോഹം
എന്തിനെന്നറിയാതെ
ഞാൻ നടന്നിതുവരെ

വെറുതെ, വെറുതെയൊ-
ന്നാഞ്ഞു, ഹാ! വിഹായസ്സിൻ
സ്വച്ഛനീലിമയിൽ ഞാൻ
കുതിച്ചു ശരം പോലെ.

തിരഞ്ഞു, പരൽ ഹിമ-
ശൈത്യമായ്, സ്വനാദിയിൽ
തടഞ്ഞു ഗതകാല-
ശബ്ദപേടകങ്ങളിൽ.

വാരി ഞാനുരച്ചെന്റെ
നേരിലായോരോ വാക്കും
പൊൻ നിറം പോയീ, ചോര-
ക്കാപ്പുകളണിഞ്ഞവ.
ജപിച്ചു മന്ത്രോഷ്മളം,
തപിച്ചു ചെന്തീയായി,
പതിച്ചു താരാഗണ-
ഗംഗയിൽ പരൽ മീനായ്.
വഴിനീളെയെൻ കിത-
പ്പേറിട്ടും തോറും[1] വയൽ-

[1] ചരിത്ര സ്രോതസ്സുകൾ.

ക്കാറ്റിലേക്കതു സ്ഫുടം
ചെയ്യുവാൻ കഴിയാതെ
ഇരുളിൽ വെളിച്ചത്തി-
നാദിദംശനത്തിന്റെ
പ്രപഞ്ചത്തുടിപ്പോർത്തു[2]
ധ്യാന നിർഭരം നിന്നു...

കരിമേഘങ്ങൾ മുടി-
പ്പിന്നുകളൂരി മിന്നൽ-
പ്പിണരായെറിയുന്ന
വജ്രവേഗങ്ങൾ കണ്ടു

സർപ്പസത്രത്തിനോർമ-
യുണർന്നു കുതിർ മണ്ണിൻ
മെത്തയിലുരുളുന്ന
നാഗശാപങ്ങൾ കേട്ടു
ഭൂമിതന്നകമാകെ
പൂത്തു വാസനിക്കുമ്പോൾ
കേസരങ്ങളായ് മിന്നാ-
മിന്നുകളുലഞ്ഞതും
കണ്ടു ഞാൻ
എരിയും[3] സ്ത്രൈണാരുണ-
ജ്വാലയിൽ കാലം വാരി
മൂടിയ ചാരം നീങ്ങി
കൂണുകൾ പിറന്നതും.

എത്ര കൂണുകൾ, ചെറു-
മുത്തുകൾ, ആകാശങ്ങൾ
എത്രമേൽ തീക്ഷ്ണാദ്ഭുത-
വർണങ്ങൾ, മൃദുത്വങ്ങൾ,
കവിളിൽ കോപം, താപം
ശീത, മുദ്വേഗം, വിഷം
കുനിഞ്ഞും നിവർന്നുമു-
ണ്ടസംഖ്യം നിന്നീടുന്നു!

അവക്കു മീതെയേതു

---

2 മഹാ വിസ്ഫോടനം (Big Bang).

3 ഇടിവെട്ടുമ്പോഴാണ് കൂണുകൾ മുളയ്ക്കുന്നതെന്നു സങ്കല്പം.

പക്ഷിയായ്  പറന്നു ഞാൻ?
രാത്രി തന്നവസാന-
യാമമായ്, അറിഞ്ഞീല,
എന്തൊരു വേവെൻ നെഞ്ചു
വാട്ടുന്നൂ കിളിയുടെ,
കാറ്റിന്റെ, പുൽനാമ്പിന്റെ
കിന്നരമൊടിയുന്നു

വെറുതെ രാവിന്നിടി-
വെട്ടുകൾ, വെളിച്ചങ്ങൾ
പുഴയോളത്തിൽ കൊച്ചു
മൺചെരാതുകൾ മാത്രം
ഒറ്റക്കു സ്വന്തം കുട-
ക്കാഴ്ചയായ്  നിവർന്നൊരെൻ
കൂണുകൾ വഴിനീളെ
പിഴുതേ കിടക്കുന്നു!

പതിയെ, പിന്നെപ്പിന്നെ
യറിഞ്ഞു മൺകൂണുകൾ-
ക്കൊന്നിനും വേരില്ലൊറ്റ
വാക്കില്ല, കുടയില്ല.
കുടയായ്  ചുമക്കുന്ന
ജീവിതം വേർപൊട്ടുന്ന
വേദനയറിയാത്ത
വേഗമാണിവർക്കെന്നും.

(മാധ്യമം 2001)

— 11 —

# വീട്ടിലേയ്ക്കില്ല!

വീട്ടിലേയ്ക്കിനി
ഞാനില്ല, ഞാനില്ല,
കാട്ടിലൊറ്റ-
യ്ക്കലഞ്ഞു നടന്നവൾ,
കന്മതിൽ ചാടി
ന്നൂറായ് നുറുങ്ങിയോൾ,
വീട്ടിലേയ്ക്കിനി
ഞാനില്ല, ഞാനില്ല!
വേണ്ട, കയ്യേറ്റു
വാങ്ങേണ്ട, പാഴായ
ജന്മമെന്റേ-
തറിഞ്ഞു പിൻവാങ്ങുന്നു.
കല്ലെറിയാൻ
കുനിഞ്ഞുയർന്നീടുന്ന
നാട്ടിലേയ്ക്കില്ല,
വീട്ടിലേയ്ക്കില്ല ഞാൻ!
എത്ര പെട്ടെ-
ന്നരുകിയൊലിച്ചുപോയ്
രാപ്പനിക്കുളി-
രായെൻ പ്രണയരാ,
വത്ര തീക്ഷ്ണമായ്
എന്നെ മുറുക്കിയ
സാന്ദ്ര സംഗീത-
ഭേരികൾ നിശ്ചലം!

പിൻതിരിഞ്ഞു
നടക്കാൻ തുനിയുമ്പോൾ
വീടെനിക്കെന്തു
പേടിയാ,ണേവരും
വീട്ടിലേയ്ക്കു മടങ്ങും
പുനർജന്മ ഘോഷമാണെൻ
ചുഴലവുമെങ്കിലും.
അമ്മ കൈവിട്ട
ശൈശവം, താങ്ങുവാൻ
ആരുമില്ലാ വിലാപമായ്
വാർധക്യം,
ആത്മപാപങ്ങൾ
മാറാപ്പിലേന്തി
ഇരുൾക്കയങ്ങളിൽ
നീന്തും വിരക്തിയും
വീടുവീണ്ടും
വിളിക്കുമ്പൊഴാനന്ദ-
മൂർച്ഛയിൽ വഴി
തപ്പിത്തടയുന്നു!
കണ്ണുകെട്ടി-
ച്ചിറകരിഞ്ഞേതേതു
രാസലീല-
യ്ക്കൊരുക്കിനിർത്തുമ്പൊഴും
വീടറിയാമെനിക്ക്,
മറക്കാത്ത ഭൂപടം,
നെഞ്ചിലാഴ്ന്നു
പടരുന്ന
കൈവഴികൾ,
മുടുക്കുകൾ,
സ്വപ്നങ്ങൾ
രക്തസമ്മർദ്ദമേറ്റിയ
പൂന്തണൽ!
വീടറിയാമെനിക്കു
വിരുന്നിന്
വേഷമിട്ടവർ
വന്നു ചവച്ചിട്ട

പ്രാണനെന്നെ-
പ്പരിഹസിക്കുമ്പൊഴും,
എന്നുറക്കുപാ-
ട്ടെന്നെ വിളിക്കുന്ന-
തെന്തൊരീർഷ്യയോ-
ടെന്നറിയുമ്പൊഴും.
ഏഴു രാവ-
ല്ലെഴുന്നൂറു ജന്മങ്ങൾ
നൂണുപോകും നിഴലിൽ
കൊടുംപാപ-
ഭാരമാഴ്ത്തുവിൻ,
മുങ്ങിനിവരുവിൻ.
വീട്ടിലേയ്ക്കിനി
ഞാനില്ല, ഞാനില്ല
പിൻവിളിയിൽ
പതറുവാൻ ഞാനില്ല

(കലാകൗമുദി, ജനവരി 21,2007)

— 12 —

# അമ്മു

ഒരിക്കൽ മാത്രം കണ്ടമുഖമാ,ണരച്ചാലും
കിളച്ചുമറിച്ചാലും വേറിടി,ല്ലഴകാർന്ന
ചിരിയാൽ മാറത്തൊട്ടിക്കിടപ്പാ,ണൊരിക്കലും
മറക്കാൻ വിടാതെന്റെ മനസ്സിൽ തുളുമ്പുന്നു!

പരുക്കൻ പുൽപായയിൽ കാൽകുടഞ്ഞോളക്കത്തി-
ലൊറ്റക്കു കാലം തെറ്റി വിരിഞ്ഞ നീലപ്പൂവായ്
ഓമനക്കിളിച്ചുണ്ടു മലർക്കെത്തുറന്നേഴു
ലോകവും മുന്നിൽ കാട്ടിച്ചിരിച്ചേ കിടപ്പവൾ.

തഴച്ച ചുരുൾ മുടിയെത്ര സുന്ദരം! നീല
ക്കൺമിഴി രണ്ടും നിലാവൊഴുകും സലിലങ്ങൾ!
തിളങ്ങുന്നിളം കറുപ്പോമനച്ചന്തം വാർന്ന
കവിളിൽ, നുണക്കുഴി വഴിയും ചിരിയോരം.

കുതിക്കാൻ, ആകാശത്തെ പിടിക്കാൻ, ജനൽ വഴി
എത്തി നോക്കിടും സൂര്യശോഭയെ കളിയാക്കി-
ക്കളിക്കാൻ, ഒറ്റക്കാലിൽ തൊങ്ങിടുമിളം കാറ്റിൻ
ചിറകിൽ തുങ്ങി വിശ്വദർശനം നടത്തുവാൻ,

ഉതിരും മാമ്പൂവൊക്കെ ഉയിരാലുണർത്തുവാൻ
ഉൺമതന്നുയരത്തിൽ ഊഞ്ഞാലുകൊരുക്കുവാൻ
കൈകുടഞ്ഞുണരുന്ന ശൈശവനവോന്മേഷം
കണ്ണെടുക്കാതെ കണ്ടു കണ്ണുകൾ നിറഞ്ഞുപോയ്!

'അമ്മു'വാണവൾ, ശിശുക്ഷേമ കേന്ദ്രത്തിൽ ചെന്നാൽ
ആർക്കുമോമനിക്കുവാൻ കൊതിവായ്പിക്കും മകൾ

അമ്മ തൻ മുലപ്പാലിനോർമ്മയില്ലാത്തോൾ, തെരു
നായ്ക്കൾ തൻ കടിയേറ്റ മുറുകുള്ളവൾ തോളിൽ.

അവളെക്കുറിച്ചിത്ര പാടുവാനെന്ത്?-അല്ല,
പാടിയാലെന്ത്? മനം കോച്ചുന്ന തണുപ്പിലീ-
യിത്തിരിത്തീമോഹങ്ങളുത്തരീയത്തിൽ പൊതി-
ഞ്ഞെന്തിനു പൊള്ളിക്കുന്നു?- ആരറിഞ്ഞതിൻ പൊരുൾ.

(സ്ത്രീശബ്ദം 2001)

— 13 —

## കാക്കകൾ

രണ്ടു കാക്കകൾ-കുഞ്ഞും
തള്ളയും? - പേരാൽക്കൊമ്പിൽ
പോരടിക്കുന്നു, ചുറ്റു-
മാരവം, കാക്കക്കൂട്ടം.
കൊത്തിയാട്ടിടും കുയിൽ
ക്കുഞ്ഞിനെച്ചേർത്തോതുന്നു
താതമാനസൻ കാകൻ
കനിവൂറിടും വാക്കിൽ:
“കൂട്ടിരിക്കട്ടേ, നമു-
ക്കില്ല താലോലിക്കുവാൻ
മറ്റൊരു പൂമൊ,ട്ടിതിൻ
ഞെട്ടു നീ ഞെരിക്കല്ലേ!
മുരടിച്ചൊരീ വൃക്ഷ-
ശാഖിയിൽ വസന്തത്തിൻ
കാകളിയിളം ചുണ്ടിൻ
തീർത്ഥമായ് നുകർന്നിടാം”
കനലാളിടും വട്ട-
ക്കണ്ണുകൾ ചുവന്നമ്മ
നിവർത്തീനഖം, കരി-
മേഘമായ് പുകഞ്ഞപ്പോൾ:
“തൻ കുഞ്ഞ് പൊൻകുഞ്ഞതിൽ
പതിരില്ലറിയുക
താതദൃഷ്ടിയിൽ ദൃഷ്ട-
ലാക്കുള്ള നാട്യക്കാരാ!”

താഴെയോ, മരച്ചോട്ടി-
ലുരുകും പാറയ്ക്കുള്ളിൽ
ഉറങ്ങാനാകാത്തമ്മ-[1]
മനസ്സിൽ തിടുക്കങ്ങൾ,
ചെറുകാറ്റനങ്ങിയാൽ
പൂഞ്ചില്ല കിണുങ്ങിയാൽ
മൃദുകൈശോര സ്പർശം
കാതോർത്തു പിടയ്ക്കുന്നു.
കൊതിയുണ്ടുയരുവാൻ
ഹൃദയം ചുണകെട്ടു
തിരിഞ്ഞു മറിഞ്ഞുള്ളിൽ
കുഴഞ്ഞു കിടക്കിലും,
അന്നമുണ്ണുവാൻ ചോരി-
വായ്തുറപ്പതുകണ്ടു
മുലയൂട്ടുവാൻ ശിലാ
മനവും തുടിക്കുന്നു!
കാക്കകൾ കയർക്കുന്നി-
തിപ്പൊഴും കുലം മറ-
ന്നറിയാതിറ്റിപ്പോയ
സ്നേഹമോർത്തുൽക്കണ്ഠയിൽ
കാക്കകൾ പെരുകുന്ന
കാലമാ, ണാകാശത്തു
വെളിച്ചം തീരെക്കെട്ടു
താരകൾ ഞെട്ടറ്റുപോയ്
വിശ്വമാതൃത്വം വെറും
സ്വപ്നമാ, ണതിൻ നിഴൽ
പറ്റിനില്ക്കുവാനേതു
പെൺമനസ്സിനു നേരം!

(പി.എസ്.സി. എംപ്ലോയീസ് യൂണിയൻ റിപ്പബ്ലിക് പതിപ്പ് 2004)

---

1 അഹല്യയുടെ ശിലാരൂപം.

— 14 —

# ഉണങ്ങാതെ

കരിഞ്ഞുണങ്ങുക
അത്ര എളുപ്പമല്ല!
താടി നീട്ടിയ
വടവൃക്ഷങ്ങൾ പോലും
ഇപ്പോൾ യോഗനിദ്രയിലാണ്.
വിടപറയാൻ വാക്കില്ലാത്ത
വൃദ്ധരായ മൂങ്ങകൾ
മെരുങ്ങാത്ത
ഉറക്കത്തെ
ധ്യാനിച്ചിരിപ്പാണ്.
പാതിരയ്ക്ക് ശേഷമുള്ള
തണുത്ത കാറ്റ്
വീണ്ടും പറയുന്നു-
കരിഞ്ഞുണങ്ങുക
അത്ര എളുപ്പമല്ല!

ഹൃദയത്തിന്റെ അഗ്നികോണിൽ
ഒരു തീപ്പൊരിയെങ്കിലും
അണയാതെ
പൊരിഞ്ഞുകിടക്കുമ്പോൾ
എരിഞ്ഞടങ്ങുക
അത്ര എളുപ്പമല്ല!

ഒരു ചെറുകാറ്റിന്
നൂണിറങ്ങാൻ

എത്ര ചെറുതെങ്കിലും
ഒരു തുളയങ്ങനെ
വെണ്ണീർച്ചുണ്ടുകൾ
അനക്കിക്കൊണ്ടിരിക്കും
മൃദുവായതെന്തും
പൊടിഞ്ഞുയർന്നു
വെളുപ്പായി
പാറിയകന്നുകൊണ്ടിരിക്കും.
വർണങ്ങളും വെളിച്ചവും
കണ്ണിലേക്ക് നിറയൊഴിക്കുമ്പോൾ
ആദ്യാക്ഷരങ്ങൾക്കായി
പരതിക്കൊണ്ടിരിക്കും.

ഇടനെഞ്ചിൽ
ശൂന്യമായൊരു നിലവിളിയും
കയ്‌വിട്ടൊരു കവിതയും
കൂട്ടിയിടിച്ച്
പൊട്ടിത്തെറിക്കുമ്പോൾ
തിരഞ്ഞുപോകാനും
തിരിഞ്ഞുനടക്കാനും
വഴിയറിയാതെ
മൊഴി വറ്റിയ
ഭാഷപോലെ,
ഉൾപ്പച്ചയാകെ
ഉരുകിയൊലിച്ചുള്ള
ഈ നിൽപ്പ്!-
ഉണക്കം
എത്ര ഭേദം!

(മാതൃഭൂമി)

— 15 —

## അക്ഷരം

എവിടെയാണെന്റെ അക്ഷരം?
അരിയ ഹൃദയ മന്ത്രാക്ഷരം
അരിവിരിച്ചാരോട്ടുരുളിയിൽ
നറുനിലാച്ചിരിപ്പൊലിമയിൽ
അണിവിരൽ കൊണ്ടുരുട്ടി ഞാൻ
എഴുതിശീലിച്ചൊരക്ഷരം.
വിരലു തൊട്ടാൽ തുളുമ്പിടും
മട്ടുമലർപ്പൊടിക്കുറികളായ്
തിരികൊളുത്തിത്തിളങ്ങിവ
ന്നുള്ളിലാകെ ജ്വലിച്ചവൾ.
ചെറിയ പൂവൽത്തടങ്ങളിൽ
തേക്കുപാട്ടായ്  നിറഞ്ഞവൾ
ആറ്റുവള്ളത്തിലാർപ്പുമായ്
കാറ്റുപായ്  നീർത്തി പാഞ്ഞവൾ.
എവിടെയാണെന്റെ അക്ഷരം?
അരിയ ഹൃദയ മന്ത്രാക്ഷരം?

അമ്മയെന്നു മൊഴിഞ്ഞാദ്യം
നെഞ്ചിലൊട്ടിയമർന്നവൾ
തൊട്ടിലാട്ടുന്ന താരാട്ടിൽ
താളമിട്ടേ വളർന്നവൾ.
അച്ഛനമൃതാൽത്തഴപ്പിച്ച
സ്വച്ഛമാമരഛായയിൽ
ഇച്ഛപോൽ രസഭാവങ്ങൾ
ക്കിലയിട്ടാനയിച്ചവൾ.

കയ്പുനീർ മുറ്റി നിന്നീടും
കാമമോഹ ദലങ്ങളിൽ
കർമ്മ സൗന്ദര്യ ദർശന-
ത്തേൻ പുരട്ടി മിനുക്കിയോൾ.
നാൾക്കുനാൾ വായ്ച്ച തേൻതുള്ളി
നൊട്ടിനൊട്ടി നുണക്കുമ്പോൾ
അർഥശങ്കക്കിടം നൽകാ-
തെന്നെ വാരിപ്പുണർന്നവൾ.
എവിടെയാണെന്റെ അക്ഷരം?
അരിയ ഹൃദയമന്ത്രാക്ഷരം?

വാക്കു പൊട്ടിയുടഞ്ഞേതോ
പാഴ്ക്കിനാവിലുറഞ്ഞുവോ?
നഗരമോടികളാക്ഷേപ-
ച്ചിരിയോടാട്ടിയകറ്റിയോ?
കിളികൾ കൊഞ്ചിപ്പാലൂറി
കതിരുലാവും പുഞ്ചയിൽ
പതിരുമുറ്റും ദുഃഖത്താൽ
കാടുകേറി മറഞ്ഞുവോ?
എവിടെയാണെന്റെ അക്ഷരം?
അരിയ ഹൃദയമന്ത്രാക്ഷരം?

തോണിയൂന്നിയ താളം പോയ്
പാണനാരുടെ പാട്ടുംപോയ്
കളമെഴുത്തിൻ വിരുതെല്ലാം
പടിയിറങ്ങിയൊഴിഞ്ഞുംപോയ്.
മച്ചകത്തിന്നിരുൾ പേറും
ബന്ധനങ്ങളറുത്തീടാൻ,
കാവുതീണ്ടിയറിഞ്ഞീടാൻ
ചുട്ടെടുക്കണമക്ഷരം.

കുരുതി കണ്ടു കലങ്ങുമ്പോൾ
വരമഴിഞ്ഞു മൊഴിഞ്ഞീടാൻ
ഉതിരമുതിരും വാക്കിന്നാ-
യുഴറി നിൽപൂ ദേവിമാർ
പാടവക്കിലിരുന്നീടും
പാമരന്റെ വിരുന്നുണ്ണാൻ

ചിറകു വെച്ച ശുകം നിന്റെ
വരവുനോക്കിയിരിക്കുന്നു.
പുതിയ പാട്ടിന്നു പദമാകാൻ
ഉലയിലെരി പൊരികൊള്ളുന്നോർ,
മലചവിട്ടി വിളിക്കുന്നോ,-
ർക്കരികിലേക്ക്  തിരിച്ചു വരൂ!
ഇവിടെ നിന്നെയിരുത്തീടാൻ
പണികയില്ലൊരു മന്ദിരവും
നിറക നീ മതിലില്ലാതേ
അറിക ഞങ്ങളെ നേരോളം!

എവിടെയാണെന്റെ അക്ഷരം?
വ്യഥിതഹൃദയ മന്ത്രാക്ഷരം?
ദലിത ഹൃദയമന്ത്രാക്ഷരം?

(ദേശാഭിമാനി വാരാന്ത്യപ്പതിപ്പ്  1997)

— 16 —

# ആൺതരി

പേറ്റുനോവിൻ കരച്ചിൽ തീത്തൈലമായ്
കാതിലിറ്റു വീഴുന്നു, നിമിഷങ്ങൾ
കുന്നുപോലെ കനംവെച്ചു ജീവനെ
ചുട്ടെരിക്കുന്നു രാപാതിമായുമ്പോൾ.
പാവമീയച്ഛൻ! ആകെ പരിഭ്രാന്തൻ
'ആണു തന്നെയോ? പെണ്ണോ പതിവുപോൽ?
ഉത്തരം കാത്തിരുൾത്തിണ്ണയിൽ മുറി-
ബീഡി കത്തിച്ചുറങ്ങാതിരിക്കയാം.
പത്തു സെന്റിൽ പതപ്പിച്ച പച്ചയിൽ
മണ്ഡരി പ്രേതനൃത്തം മുറുകുന്നു
കൊറ്റിനില്ലാത്തപാടം പണിയാതെ
കൊറ്റികൾ ധ്യാനമൂകമിരിക്കുന്നു.
പത്രവൃത്താന്ത കൗതുകം നിത്യവും
നുറുതേച്ചു രസിക്കുന്ന ഭീതികൾ
ജാതകത്തീയിലെണ്ണ പകരുമ്പോൾ.
മൂന്നു പെൺമക്കളായിനിന്നീടുമ്പോൾ,
വൃക്ക വിൽക്കാ, തിളംചുണ്ടിലന്നമായ്
നഞ്ഞുതേച്ചുമ്മ മൂടിയുറക്കാതെ
നാലു കാലിൽ നടത്തും തലവര
മായ്ക്കു മാൺതരിക്കായ് നോറ്റിരിക്കയാം
ഉള്ളുരുളിക്കൊടുത്തു കരുത്തേറ്റി
ഉമ്മറത്തൊരു വീര്യം വളർത്തണം
പത്തു ക്ലാസു പഠിപ്പിച്ചു കംപ്യൂട്ടർ
കൂടിയൊപ്പിച്ചു കേമനാക്കീടണം!

ഉണ്ണിമാങ്ങകൾ കേട്ടുവോ? മാവില-
ച്ചില്ലകൾ തലയാട്ടിയോ? ഗദ്ഗദം
ചേർത്തമർത്തും കരിയിലച്ചുണ്ടുകൾ
കാറ്റു കാൽച്ചോട്ടിലിട്ടു ഞെരിച്ചുവോ?
വാതിൽ പാതി തുറക്കും പ്രസൂതിക
താതനെ കണ്ണുകാട്ടി വിളിക്കുന്നു.
എന്തു വൈകൃതജന്മമീ പൈതലിൻ
പാപഭാരമിറക്കുവതെങ്ങനെ?

അഗ്നിഗോളങ്ങളാണിരു കണ്ണുകൾ
മുഷ്ടിയോടിളം കൈകളനവധി
നെഞ്ചിലെങ്ങും തുളകൾ, മെരുങ്ങാതെ
തുള്ളിനിൽപ്പു വരിയൊത്തു കാലുകൾ!
ചോര വാലുന്നൊരമ്മയെ കാക്കുവാൻ
ചീര പോലിളം കാൽ രണ്ടരിക്കണം
പേറ്റുകത്തിയാലൊന്നു തൊട്ടീടവേ
കുഞ്ഞു കേറികയർത്തതു കേൾക്കുക.
'തൊട്ടുപോകരുതെന്റെ കരങ്ങളും
കാൽകളും നിരന്നെത്രയുണ്ടാകിലും
ബോമ്പുകൾക്കായ്  കരുതിവെച്ചീടണം
എൻ നിയോഗം കുറിച്ചവർചൊന്നിത്.
കൊന്നുകൊന്നു കൊഴുക്കാൻ, കൊലനിണം
കണ്ഠമോളം കുടിച്ചു തിമിർക്കുവാൻ,
പൂമണക്കുന്ന കാവുകൾ തിണ്ടാടി
പച്ചമാംസക്കുരുതികൾ തീർക്കുവാൻ,
ഉള്ളിലോമനപ്പച്ചക്കുതിരയിൽ
നാമ്പു നീട്ടും പ്രണയം കരിക്കുവാൻ
വാറ്റി വാറ്റി കുടിപ്പുക വീര്യങ്ങൾ
വീർത്തു വിണ്ണൊത്ത തെയ്യമായ്ത്തീരണം!
ഞാനൊരാൺതരി, താതൻ കൊതിക്കും
തുണക്കു ചേരാത്ത തഞ്ചം പഠിക്കണം
ഞാനൊരാൺതരി, തായ്നെഞ്ചിലിപ്പൊഴേ
തീയെരിച്ചു പഠിക്കാൻ തുടങ്ങണം!'

(ചന്ദ്രിക 2002)

— 17 —

# സത്യം

ഈ മകൾ
എന്റെ സത്യമാകുന്നു!

പാതി നിദ്രയിൽ പ്രാണൻ പിടഞ്ഞു
ഞെട്ടു വേറിട്ട മാമ്പൂവു പോലെ
കന്നിരാവിലെ പെൺതുടിപ്പായി
കാൽച്ചുവട്ടിൽ ഞെരിഞ്ഞമർന്നീടും

ഈ മകൾ
എന്റെ സത്യമാകുന്നു!

കേട്ടു കേട്ടു തളിർക്കുമിരുട്ടിൻ
പൊയ്ക്കഥകൾ വേരോടിയ കാട്ടിൽ
ഇഷ്ട ദേവതാ മന്ദസ്മിതത്തിൽ
ആത്മ നൊമ്പരംനീറ്റി നീട്ടീടും

ഈ മകൾ
എന്റെ സത്യമാകുന്നു!

ചീർത്തു പൊങ്ങും മടിശ്ശീല ലോകം,
ചുറ്റിലും പതഞ്ഞാർക്കുന്ന ലോഭം,
നീട്ടി നീളേ വിളിക്കുന്ന ലേല-
ച്ചന്തയിൽ വില പേശും പിശാചിൻ
കയ്യിലാടുന്ന പെൺപാവ,നാവും
കാതുമെന്നേ കടം വന്നു പോയോൾ,
ഒന്നുയർന്നു പറക്കാൻ മനസ്സിൽ
മീതെ മാനം വിടരാത്ത പാവം

ഈ മകൾ
എന്റെ സത്യമാകുന്നു!

വീട്ടുമുറ്റത്തു വീഴും നിലാവി-
നില്ല തെല്ലും തെളിച്ചം, പടർന്ന
മുല്ലയിൽ വാർന്ന പൂമൊട്ടു മൂകം
അന്തിമാരുതനില്ലാ സുഗന്ധം,
ചുട്ടുപൊള്ളും വപുസ്സിൽ, വചസ്സിൽ
ആർദ്രമായ് പെയ്തു പെയ്തിറങ്ങുമ്പോൾ
ജീവചൈതന്യമാകെത്തിളച്ചു
ലാവയായ് സ്വയം പൊള്ളിനിൽക്കുമ്പോൾ

ഈ മകൾ
എന്റെ സത്യമാകുന്നു!

വേണുവൂതും കടമ്പിൻചുവട്ടിൽ
കാരമുള്ളിന്റെ കാരാഗൃഹത്തിൽ
നൂറു നൂറായ് നുറുങ്ങിക്കിടക്കും
ഗോപകന്യാ ഹൃദയമായ് തേങ്ങും

ഈ മകൾ
എന്റെ സത്യമാകുന്നു!

തീ പിടിച്ച വിചാരങ്ങൾ വെന്തു
താളമൊക്കെപ്പിഴച്ചുവെന്നാലും
എത്രനാളെന്നറിയാ, തുടഞ്ഞ
മൺതിടമ്പേറ്റിയിന്നും നടക്കും

ഈ മകൾ
എന്റെ സത്യമാകുന്നു!

(സാഹിത്യകേരളം 2005)

— 18 —

## കറുത്തവാവ്

കറുത്ത വാവിന്നാണോ,
നാളെയോ? ചോദിക്കുന്നു
മകളെൻ തമോഭീതി
കാളിടും മുഖം നോക്കി.
അറിയാതിളം നാവു
തൊട്ടു പൊള്ളിയോ? കരി
മൂടിയ മനക്കോട്ട
ചാരമായിടിഞ്ഞുവോ?
വലിവാണെനിക്കിപ്പോൾ
വിലങ്ങും ശ്വാസം, മൃത്യു-
ദാഹമായ് കുറുകുന്നെൻ
കാഴ്ചയും കഫക്കോളും
ചന്ദനക്കാമ്പായ് തേയു-
മമ്പിളി അരഞ്ഞര-
ഞ്ഞൊടുവിൽ അമാവാസി-
പ്പൂതമിങ്ങണയുന്നോ?
ഒറ്റനക്ഷത്രം പോലും
തിരിതാഴ്ത്തിയ ശൂന്യ-
രാവിത്, കരിമ്പന-
കൈവിരിച്ചെഴുതുന്നു
കാട്ടുനീതിയിൽ സൂത്ര-
വാക്യങ്ങൾ, നിവർത്തിയ
ദുഃഖപത്രത്തിൽ കുഞ്ഞിൻ
ശപ്ത ജാതകക്കുറി.

കുഴലൊച്ചയിൽ തുള്ളി-
യാർപ്പിടും കിടാങ്ങൾക്ക്
കുരുതിപ്പാടങ്ങളിൽ
കളിവീടൊരുക്കുവോർ
തെളിഞ്ഞനിലാവിന്റെ
നീലവിൺ പാത്രം തട്ടി
മറിച്ച മദയാന-
പ്പറ്റമായിരമ്പുന്നു.

ഇരന്നു വാങ്ങി, കുടം
പൊലിച്ച നെയ്യൂട്ടി ഞാൻ,
വിരുന്നുകാരൊക്കെയും
പിരിഞ്ഞു, പിന്നിപ്പോയ
നരച്ച താരാട്ടിന്റെ
പുതപ്പു വലിച്ചെറി-
ഞ്ഞെന്മകൾ ചോദിക്കുന്നു:
'കറുത്ത വാവിന്നാണോ?'

അറിവിൻ കനിതിന്നു,
തീറ്റിച്ചു, മഹാവ്യോമ-
മൗനത്തെ മണ്ണിൽ പെരും
തുള്ളിയായ് ഉടച്ചവൾ
പൊട്ടിനില്ക്കുന്നു, കുടം
കമഴ്ന്ന പുഴയിലൂ-
ടോടിമായുന്നു, പിന്നെ
പുഴയും മറയുന്നു...

(ചന്ദ്രിക 2003, സ്വാതന്ത്ര്യദിനപ്പതിപ്പ്)

— 19 —

# കണ്ണുകൾ

തോണിയിന്നെന്റെ മുന്നിലൂടെന്നെവി-
ട്ടോടിനീങ്ങുന്നു, യാത്രാമൊഴികളാൽ
തീരഭൂമി വിതുമ്പുന്നു, വേർപാടി-
നിത്രമേൽ ശോകഭാരമിതെന്തിനായ്?
ആരവങ്ങളാൽ പൂത്തും കടൽത്തിര-
നെഞ്ചിലോളം കലുങ്ങിക്കുതിച്ചുയർ-
ന്നേതു ദ്വീപിൽ കനകം കൊതിച്ചെന്റെ
കൂട്ടർ കണ്ണടച്ചാഞ്ഞു തുഴയുന്നു?
കൺതുറക്കാതിരുട്ടിലൂടെത്രനാൾ
ആഴമെന്തെന്നളക്കാതനന്തമാം
സാഗരം കളിത്തട്ടകമാക്കി
കടഞ്ഞു നാം മൃതസ്വപ്നങ്ങൾ പിന്നെയും.
തൊട്ടുചേർന്നു നടക്കുമ്പൊഴും വ്യഥ
വാർന്നൊഴുകും വഴികളറിഞ്ഞീല
വേർപ്പൊഴുകി വിളഞ്ഞ പാടങ്ങളിൽ
കാറ്റുചൊല്ലും കനൽക്കഥ കേട്ടീല!
ദുഃഖമേതു നിറത്തിൽ ചതുപ്പുകൾ
താണ്ടി മർത്ത്യമനസ്സിൽ തിരിനീട്ടി
കത്തിയാളുന്നതെന്നു തിരിയാതെ
കേളികൾക്കു കാതോർത്തു നടന്നു നാം!
എന്നടഞ്ഞെന്റെ കണ്ണിനു കാഴ്ചകൾ?
ഓർമ്മയിൽ വടിവില്ലാത്ത മേഘമായ്
എന്നു മാഞ്ഞെന്നഴക്കുകൾ? ആർദ്രത
വറ്റിയാന്ധ്യം വരിച്ചെൻ വരേണ്യത?

ഇന്നു ദ്യോവിൽ കലങ്ങുമാകാശവും
പച്ചനാമ്പുകൾ ചീയുന്ന ഭൂമിയും
ചൂണ്ടിടുന്നെൻ വിറയ്ക്കും മിഴികളിൽ-
'കാൺക നീ തീർത്ത യുദ്ധക്കെടുതികൾ!'

(ജീവനും വെളിച്ചവും 2001)

— 20 —

## മകളാര്?

ഇവളെ കുരിശിൽ നി-
ന്നേറ്റുവാങ്ങീടുന്നമ്മ,
മടിയിൽകിടത്തുവാൻ
ആവില്ല, നുറുങ്ങിപ്പോയ്!
ഉറങ്ങിക്കിടക്കുന്ന
മുഖ,മല്ലേതോ തേറ്റ
അമർന്നുകലങ്ങിയ
ഭയമാണംഗങ്ങളിൽ.
പിടഞ്ഞുപിടിവിട്ട
പ്രാണനും പ്രണയവും
വ്യർഥമാം വിഭ്രാന്തികൾ
എന്നറിഞ്ഞുവോ മകൾ?

നുരയ്ക്കും കടലേഴും
ചിരിച്ചു തിമിർത്തൊരാ
ചുണ്ടുകൾ കൗമാരത്തിൻ
വരണ്ട ചളിക്കുണ്ടായ്,
തിളങ്ങുമാകാശങ്ങൾ
താണിറങ്ങിടും ശുഭ്ര-
നയനം മരണത്തിൻ
തണുത്ത കുപ്പിച്ചില്ലായ്...
* * *

ഇവളോടൊപ്പം തോളിൽ
കൈയിട്ടു നടന്നു ഞാൻ

നാട്ടുപാതയിൽ, കാട്ടു-
പൊന്തയിൽ ചെറുപ്പത്തിൽ.
കുടിച്ചു കൂത്താടുന്ന
കുന്നുകൾ, മഞ്ഞത്തുമ്പി
മത്സരിച്ചോളം വെട്ടും
നട്ടുച്ച വെയിൽപ്പാടം,
മാമ്പഴം പിഴിയുന്ന
സന്ധ്യകൾ, മഴക്കുത്തി-
ലിരുട്ടിൽ പേടിക്കാതെ
നടന്നോരല്ലോ ഞങ്ങൾ.

വിറയ്ക്കുമനുരാഗ-
മെന്നൊരദ്ഭുതം വാടാ-
മലരായ് അകക്കാമ്പി-
ലൊളിച്ചു വെച്ചോർ ഞങ്ങൾ,
കന്യമാർ കടക്കണ്ണിൽ
ചിറകേറ്റുമാ നീല-
വണ്ടുകൾക്കൊപ്പം
കഥയറിയാതലഞ്ഞിവർ.
പിറകിൽ പതുങ്ങുന്ന
വ്യാഘ്രങ്ങളില്ലാ, നിറ-
നിദ്രയിൽ, ദിവാ സ്വപ്ന-
ച്ചെരുവിൽ ചതിയില്ല,
മഞ്ഞണി നിലാവിന്റെ
ഗന്ധർവസ്പർശങ്ങളെ
അപ്സരോത്സുകം ദിവ്യ-
പ്രേമമായ് നുകർന്നിവർ.

കാലമങ്ങനെ പോയി
കുടെയാക്കിനാക്കളും
പ്രേമമെങ്ങനെയെന്ന
ചോദ്യവും മറന്നുപോയ്.
***

ഇവളെ മടിത്തട്ടി-
ലിരുത്തിക്കൊഞ്ചിക്കുവാൻ
പുണർന്നു നെഞ്ചിൽച്ചേർത്തു

കിടത്തിക്കഥ ചൊല്ലാൻ,
ഓർമയിലിളം വിര-
ലോടിച്ച പിന്നിപ്പോയ
പ്രേമസംഗീതം തുന്നി-
ച്ചേർക്കുവാൻ കൊതിക്കുമ്പോൾ
മകളെ കുരിശിൽ നി-
ന്നേറ്റുവാങ്ങുവാൻ നിങ്ങ-
ളമ്മയെ വിളിക്കുന്നു,
ദൈവപുത്രിയോ ഇവൾ?

കന്യകാ മാതാവിന്റെ
മുഖമില്ലെനിക്കിപ്പോൾ
കണ്ണനെ പാൽവെണ്ണക-
ളൂട്ടുന്ന താരാട്ടില്ല,
മൊഴിയാൻ വാക്കില്ലാതെ
മുട്ടിനില്പവൾക്കേതു
വഴിയീ കുരുന്നില-
പ്രാണനെ തളിർപ്പിക്കാൻ?

പറയാനിനിയൊന്നും
ബാക്കിയി,ല്ലിവൾക്കമ്മ
ഞാ,നെനിക്കിവളമ്മ
ഇടയിൽ മകളാര്?
കടുകിനിരന്നോരോ
വീട്ടിലും മൃതിസത്യ-
മറിയാനുഴന്നു നാം
പോകേണ്ട,യിതേ സത്യം!

(ആകാശവാണി)

— 21 —

# വാക്ക്

വാക്കെനിക്ക് വീണയല്ല,
വിരുതല്ല, വിയർപ്പല്ല,
വാക്കെനിക്കു പാറപൊട്ടി-
ത്തള്ളിവരും തണുപ്പല്ല!

വാക്കിതെന്റെ ചിറകിനുള്ളിൽ
നിറയുന്ന കാറ്റുപോലെ
വാക്കിതെന്റെ വിറകിനുള്ളിൽ
എരിയുന്ന കനലുപോലെ!

വാക്കെനിക്ക് തന്നതാര്?
വായിലൂടെ, വരയിലൂടെ
വാക്കുതിർന്നു വീണതേതു
വരിയിലൂടെ, നേരിലൂടെ?

കൂടെയല്ല, കൂടിയുള്ളിൽ
പിരിയാതെ കഴിഞ്ഞവൾ,
ചമയങ്ങളാരുടേതെ-
ന്നറിയാതെ അണിഞ്ഞവൾ,
തുറക്കാത്ത വാതിലൊന്നായ്
തലതല്ലിത്തകർത്തവൾ,
ഇളകാത്ത വിരൽച്ചുറ്റി-
പ്പിടിച്ചെന്നെ മുറുക്കിയോൾ,
തണുത്തകാ,റ്റിരുൾവാരി-
ക്കുതിർത്തൊരെൻ ഗളനാളം
ഉമിത്തീയിലുലയിട്ടു

പഴുപ്പിച്ച പണിഞ്ഞവൾ
പിണങ്ങുന്നു, മാർ പിളർന്ന
വ്യഞ്ജനങ്ങൾ വകഞ്ഞിട്ടു
പതം വന്ന പഴംവാക്ക്
കൊത്തിടുമെൻ കിളിയോട്.

അന്തിനേരമായിടുമ്പോൾ
പിൻതിരിഞ്ഞു പോയിടുമ്പോൾ
വാക്കിലെന്റെ പ്രാണനിട്ടു
'ഞാൻ' പറിഞ്ഞു പോകയാണോ?

(കലാകൗമുദി)

— 22 —

# കുടമാറ്റം

ഇപ്പൊഴുമിരിപ്പുണ്ടെൻ
മനസ്സിൽ, തഴുതിട്ട
മുറിയിൽ, മടക്കാതെൻ
കിറുക്കൻകുട്ടിക്കുട,
നടക്കും വഴിനീളെ
വസന്തം വിരിയിച്ച
ചെറുപ്പം ചാഞ്ചാടിയ
വിരുതൻചിരിക്കുട.
മങ്ങിയിട്ടില്ലാ വർണ-
നൂലുകൾ, മനം നൂറ്റ
സ്വപ്നപഞ്ജരക്കിളി
നെയ്തൊരു ശബളിമ,
നൂറുനൂറായുസ്സിന്റെ
വേഗമാണതിന്നശ്വ-
ഹൃദയം[1] ത്രസിക്കയാ-
ണക്ഷ(ര) മുകുരത്തിൽ!
കുന്നിറക്കത്തിൽ കളി-
പ്പന്തുപോലുരുണ്ടിട്ടും
കാറ്റിരമ്പത്തിൽ പൂയ-
ക്കാവടിയുയർത്തിട്ടും
പൂമ്പൊടിച്ചാന്തിൽ പുള്ളി

[1] മനോവേഗത്തിൽ കുതിരയെ നയിക്കാനുള്ള മന്ത്രമാണ് 'അശ്വഹൃദയം'. നളൻ ഋതുപർണന് ഈ മന്ത്രം നൽകി, പകരം ചൂതുകളിയുടെ നിഗൂഢ രഹസ്യമറിയാനായി 'അക്ഷഹൃദയ' മന്ത്രം സ്വീകരിക്കയും അതുപയോഗിച്ച് കലിയെ ഓടിക്കുകയും ചെയ്തു.

കുത്തിടും തുമ്പിക്കൊപ്പം
കാടകങ്ങളിൽ കാട്ടു
കാട്ടുവാൻ കുതിച്ചിട്ടും.
പിറകെപ്പാഞ്ഞെൻ ബാല്യം
സ്വർണപാദുകങ്ങളിൽ
കിന്നരിത്തലപ്പാവും
മുത്തുമാലയുമാട്ടി,
ഉരുളും ഭൂമിക്കൊരു
മൃദുചുംബനം വീശി,
കുടയിൽ തൂങ്ങിക്കാണാ-
ക്കാവുകൾ വലംവയ്ക്കും...
ഇന്നെനിക്കാരോ തന്ന
മറ്റൊരു കുട, നന-
ഞ്ഞൊട്ടിയെൻ നിഴൽവീഴ്ത്തി
കൂടെയുണ്ടടിതോറും
ഉച്ചിയിൽവീഴും മഴ-
പ്പങ്കിനും വെയിലിനും
പഴുതു, ണ്ടെന്നാൽ നിലാ-
വിറ്റിയാലറിയില്ല.
ചുരുട്ടിമടക്കിയും
നീർത്തിയും തുരുമ്പിച്ച
കമ്പി, കാലൊടിഞ്ഞൊരു
കുതിര, പിടിയൂരി,
കറുത്ത നരച്ചെന്റെ
ഞരമ്പിൻ ഞരക്കമായ്
രാപകലിളവെന്യേ
ചൂടിനിൽക്കുകയല്ലോ.
പൂക്കുറ്റി, അമിട്ടുകൾ
കത്തിവീണിട്ടും പൂര-
ക്കാഴ്ചകൾമറയ്ക്കുന്ന
തിമിരക്കുടക്കുള്ളിൽ
പാതിവന്നൊടുങ്ങുന്നു
ചിരികൾ, പദംവരും
മുൻപു വീണടയുന്നു
ശീലുകൾ, മടുത്തുപോയ്!
കതകിൽമുട്ടി, ച്ചാട്ടു-

വാക്കുകൾ പറഞ്ഞെന്നെ
വിളിപ്പൂ കളിക്കുട
കുടമാറ്റത്തിനായി,
ചൂട്ടുവാൻ തികയാത്ത
വട്ടമാണെന്നാലെന്തേ
ആയിരം കാന്താരികൾ
പൂത്തതാമാനത്തല്ലോ!

(മാതൃഭൂമി 2002)

— 23 —

## വിഷുക്കണി

പതിവുതെറ്റിയ
വേനൽ, വെയിൽനീറ്റി
കുറുകിവറ്റിയ
രാവിൻ വിയർപ്പുമായ്
അരികിലൂടെ
ക്കിതച്ചു നടക്കുന്ന
വൃദ്ധയാമൊരു
കാറ്റിന്റെ ഗദ്ഗദം.
കണിയൊരുക്കുവാൻ
അമ്മയി, ല്ലമ്മൂമ്മപോൽ
അന്നമൂട്ടുവാൻ
ആരുമില്ലെങ്കിലും
വിഷുവരുന്നതിൻ
കാലൊച്ച കേൾക്കവേ
ഒരു തിടുക്കമെൻ
ഉള്ളിൽ നിറയുന്നു...
കന്നിമണികൾക്കു
നടുവിലൂടൊരുവരി
ക്കവിതയോടുന്നു
കണ്ണാടിനോക്കുവാൻ
പുഴയി, ലാമ്പൽ
കുളത്തിൽ, വയൽക്കരെ
ഇമയനങ്ങാതെ
നില്ക്കുന്നു നിഴലുപോൽ.

കുരലു ചെമ്പിച്ച
തൈത്തെങ്ങിനരികിലെ
ചെളിയുണങ്ങിയ
കൈത്തോട്ടിനൊക്കിലെ
ഇലമറന്നു പൂ
ച്ചൂടും കണിക്കൊന്ന
മൃതിയടഞ്ഞതോ
പ്രാണൻ വെടിഞ്ഞതോ?
പച്ച മണ്ണിൻ
മണം പിടിച്ചാടുന്ന
കൊച്ചുപുൽനാമ്പി
ലൊന്നുവീണുരുളുവാൻ,
പുതുകവിതയ്ക്കു
ചേരാത്ത വാസന
പ്പുകയുമേറ്റല്പ-
നേരമിരിക്കുവാൻ,
ഒരു ക്ഷണം, നറു-
കിളിമിഴിസ്വനം,
എവിടെയുമി-
ല്ലുറക്കമാണേവരും.
കുറുകിടാത്ത
പിറാവുകൾ,കടലാസു-
ചിറകുമായ് പൊള്ളി
നില്ക്കുന്ന വേനലിൽ
വിഷുവരുന്നു, പോ-
വുന്നു, ഞാനിറയത്തു
നില്ക്കയാണർദ്ധ
സുപ്തിയിലിപ്പൊഴും!
അരികിലമ്മ
യൊരോർമയായെത്തുന്നു,
കണിയൊരുക്കുന്നു,
കൺതുറക്കാത്തൊരെൻ
കവിളിലുണ്ടാ
കുളിരുന്ന കൈത്തലം
കരളിലേക്ക് നീ-
ണ്ടെത്തുന്ന നെയ്ത്തിരി.

"ഇനിയുമെന്തേ-
യുണരാത്തു ദുസ്വപ്ന
ഭീതിയിൽനിന്നു?"
ചോദിക്കയാണമ്മ,
"കണിയൊരുക്കുവാൻ
ഉണ്ണികൾക്കായൊരു
ദിനമൊരുക്കുവാൻ,
അവരെയുണർത്തുവാൻ?"

(മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2004)

— 24 —

# നിഷേധവോട്ട്

വായിക്കുമ്പോൾ
ഈയിടെയായി
വലതുകണ്ണുമാത്രം
പത്രത്തിൽ പരതുന്നു.
ഇടതുകണ്ണ്
ടിവിയിൽ തറച്ചിരിക്കുന്നു.
ഉൾക്കണ്ണുമാത്രം
എവിടെ നോക്കണമെന്നറിയാതെ,
വാമനന്റെ തൃപ്പാദംപോലെ
മൂന്നാം ചുവടിൽ
വിറച്ചുനില്ക്കുന്നു.
രക്തസഞ്ചാരമില്ലാത്ത
രാത്രിയുടെ മാറിൽ
പറ്റിക്കിടക്കുന്ന
ഒറ്റനക്ഷത്രംപോലെ
സത്യരോഗവിദഗ്ധനെക്കാത്ത്
അത് പകച്ചുനോക്കുന്നു.

കല്ലുതിന്നുന്ന കുട്ടികൾ
കല്ലുവെച്ച നുണകൾകൊണ്ട്
കൊത്തംകല്ലാടുമ്പോൾ
അക്ഷരങ്ങൾക്ക് വയസ്സായെന്ന്
ടിവി പൊട്ടിച്ചിരിക്കുന്നു;
ടിവിക്ക് വട്ടുപിടിച്ചെന്ന്
അക്ഷരം മുറുമുറുക്കുന്നു!

ഇടയിലുള്ള മുടുക്കിലൂടെ
ക്ലിനിക്കിലേക്കോടുന്ന മൂന്നാംകണ്ണ്
ഇന്റർനെറ്റിന്റെ മടിയിലേക്ക്
തലകറങ്ങി വീഴുന്നു.
ആർത്തിരമ്പിവരുന്ന ആൾക്കൂട്ടം
നിഷേധവോട്ടിന്റെ
പൊരുളറിയാതെ
കൊലയാളിയുടെ നെഞ്ചിൽ
അച്ചുകുത്തി
കടലിരമ്പത്തിൽ ലയിക്കുന്നു!

— 25 —

## ഇറോം...

രാപ്പാടിയുടെ
ഗീതങ്ങൾക്കിപ്പോൾ
ഒരൊഴുക്കുമില്ല,
മിനുപ്പുമില്ല.
പക്ഷേ,
'ഇറോം' എന്നത്
ഒരു ഘർഷണരാഗമല്ല!

സമസ്തവും ഉറങ്ങുമ്പോൾ
പാടിത്തീർക്കുന്നത്
ജീവനരാഗമാണ്,
പ്രകമ്പനതാളമാണ്.

മഴയും മഞ്ഞും
വെയിലുമേറ്റ്
മരിക്കാതെ,
മരവിക്കാതെ,
ഉണർന്നു കിടക്കുന്നവരുടെ
ഉള്ളം നമ്മെ കോരിയെടുത്ത്
നെഞ്ചിൻ നെരിപ്പോടിലിട്ട്
അവിരാമം പാടുന്നത്
ആരുമറിയുന്നില്ല.

ചെറിയശലഭങ്ങൾക്കും
വലിയ മേഘങ്ങൾക്കുമിടയിൽ
മഞ്ഞു വീണുകൊണ്ടിരിക്കേ

കാതുകൾ അടഞ്ഞു പോകുന്നുവോ?

ചോര വാർന്നിറങ്ങി
കരിഞ്ഞുണങ്ങിയ
പുൽമേട്ടുകളിൽ
നിലവിളികൾക്ക്
പ്രതിധ്വനികളില്ലേ?
ഇപ്പോൾ,
ഇമ്പം നഷ്ടപ്പെട്ട
ഗാനങ്ങളിൽ പോലും
'ഇറോം' എന്ന പദം
നാം കവച്ചു കടക്കുന്നു!

(2013)

— 26 —

## ചിലന്തിയുടെ കൂടാരം

ചെന്നായ്ക്കളുടെ നഗരത്തിൽ
ചിലന്തിയുടെ കൂടാരത്തിൽ
ഒളിച്ചിരുന്നവളും
രക്ഷപ്പെട്ടില്ല.

വലയിൽ കിടന്ന്  പിടക്കുന്ന
പ്രാണന്റെ മുഖത്തു നോക്കാതെ
ധ്യാനമഗ്നനായ ചിലന്തി പറഞ്ഞു-
ഇവളെന്റെ ഇരയല്ല,
ആരുടേതെന്ന്
ഞാനറിയേണ്ടതുമില്ല!

വാക്കുകൾ മറന്നുപോയ
പെൺകുട്ടിയും
അഭയത്തിന്റെ അർത്ഥമറിയാത്ത
ചിലന്തിയും
പരിണാമവഴികളിൽ
ഒരു നെല്ലിട അകലത്തിൽ
പുറം തിരിഞ്ഞിരുന്നു.
ഇരുട്ടിൽ ചാറിവന്ന മഴയും
ചൂളമിട്ട കാറ്റും
കൂടാരത്തെ
കുടഞ്ഞടുക്കിയപ്പോൾ
അവളിറങ്ങിയോടി.

രാവിലെ

റോട്ടിൽ ചതഞ്ഞരഞ്ഞു കിടന്ന
കട്ടം ചുവപ്പിൽ നോക്കി
ഇലഞ്ഞരമ്പിലമർന്നിരുന്ന
ചിലന്തി ചോദിച്ച-
ഇവളായിരുന്നോ അവൾ?

പിന്നെ,
പൊട്ടിപ്പോയ വല
വീണ്ടും നെയ്തുകൊണ്ട്
വിസ്മൃതിയുടെ
പശനൂലുകളാൽ
എല്ലാ
കൊലകൾക്കു മീതെയും
വെള്ളപൂശിക്കൊണ്ടിരുന്നു.

(സ്ത്രീശബ്ദം 2012)

— 27 —

## അയ്യോ കാക്കേ!

കൊഴുക്കട്ടയുണ്ടാക്കുമ്പോൾ
അമ്മ പറഞ്ഞു-
ഇതെന്റെ മോന്...
എന്റെ പുന്നാര മോന്!

കദളിവാഴക്കയ്യും
കാക്കയും വിരുന്നുകാരനും
ഓർമയിൽനിന്ന്
ഒലിച്ചുപോയ അമ്മ
ഓർത്തത്  ഒറ്റ 'റെസീപി' മാത്രം

ശർക്കരയിൽ വേവുന്ന തേങ്ങയിൽ
ജീരകത്തിന്റെയും
ഏലക്കയുടെയും
നറുനെയ്യിന്റെയും
'ഹായ്' മണത്തിൽ
വരട്ടിവെച്ച വരിക്കച്ചക്ക
ചേർത്തിളക്കുമ്പോൾ
അമ്മ ചിരിച്ചത്
കുഞ്ഞുവായിലെ
കൊതിവെള്ളമോർത്ത്.

കൊഴുക്കട്ടയുടെ ഉള്ളറയിൽ
നെഞ്ചകത്തെ മധുരമൂറ്റി
ഉരുട്ടിയുരുട്ടി അമർത്തിവെച്ച്
ആവിയിൽ പുഴുങ്ങുമ്പോൾ

കാക്ക ചോദിച്ചു:
കടൽകടന്ന്
മോനെന്നാ വര്വാ?

വെളിച്ചം പാതിവറ്റിയ
വെള്ളാരംകണ്ണുയർത്തി
അമ്മ പറഞ്ഞു:
ഇല്ല, തരില്ല കൊഴക്കട്ട-
അയ്യോ കാക്കേ പറ്റിച്ചോ!

പറന്നുയർന്ന കാക്കയുടെ
മുഖത്തുനിന്ന്
ഊർന്നുവീണത്
റിയൽ എസ്റ്റേറ്റുകാരന്റെ
മുഖംമൂടി!

(നവയുഗം 2010)

— 28 —

# അന്നപൂർണ്ണ

ഉണ്ണുമ്പോൾ ചിരിക്കരുത്,
സംസാരിക്കരുത്-
അമ്മ പറഞ്ഞു.

ഉണ്ണാനില്ലാത്ത ഉണ്ണികളായിരം
ചിരിച്ചില്ല, സംസാരിച്ചില്ല,
നിർത്താതെ കരഞ്ഞുകൊണ്ടേയിരുന്നു.

ഉണ്ണാൻ പശിയില്ലാത്ത പൊന്നുണ്ണികൾ
അമ്മയെ കണ്ടില്ല, കേട്ടില്ല,
കരയാനറിയാതെ
ചിരിച്ചുകൊണ്ടേയിരുന്നു.
ബോംബുണ്ടാക്കുന്ന
തീയുണ്ണികൾ മാത്രം
ഉണ്ണാതെ, ഉറങ്ങാതെ
കരയാതെ, ചിരിക്കാതെ,
കഴുമരം സ്വപ്നം കാണാതെ,
നിമിഷത്തുമ്പിയുടെ
കഴുത്തുഞെരിക്കാൻ
പ്രാണൻ തൊട്ടു
വിഷം തേച്ചുകൊണ്ടിരുന്നു.
മുലപ്പാലുണ്ട ചുണ്ടിൽ
ഒന്നുമ്മ വെയ്ക്കാൻ,
ഒന്നുരുളയൂട്ടാൻ
നിന്നുതരാതെ

അവനെങ്ങനെ
അമർത്യനായെന്ന്
അമ്മ കുഴഞ്ഞു.
ഭ്രാന്തു പിടിക്കാതെ
ഒരമ്മക്കും
അതു മനസ്സിലാകില്ലെന്ന്
ആരോ കളിയാക്കി.
നെഞ്ചിൽ തിളപ്പിച്ചൂറ്റിയ
ചോറിൽ നിന്ന്
അന്നപൂർണയെന്ന വാക്ക്
ബലിക്കാക്ക കൊത്തിയെടുത്ത്
പറക്കുന്നത്
അപ്പോൾ അവളറിഞ്ഞു.

(നവയുഗം ഓണപ്പതിപ്പ്, 2011)

— 29 —

## വാൽനക്ഷത്രത്തിൽ

വാൽനക്ഷത്രത്തിന്റെ
വക്കിലാണെന്റെ മക്കൾ
ചുട്ടുമിന്നൽക്കാഴ്ചയായ്
ഞാനതു കണ്ടു.
തലയെടുപ്പിന്, അല്ല-
തലയനക്കത്തിനുപോലും
ഇടയില്ലാതെ
വാൽമാത്രമായ
നക്ഷത്രത്തിലാണിപ്പോൾ
എന്റെ മക്കൾ.
ഏതുവഴി,
എങ്ങോട്ടാണ്,
ഈ തലയറ്റ പോക്ക്?
കൂരിരുട്ടിലും
കൂമ്പാത്ത കൺപുടങ്ങളിൽ
വിൺവെളിച്ചമുണ്ടോ?
കൂട്ടുകൂട്ടാത്ത
ആകാശപ്പറവകളുടെ
ഈണമില്ലാത്ത
ഇരമ്പപ്പാട്ടിൽ
ഇമ്പംകൊള്ളുന്നുണ്ടോ?
ഹൃദയമിപ്പോഴും
തുടിക്കുന്നുണ്ടോ?
പ്രണയപ്പകർച്ചയിൽ

തുടുക്കുന്നുണ്ടോ?
പരിഭവങ്ങൾക്ക്
പകർന്നിറങ്ങാൻ
പരിമളം പുരണ്ട
ഊഞ്ഞാൽച്ചില്ലയുണ്ടോ?
കളിവാക്കുകൊണ്ട്
ചിരിക്കുടുക്കയുടയ്ക്കാൻ
കടംവാങ്ങാത്ത
ഒരു കുഞ്ഞുവാക്കുണ്ടോ?
അവരെന്റെ
കാഴ്ചവട്ടത്തിൽ
സദാ സ്പന്ദിച്ചുകൊണ്ടിരിക്കുമോ?
നരച്ച ചുളിവീണ
എന്റെ നോട്ടം
വിശ്രാന്തിയില്ലാതെ
ആകാശത്തുതന്നെ.
വാൽനക്ഷത്രം...
ഓ, അതെവിടെപ്പോയി?

(സ്വജനമിത്രം മാസിക, ഓണപ്പതിപ്പ് 2013)

— 30 —

## ഡിഫറന്റ്ലി ഏബിൾഡ്

ഇടക്ക് വെച്ച് നിർത്തരുതേ!-
അമ്മ അപേക്ഷിച്ചുകൊണ്ടിരുന്നു...
ഓരോ മിടിപ്പും
അപാര കാരുണ്യത്തിന്റെ
അനന്ത സംഗീതമായി
ഒഴുകിക്കൊണ്ടിരിക്കാൻ
അമ്മ പ്രാർഥിച്ചുകൊണ്ടിരുന്നു...
എപ്പോഴാണത്
ഇഴ പൊട്ടുക,
ഇമ ചായുക,
ഇല ഉതിരുക
എന്നു ഡോക്ടർ
നോക്കിയിരിപ്പാണ്.

നീക്കിയിരിപ്പില്ലാത്ത
ഹൃദയത്തോട്
ആർക്കുമൊന്നും പറയാനില്ല.
ഇടയ്ക്ക് വെച്ച് നിർത്തരുതേ!-
അബോധത്തിൽ
അമ്മ മാത്രം
ഹൃദയത്തോട്
മന്ത്രിച്ചുകൊണ്ടിരുന്നു.

ഇപ്പോൾ,
ഒഴുക്ക് അമ്മയിലേക്കാണ്.

നഖംവെട്ടിയിൽനിന്ന്
ചോരയൊലിക്കുന്ന
ഒരു കുഞ്ഞു വിരൽ
ജീവനൂർന്ന കൈകളിൽ
ചൂടു പകരുന്നു.
ചിരിക്കുമ്പോൾ
ചാറൊലിക്കുന്ന
ചരട് പൊട്ടിയ ചുണ്ടുകൾ
ചിന്നിപ്പോകുന്ന ധമനികളെ
ഉമ്മവെച്ചൊട്ടിക്കുന്നു.

വഴുതിപ്പോകുന്ന
വാക്കിനെക്കുറിച്ച്
വേവലാതിയില്ലാതെ
സ്നേഹം യാചിക്കുന്ന
കൺമിഴികൾ
കെട്ടുപൊട്ടുന്ന
പ്രാണഞരമ്പിൽ
അള്ളിപ്പിടിക്കുന്നു.

ചിതറി വീഴുന്ന
പഞ്ചാരത്തരി തേടി
പിടഞ്ഞിഴയുന്ന മകൾ
ഓർമകളുടെ
ഉറുമ്പിൻ കൂടായി
അമ്മയെ പൊതിയുന്നു...

മരണം
ഞൊണ്ടിക്കൊണ്ട്
നടന്നകലുമ്പോൾ
ഡോക്ടർ പിറുപിറുക്കുന്നു-
ഡിഫറന്റ്‌ലി ഏബിൾഡ്!

(സെക്രട്ടേറിയറ്റ് സർവീസ് ഓണപ്പതിപ്പ് 2010)

— 31 —

## അഹല്യയുടെ കുഞ്ഞുങ്ങൾ

ആരാണ് കരയുന്നത്?
അഹല്യയുടെ കുഞ്ഞുങ്ങൾ!
എല്ലാവർക്കും
ചുരുണ്ടിരുണ്ട മുടി
ചുളി നീരാത്ത തൊലി
പീള കെട്ടിയ
ചിപ്പിക്കണ്ണുകൾ,
അർദ്ധരാത്രിയിൽ
അമ്മത്തൊട്ടിലിൽ
ഒരേ മുഖം,
ഒരേ ഞരക്കം!
അമ്മ പെറ്റതറിയാതെ,
അമ്മത്തൊട്ടിലിൽ
ആയിരം കുഞ്ഞുങ്ങൾ
അഹല്യയുടെ കുഞ്ഞുങ്ങൾ!

നിലാവ്
ചേലയഴിച്ച് പുതപ്പിച്ചു,
ഇളവെയിൽ
പാളിനോക്കി
പടികയറിപ്പാഞ്ഞു.

മുലയുണ്ണാതെ
കരഞ്ഞു കരഞ്ഞു
വായ് വലുതായ

പോക്കാച്ചിക്കുഞ്ഞുങ്ങൾ
പിള്ളത്തൊട്ടിലിന്റെ
കൈവരിയിൽ
പിച്ചവെച്ച് പിടിക്കുന്നു.
കരുണയുടെ
വെൺചാമരം വീശി
കടന്നുവരുന്ന
ആൺരൂപങ്ങളെ
അമ്പരപ്പോടെ നോക്കുന്നു.
അമ്മമാരുടെ
മാറിടങ്ങളിൽ
അള്ളിപ്പിടിക്കാൻ കൊതിച്ച്
കൈവിരിച്ച് കരയുന്നു
നൊമ്പരപ്പേടികൾ!

വെട്ടിനുറുക്കിയാലും
ചോരപൊടിയാത്ത നെഞ്ചിൽ
തൊട്ടുനോക്കാൻ ഭയന്ന്
അഹല്യ ഉണർന്നു കിടക്കുകയാണ്.
മിന്നൽപ്പിണരുകൾ
ഉടലാകെ നക്കിത്തുടച്ച്
തൊലിയുരിച്ച് കരിച്ച്
ഹൃദയം ഫോസിലായവൾ.
ഉരുകിയൊലിക്കുന്ന
വേനൽപ്പച്ചയുടെ
കാട്ടുവേവിൽ
അകം പുകഞ്ഞ്
ഉടയാടകളില്ലാതെ
കരിങ്കല്ലായ്
അഹല്യ മലർന്നു കിടക്കുന്നു.

തപോവന ദീപങ്ങൾ
അണയാൻ മടിച്ച
ഒരേയൊരു രാത്രിയിൽ
നിലാവ്
ഫണം
നിവർത്താടിയപ്പോൾ

ഉടൽ
തുമ്പിതുള്ളിയതോർക്കുന്നു.
ഉയരങ്ങളിൽ നിന്ന്
ആകാശവും
ആഴങ്ങളിൽനിന്ന്
ഉറവകളും
ചുരങ്ങളിൽനിന്ന്
കൊടുങ്കാറ്റുകളും
പാഞ്ഞെത്തിയ നിമിഷം!
അതിന്റെ അപൂർണതയിൽ,
ശാപശില്പത്തിൽ വാർന്നത്
അഹല്യയുടെ ശിലാരൂപം!

യുഗങ്ങൾ നീന്തിവരുന്ന
ദശരഥപുത്രന്റെ
പാദനിസ്വനത്തിന്
കാതോർത്തിരിക്കാൻ
അഹല്യക്കാവില്ല.

ആശ്രമത്തിലെ
ശിശുവിഹാരത്തിൽ
നാലാം പിറന്നാളിൽ
സ്പോൺസർ സമ്മാനിച്ച
പുത്തനുടുപ്പിട്ട മകൾ
ത്രിസ്സന്ധ്യയിൽ
ബലാത്സംഗം ചെയ്യപ്പെട്ടതറിഞ്ഞ്
അവൾ കരഞ്ഞില്ല.

അതോ
ശില വിയർത്തതും വിതുമ്പിയതും ശപിച്ചതും
ആരും കാണാതെ പോയോ?

(ഗ്രന്ഥലോകം 2021)

— 32 —

## കണ്ണോക്ക്

കണ്ണീരില്ലെങ്കിലും
നന്നായ് കരയാനറിയുന്നവർ
അമ്മമാർ.
എങ്ങനെ കരയാതിരിക്കും?-
മക്കളെല്ലാം
പൊയ്പ്പോയില്ലേ?
വെള്ളം കുടിക്കാൻ
കുഞ്ഞാടിനെപ്പോൽ
തുള്ളിച്ചാടിപ്പോയവനും
പൂത്താങ്കീരിയെ
കിനാവു കണ്ട്
അമ്മയെപ്പുണർന്ന്
ഉറങ്ങിക്കിടന്നവളും
പൂമ്പാറ്റച്ചിറകിലേറി
നക്ഷത്ര ബംഗ്ലാവിലേക്ക്
പറന്നുയർന്നവരും
എവിടെപ്പോയി?
പട്ടിയും പോലീസും
പട്ടാളവും
ആഴിപൂഴി തിരഞ്ഞിട്ടും
മക്കളെവിടെ?
തെരുവിൽ
എന്റെ കുഞ്ഞിനെ
കടിച്ചീമ്പിയ പിശാചേത്?

കൊന്നുതിന്ന കടുവയേത്?
സടകുടഞ്ഞ് നടപ്പാണവൻ
പകൽ വെളിച്ചത്തിൽ
എന്റെ മുന്നിൽ!
അവനെപ്പൂട്ടാനൊരു
തുടലെടുക്കാൻ
ആരുണ്ടെന്റെ വീട്ടിൽ?
ആരോരുമില്ലെന്റെ നാട്ടിൽ!

അവനില്ല രോഗങ്ങൾ
അവനില്ലവധി ദിവസങ്ങൾ
അവനിറങ്ങാത്തൊരു രാത്രിക്കായ്
കാത്തിരുന്നു നരച്ച ഞാൻ.

കണ്ണു ചൂഴ്ന്നു കൊടുത്താലും
കനിയാത്ത പൂതമാണവൻ.
ദൈവമേ,
എന്നെയേല്പിച്ച
എന്റെ(നിന്റെ?)
മക്കളെ തിരിച്ചെടുത്താലും.

(പത്രം 2010)

— 33 —

## നയാപൈസ

നയാപൈസ കണ്ട
കാലം മറന്നു!
ആദ്യം വന്നിറങ്ങിയപ്പോൾ
എന്തൊരു തിളക്കമായിരുന്നു!
പുത്തൻ പെണ്ണിനെപ്പോലെ
കാണാനെന്തു ചന്തം.
തൊടാനൊരു കൊതി,
ഒച്ചക്കെന്തു കിലുക്കം!

പച്ചപ്പരിഷ്കാരി
അകത്തും പുറത്തും
തിരയിളക്കി
തിരിഞ്ഞും മറിഞ്ഞും നടന്ന്
കലുങ്ങിച്ചിരിച്ചു.
പഴ്സിലും പോക്കറ്റിലും
നേർച്ചപ്പെട്ടിയിലും
കാശുകുടുക്കയിലും
ഇരിപ്പിടം!
പിന്നെപ്പിന്നെ
തെളിച്ചം പോയി,
കരിപിടിച്ചു,
കണ്ണുമങ്ങി,
കമിഴ്ന്നുവീണു,
കണ്ണിൽക്കരടായി.
ശവക്കുഴിയിലോ

ചിതയിലോ
വെയ്ക്കേണ്ടിവന്നില്ല
ജീവിച്ചതിന്റെ
ഒരടയാളവും
അവശേഷിപ്പിക്കാതെ
അവളപ്രത്യക്ഷയായി.

(സ്വജനമിത്രം 2010)

— 34 —

## മൂക്ക്  ചീറ്റി നിവർന്നു നടക്കുന്ന കാറ്റ്

ഒരു കാറ്റു വീശിയെന്ന്
വെറുതെ തോന്നിയതല്ല,
അതിൽ ചോരമണക്കുന്നോ
എന്നായിരുന്നു സംശയം.

പൂക്കളായ പൂക്കളെല്ലാം
അതിർത്തി കടന്നിരുന്നു.
പുഴവും പ്രാപ്പിടിയനും
സ്വന്തമാക്കിയ താഴ്വരയിലൂടെ
നുഴഞ്ഞുകയറിയ കാറ്റ്
പ്രേതഗന്ധം കൊണ്ട്
പരിപൂരിതം.

ചോരയില്ലാത്തതിനാൽ
പ്രേതങ്ങൾക്കൊന്നിനും
നിറമില്ല; നിഴലുമില്ല.
ജീവിതത്തെ
അളിയിച്ചെടുത്തതിന്റെ
മദ്യദുർഗന്ധം മാത്രം.
ചാക്കിൽ കെട്ടിവച്ചതോ
റബ്ബർച്ചെടിയിൽ
വരിഞ്ഞുമുറുക്കിയതോ
പുഴയിൽ മുക്കിത്താഴ്ത്തിയതോ
തുണ്ടുതുണ്ടാക്കി വലിച്ചെറിഞ്ഞതോ
എന്നു തിരഞ്ഞുനടക്കാൻ

കാറ്റിനു നേരമെവിടെ?
നേരറിഞ്ഞാൽ ഒന്നുവിയർക്കാൻ
നെറിയെവിടെ?

മൂക്കുചീറ്റി
ഒരു പെഗ്ഗടിച്ച്
തലനിവർത്തി
തെരുവിലേക്കിറങ്ങുമ്പോൾ
കാറ്റ് മീശ പിരിക്കുന്നുണ്ടായിരുന്നു.

(കലാകൗമുദി)

— 35 —

# ‘മരു’മകൾ

നദിക്കിരുപുറവും നിന്ന്
വരൾച്ചയിൽ വേവുമ്പോഴും
പരസ്പരം തിരിച്ചറിയാതെ
വെറുതെ ചിരിച്ചു
ഞാനും നീയും.

എന്റെ വെള്ളിമുടിയിലും
നിന്റെ നീലക്കണ്ണിലും
നെഞ്ചു കനത്ത വിദേശ ഭാഷ
മഴകിട്ടാതെ
വാപിളർന്ന വേഴാമ്പലായി.

നാമിരുവരുടെയും
ദിവാസ്വപ്നങ്ങൾ
നട്ടം തിരിഞ്ഞ്
നടുവിൽ കനംതൂങ്ങിനിന്നു...
വറ്റിയ പുഴയിൽ ഇടയ്ക്കെങ്ങുനിന്നോ
ഒരു കുഞ്ഞുറവ്  കിനിയുന്നത്
അത്ഭുതത്തോടെ
നാം കണ്ടുനിന്നു.
അധികാരത്തിന്റെ
വരമ്പിടിഞ്ഞ്
ആദിമ സ്നേഹത്തിന്റെ
അടിവേരിൽനിന്ന്
ആരവങ്ങളില്ലാതെ

ശീതളിമയുടെ
ഒരു തെളിനീരൊഴുക്ക്!

ജലക്കണ്ണാടിയിൽ
തെളിഞ്ഞുവന്ന പ്രതിബിംബം
അവന്റേതുമാത്രം.
വെളിച്ചം വെട്ടിത്തൂവുന്ന
പൊട്ടിച്ചിരിയിൽ നോക്കി
മതിമറന്നു നില്ക്കെ
പുഴ നിറഞ്ഞു കവിഞ്ഞതും
കരകൾ ചേർന്നു പുണർന്നതും
എങ്ങനെയെന്ന്
നാമറിഞ്ഞില്ല!
പിറവിയുടെ നിമിഷം
എനിക്കോ നിനക്കോ
അറിയാനാവില്ല.

അപ്പോൾ
മണൽക്കാറ്റിന്റെ ശിരസ്സടച്ച്
മരുഭൂമികൾ മറികടന്നുവന്ന്
നീയെന്റെ 'മരു'മകളല്ല,
മകളായി!

(സ്ത്രീശബ്ദം 2009)

— 36 —

## അന്വേഷണം

പ്രേമത്തിന്
ഒരേയൊരു ചാനലെന്ന്
ഭാര്യ.
സ്നേഹത്തിന്
ഒരേയൊരു ചാനലെന്ന്
അമ്മ.
എസ്സെമ്മെസ്സും
ചാറ്റുമുള്ളപ്പോൾ
പ്രണയത്തിന് ചാനലെന്തി
നെന്ന്
മക്കൾ.
പ്രണയമെല്ലാം
എന്നേ പതിരായിപ്പോയെന്ന
ആത്മഗതത്തിൽ
പാവം, അച്ഛൻ!
നേരാണല്ലോ-
അതെവിടെപ്പോയി?
എടുത്തു കൊറിച്ചു കൊറിച്ചു
തീർന്നുപോയോ?
അവിടമെങ്ങും
മണത്തു നടക്കുന്ന
കരിയെറുമ്പുകൾ
ആകാശത്തോളം വലിയൊരു
കുന്ന ചമച്ചിരിക്കുന്നു!

അതിനകത്ത്
ഒരൊറ്റ അരിമണിയുമില്ല!
ചുരുളഴിഞ്ഞ്
അലഞ്ഞുനടക്കുന്ന
പിടികിട്ടാത്തൊരു
ഗന്ധം മാത്രം.
അത്
പടിഞ്ഞാറുനിന്നെത്തിയ
കുന്തിരക്കമെന്ന്
കട്ടുറുമ്പുകൾ.
കിഴക്കിന്റെ
കസ്തൂരിയെന്ന്
നെയ്യുറുമ്പുകൾ.
തിരഞ്ഞുതിരഞ്ഞു പായുന്ന,
ചൊറിഞ്ഞു ചൊറിഞ്ഞു നില്ക്കുന്ന
ചോണനുറുമ്പുകൾ പറയുന്നു:
അന്വേഷിപ്പിൻ, കണ്ടെത്തും!.

(സെക്രട്ടറിയറ്റ് സർവീസ് 2008)

— 37 —

# ഇരുട്ടിനെ വേട്ടയാടുന്നവർ

ലോങ് മാർച്ചുകൾ തീർന്നുവോ?
ഏതാണീ ഇടം?
ഏതാണീ ഭാഷ?
ഒറ്റച്ചുവടിനാൽ
ആകാശഭൂഗോളങ്ങൾ
അളന്നു തീർക്കുന്ന
അരൂപികൾ
മുടന്തന്മാരുടെ സ്നേഹദ്വീപിന്
പെരുവിരൽ കൊണ്ട്
അതിരിട്ടുകഴിഞ്ഞു.
തെരുവിലെ
രക്തപ്രവാഹത്തിലൂടെ
കരിഞ്ഞോടുന്ന പൈതങ്ങളുടെ
ഫ്രീസ് ചെയ്ത ചിത്രങ്ങൾ
തെരഞ്ഞെടുപ്പിന്റെ
തോരണങ്ങളായിക്കഴിഞ്ഞു.
ചോരിവായ് മലർന്നതിൽ
ഈരേഴ ലോകങ്ങളുടെ
പെരുമ്പടപ്പല്ല,
പട്ടിണിയുടെയും
പേടിയുടെയും
പ്രേതനിശ്ചലത!
പൊരിഞ്ഞു പിടിച്ച്
ആളിപ്പടരുന്ന തീ

അനാഥത്വത്തോടു വിടപറയുമ്പോൾ
ശാന്തിമന്ത്രങ്ങൾ
അവർക്കു ചുറ്റും
പ്രാപ്പിടിയന്മാരായി വട്ടം ചുറ്റുന്നു.
ഇരുട്ടിന്റെ
ഘനപാളികളെല്ലാം
വിവര ഭീകരതയിൽ
കലങ്ങിയൊലിച്ചുപോയി.
തുറസ്സുകളിലെ
പ്രാണവായുവിൽ ശ്വാസംമുട്ടി
ഇരുട്ടിനുവേണ്ടിയാണ്
നാമിപ്പോൾ
പരക്കംപായുന്നത്
നഗ്നനായ നാൾ മുതൽ
വേട്ടയാടിപ്പിടിച്ച്
ഭുജിച്ചുകൊണ്ടിരുന്ന
അതേ ഇരുട്ടിനുവേണ്ടി!

(മാധ്യമം 2009)

— 38 —

## വഴിയറിയാതെ

ലോകത്തെക്കുറിച്ചുള്ള
വ്യസനങ്ങളോടെയാണ്
ഞാനെന്നും മരിക്കുന്നത്...
ഇതെന്റെ അന്ത്യവാചകമല്ലെന്ന്
ഞാൻ മാത്രം അറിയുന്നില്ല.

വചനം ഇരുട്ടിലും
വെളിച്ചം അവിഹിതഗർഭത്തിലും
തണുത്തു മരിച്ചുകഴിഞ്ഞു.
പുതുപ്പിറവികൾക്ക്
വഴിയൊരുക്കാൻ
കവികൾ
പ്രവാചകന്മാരായി ജനിക്കുകയും
വിപ്ലവകാരികളായി മരിക്കുകയും
ചെയ്യെന്ന്  ചരിത്രം പറയുന്നു.
വാക്കിന്റെ നെഞ്ചിലെ
മൃതസഞ്ജീവനി
തിരയുകയാണ്  ഞാനിപ്പോൾ.

മയക്കത്തിന്
ഗുളികകൾ പോലെ
ആത്മഹത്യയ്ക്ക്
ക്ലിനിക്കുകൾ പോലെ
എളുപ്പവഴികൾ ഒന്നുമില്ല.
കല്ലും മുള്ളും ചവിട്ടി

വിശന്നു തളർന്ന്
നടക്കുക തന്നെ
വാക്കിൻ വിപിനത്തിലൂടെ
വഴിയറിയാതെ നടക്കുക തന്നെ!

(കലാകൗമുദി, സെപ്റ്റംബർ 2009)

— 39 —

## വളരാതെ

കണ്ണിലൂടിടിമിന്നി
കാഴ്ചകളൊഴുകുന്നു
നാവനങ്ങുവാനിട-
യില്ലതിൻ മുമ്പേ മായും.
കണ്ടതോ കാണാത്തതോ
നേരെന്നു നിലതെറ്റി
ഇമ ചിമ്മാതേയെന്റെ
മിഴികൾ പാഴാകുന്നു.

പരുങ്ങിപ്പരുങ്ങിയായ്
നട, പ്പെൻ നിഴൽ പോലും
നിറഭേദത്തോടെന്നെ-
ച്ചുഴന്നു വളരുന്നു
അട്ടഹാസങ്ങൾക്കൊപ്പം
പൊക്കമില്ലാതേമുറ്റും
ഓമനച്ചെറുവാക്കി-
ന്നമ്പരപ്പാണെൻ പ്രശ്നം.

അക്ഷരം കുറിക്കുവാൻ
എന്റെ പേനക്കിന്നെന്തു
വിരക്തി, നിരാസത്തിൻ
മൃത്യുവല്ലഗമ്യമാം
ഗോപുരഭയമല്ല,
കാവ്യഗർവവുമല്ല,
പറന്നുപൊങ്ങും കിളി-

യോടു ചൊല്ലുവാൻ വെച്ച
കളിവാക്കെല്ലാം ചോർന്നു
പോയതിൻ നിശ്ശൂന്യത.

സ്വാതന്ത്ര്യം തന്നേയെന്നു-
മമൃതം, തമസ്സിനെ-
ക്കീറുന്ന വെളിച്ചമോ
ദുഃഖമാണെന്നും കവി
വിത്തിട്ട പാടങ്ങളി-
ലാത്മഹത്യകളെന്നു
പറയാനറിയാത്ത
ബഹുവാക്കാണെൻ പ്രശ്നം.

പാഠപുസ്തകത്തിന്റെ
നെഞ്ചിലേക്കൊരു കുടം
ചോരതുപ്പുമ്പോൾ, നീരു
വറ്റുന്ന സ്വരാക്ഷരം
കത്തിയാളുമ്പോൾ മാനം
ചാമ്പലായ് മറയുമ്പോൾ
വെറുപ്പിൻ പടഹത്തിൽ
പകച്ചുനിൽപ്പൂ പദം
കൂട്ടിവായിക്കാനാജ്ഞ
കിട്ടാത്ത കുഞ്ഞായ് ഞാനും.
വീട്ടുവാതിൽക്കൽ മണം
തൂവുന്ന വാക്കായ് നോക്കായ്

കാത്തിരിക്കുവാനെങ്ങൾ
ക്കില്ലയമ്മയെന്നൊരാൾ
നാട്ടുപാതയിൽ രണ-
ഭേരിയിൽ തിറയാടി
രൗദ്രഭീമനായ് നിൽക്കു-
മച്ഛനും കൈവിട്ടുപോയ്.

പുസ്തകം വലിച്ചെറി-
ഞ്ഞേതുപൂതത്തിൻ കള്ള-
ച്ചിരിയിൽ മയങ്ങി നാം
മുന്നോട്ട് നടക്കണം?
പൂവിനെ, പൂമ്പാറ്റയെ

ചുട്ടെരിച്ച നാമേതു
കാട്ടിലെച്ചെന്നായ്ക്കൂട്ടിൽ
അക്ഷരം പഠിക്കണം?

(കലാകൗമുദി, 2008 സെപ്റ്റംബർ)

— 40 —

## വഴിയും സത്യവും

ആരുമല്ലാത്തവരൊക്കെ
എന്റെ ഹൃദയത്തിലേക്കു
കയറിവരാൻ തുടങ്ങിയത്
ഈയിടെയാണ്.

ഒരു മാറാപ്പു പോലും
തോളിലില്ലാതെ
ഒരു കൃത്യവും പാലിക്കാതെ
വെള്ളത്തിരപോലെ
തള്ളിക്കയറിവന്നവർ
അതുപോലെ
തിരിച്ചുപോയില്ല.

അദ്ഭുതം മറ്റൊന്നാണ്
ഇവിടേക്ക്
ഇങ്ങനെ ഒരു വഴിയുണ്ടെന്നോ
ഇക്കണ്ട കാലവും
അത് ചതുപ്പിൽ
പുതഞ്ഞു കിടപ്പായിരുന്നെന്നോ
ഞാനറിഞ്ഞിരുന്നില്ല.
അതൊരു
ചെമ്മൺപാതയാണെന്നോ
ഓരത്തൊരു നീർത്തടവും
അരയാൽത്തണലും
തണ്ണീർപ്പന്തലുമുണ്ടെന്നോ

ഞാനറിഞ്ഞിരുന്നില്ല.

ചത്തുകിടന്ന കിളികൾ
ഞാനറിയാതെ പിടഞ്ഞുണർന്ന്
ചിറകു കുടഞ്ഞ് ചിലയ്ക്കുന്നതും
എവിടെ നിന്നോ
ഒരു വെൺമേഘത്തുണ്ട്
കാറ്റിലിറുന്നു വീഴുന്നതും
ഞാനറിഞ്ഞു.

ആശ്ലേഷങ്ങളിൽ
ഒരു കാട്ടുപൂന്ന
സുരഭിലയായതും
ഞാൻ എന്നെത്തന്നെ
മറന്നതും
വഴികളായ വഴികളെല്ലാം
പ്രകാശരേണുക്കളിൽ
മിന്നിത്തെളിഞ്ഞതും
പിറകിലൂടെത്തിയ
ഒരു സാന്ത്വനഗീതം
എന്റെ മടിയിലേക്ക്
പിടഞ്ഞുവീണതും
വെളിച്ചം നുകർന്ന് നുകർന്ന്
ഞാൻ ഉന്മത്തയായതും
ഒരു സത്യം തന്നെയായിരുന്നു.
ആരെയും
അതു പറഞ്ഞു വിശ്വസിപ്പിക്കാൻ
എനിക്കാവാതെ പോയി!

(കലാകൗമുദി, 2008 ഏപ്രിൽ 27)

— 41 —

## സ്വപ്നം

അറിഞ്ഞുകൊണ്ട്
ആരും സ്വപ്നം കാണാറില്ല
സ്വപ്നത്തിന്റെ ചിറകിന്
വർണ്ണങ്ങളുടെയും വർണ്ണമാണ്
സ്വപ്നത്തിന്റെ മുറിവിന്
ആഴങ്ങളുടെയും ആഴമാണ്.

നിറമില്ലാത്ത
നിത്യമായ സത്യവും
ഒരു സ്വപ്നമത്രെ!
സ്വപ്നത്തെപ്പോൽ
സത്യത്തെ
അണിയിച്ചൊരുക്കുക
സാധ്യമല്ല.
ഒന്ന് കള്ളറയിലും
മറ്റേത് ഉള്ളറയിലുമാണ്.
ആവനാഴിയിലെ
അവസാനശരത്തിനുശേഷവും
മുട്ടുമടക്കേണ്ടി വരുമ്പോൾ
സ്വപ്നങ്ങൾ കൊഴിയുന്നു.
സ്വർണ്ണത്തുമ്പികളായി
അവ പുനർജനിക്കുമെന്ന്
അപ്പോഴും
പുതിയൊരു സ്വപ്നം
ചിറകനക്കുന്നു.

(വിദ്യാരംഗം 2008)

## — 42 —

# ഇര

ഈ മണ്ണിരയേക്കാളുപരി
നാമൊന്നും ചെയ്യുന്നില്ല.
ഇവിടെ വന്നുപെട്ടതിനാൽ
തലങ്ങും വിലങ്ങും
വാരം കോരി
ഇഴഞ്ഞുകൊണ്ടിരിക്കുന്നു.
മൺതരിയുടെ മൂർച്ചയിൽ
ഉർവരതയുടെ പശിമതേച്ച്
ഉറക്കത്തിനും
ഉണർവിനുമിടയിലൂടെ
അന്ധമായൊരു ഒഴുക്കുമാത്രം!

പ്രണയിക്കാതെ
പരിണയിക്കാതെ
ഇണചേർന്ന് മുട്ടയിട്ട്
കുഞ്ഞുങ്ങളും
കുഞ്ഞുങ്ങളുടെ കുഞ്ഞുങ്ങളുമായി
ഒരു ഘോഷമില്ലായാത്ര.
ശരീരം, മനസ്സ്
ശബ്ദം, വെളിച്ചം
കയറ്റം, ഇറക്കം
ശരി, ശരാശരി-
ഒന്നും നമ്മെ സ്പർശിക്കുന്നേയില്ല.

ശേഷിപ്പുകളില്ലാതെ

ഏതോ വിനാഴികയിൽ
മണ്ണിലേക്ക് തന്നെ
അടർന്നു വീഴുക!

ഇരയും മണ്ണിരയും
തമ്മിലുള്ള വിടവുപോലും
നാം അടച്ചുകൊണ്ടിരിക്കയല്ലോ!

(വാസ്തവം 2006)

— 43 —

## കാഴ്ച

ആകാശത്തേക്ക് നോക്കുമ്പോൾ
പക്ഷിയുടെ നെഞ്ച്
എത്ര ചെറുതാണ്!-
ഒരു പൊട്ടു പോലെ!
അമ്പുകൊള്ളുമ്പോൾ മാത്രം
അതിനകത്തൊരു
ഹൃദയമുണ്ടെന്ന്
നാമറിയുന്നു.

വേർപെട്ട ഇണയുടെ
കണ്ണീരിൽ നോക്കുമ്പോൾ
ഹൃദയവും
പിന്നെ രക്തവും
നാം മറന്നു പോകുന്നു.

കവിതയായി അലയടിക്കുന്ന
കണ്ണീർക്കയത്തിലേക്ക്
കളിയോടം തള്ളുമ്പോൾ
തുഴകളപ്പാടെ
നാം വലിച്ചെറിയുന്നു.

നീലാകാശത്തേക്ക് നോക്കി
നക്ഷത്രമെണ്ണി
മഞ്ഞുതുള്ളികൾക്കായി
കാതോർത്തു കിടക്കുമ്പോൾ
ഒരു ചിറകനക്കത്തിന്

തുവൽച്ചൂടിന്
ഒരു ഹൃദയമിടിപ്പിന്,
നാം കാതോർക്കുന്നു.

അപ്പോഴും
ഹൃദയത്തിന്റെ അറകൾക്കകം
നാം കാണുന്നേയില്ല!

(ഗ്രന്ഥാലോകം 2006)

44

## മുരൾച്ച

ഒന്നുകുരച്ചപ്പോൾ
അവളാദ്യം ഞെട്ടിപ്പോയി,
പെൺകുരയാണെങ്കിലും
ഒരു രസം,
പിന്നെപ്പിന്നെ ശീലമായി.

തനിക്കുള്ളിലും
ഒരു നായ്ക്കുട്ടിയുണ്ടെന്നും
അതിന്റെ ജനുസ്സെന്തെന്നും
ഇതുവരെ
തിരിച്ചറിഞ്ഞിരുന്നില്ല.
നാടൻ തീറ്റയായിരുന്നു
പതിവ്.
എന്നിട്ടും
എന്തൊരു ശൗര്യം!
വിലകൂടിയ
മോഡേൺ ഡോഗ്ഫുഡ്
ടൈംടേബിളനുസരിച്ച്
നല്കിയിരുന്നെങ്കിൽ
ജനിതകം വെളിപ്പെട്ടേനെ
എന്ന് ഫെമിനിസ്റ്റ് സുഹൃത്ത്.
വേണ്ട-
ഈ നാടൻ കുരക്ക്
നല്ല ഉരമുണ്ട്.
കുപ്പിച്ചില്ലുപോലെ

നെഞ്ചിൽ തുളച്ചുകേറുന്നു.

വീട്ടുകാർക്കും
വിരുന്നുകാർക്കും
അയൽക്കാർക്കും
അധികാരികൾക്കും
മനസ്സിലാകുന്ന
പച്ചമലയാളം.
എങ്കിലും
പേ പിടിക്കാതെ നോക്കണമെന്ന്
മനസ്സുപദേശിച്ചു.
കഴുത്തിൽ തുടലിട്ട്
പിടുത്തം മുറുക്കിയപ്പോൾ
നായ്ക്കുട്ടി മുരണ്ടു:
'ഇതിനായിരുന്നോ?'
ആ ചോദ്യം
ഹൃദയഭേദകമായിരുന്നു.

(സെക്രട്ടേറിയറ്റ് സർവീസ് ഓണപ്പതിപ്പ് 2011)

— 45 —

## മാലിന്യസംസ്കരണം

കരളിൽ നിന്ന്
പറിച്ചെടുത്തത്
പ്രണയമാണ്,
വിധിയിൽ നിന്ന്
വലിച്ചെടുത്തത്
ദുരിതമാണ്,
വാക്കിൽനിന്ന്
പിഴിഞ്ഞെടുത്തത്
വിഷമാണ്,

പക്ഷേ,
വലിച്ചെറിയാൻ
ഒരിടവുമില്ല!

വിളപ്പിൽശാലയിലും
ലാലൂരിലും
ഒരുഗ്രാമം മുഴുവൻ
കാവലുണ്ട്.
ഏകാകിയുടെ
ഹൃദയത്തിനു മാത്രം
ആരും കാവലില്ല.

വലിച്ചെറിയുക
അവിടേക്ക് തന്നെ!
കുഴിച്ചുമൂടാതെ
കുനിഞ്ഞിരിക്കുക,

ഇരുട്ടു വീഴുവോളം!

(സെക്രട്ടേറിയറ്റ് സർവീസ് ഓണപ്പതിപ്പ് 2012)

— 46 —

# അമ്മയെന്റെ ആരാണ്?

എന്നോട്ട് പിണങ്ങരുതെന്ന്
എത്ര വട്ടം പറഞ്ഞതാണ്?
കോപ്പിയെഴുതുമ്പോൾ
അക്ഷരവടിവിനായി
അക്ഷരവടികൊണ്ട്
അടിക്കരുതെന്ന്,
കണക്കുകൂട്ടുമ്പോൾ
അക്കം മാറിപ്പോയതിന്
ചെവിക്കു നുള്ളരുതെന്ന്,
മലയാലത്തിന്റെ
സ്പെല്ലിംഗ് മറന്നതിന്
ഇംപോസിഷൻ എഴുതിക്കരുതെന്ന്
എത്ര പറഞ്ഞതാണ്!
ഏതക്ഷരമാണ്
എന്റേതും അമ്മയുടേതുമെന്ന്
എനിക്ക് തിരിച്ചറിയുന്നില്ലല്ലോ!

ഉദയസൂര്യന്റെ
ചെഞ്ചോരനോട്ടം
എനിക്ക് തീരെ ഇഷ്ടമല്ല,
കിളികളുടെ കലപിലയും
കുന്നോടിക്കാറ്റിന്റെ
കിരുകിരുപ്പും
എനിക്കു് വേണ്ടേ-വേണ്ട!

തണുതണുത്ത വെള്ളത്തിൽ

എന്നെ പിടിച്ച് സൂചികുത്തരുത്,
വള-വള എണ്ണ പൊത്തി
തലമുടി പിശ്-പിശ് ആക്കരുത്,
സോപ്പുതേച്ചുരച്ച്
കണ്ണിൽ മുളകരയ്ക്കരുത്,
കഴുത്തിൽ ടൈ മുറുക്കി
കൊലക്കയർ വലിക്കരുത്
വലിഞ്ഞു കേറി
കാലിൽ ചുറ്റിപ്പിടിക്കുന്ന
സോക്സ്പിശാശിനെ
ഞാൻ വലിച്ചു കീറും!

ഇഡ്ഡലി പൊട്ടിച്ച്
എന്റെ അണ്ണാക്കിലേക്ക്
തള്ളരുതെന്നല്ലേ പറഞ്ഞത്!
പാലും ഹോർലിക്സും 'ഗ്വാ...'
എനിക്ക് ഓക്കാനം വരുന്നു,
സ്കൂൾ ബസ്സിലേക്ക്
എന്നെ തള്ളിയിടല്ലേ!

അപ്പുറത്തെ ടിന്റുമോനെ ചൂണ്ടി
'കണ്ടു പഠിക്ക്!' എന്നെന്റെ
നെഞ്ചിൽ വെടിപൊട്ടിക്കരുത്,
വീടുപൂട്ടി വേലക്കുപോയ
അമ്മയെ തിരിച്ചറിയാത്ത
ഞാഞ്ഞൂൽക്കുഞ്ഞിനെ ചൂണ്ടി
എന്നെ ഭീഷണിപ്പെടുത്തരുത്,
ഷഫീക്കിനെപ്പോലെ
തലകീഴായി
ഐ.സി.യു.വിൽ തൂക്കിയിടുമെന്നും
പേടിപ്പിക്കേണ്ട!
ടി.വി.യിൽ മുങ്ങിത്തുടിക്കുന്ന,
മൊബൈലിൽ
നുരഞ്ഞുപതയുന്ന
അമ്മേ,
അമ്മയെന്റെ ആരാണ്?

(സ്ത്രീശബ്ദം 2013)

— 47 —

## ഐഡന്റിറ്റി

എന്നെ വധിക്കുക
എത്ര എളുപ്പം!
കാരണം
ഞാനൊരെഴുത്തുകാരിയാണ്.
എങ്കിലും
രക്തം കട്ടിപിടിക്കുന്നതും
മഷിയുണങ്ങുന്നതും
രണ്ടുതരത്തിലാണെന്നു
എനിക്കറിയാം.
ആദ്യത്തേതിൽ
അക്ഷരം തെളിയുന്നില്ല
രണ്ടാമത്തേതിൽ
അക്ഷരമുണ്ട്
ഹൃദയം കാണുന്നില്ല.

ചോരയും ചുവപ്പും തമ്മിൽ
വിട പറഞ്ഞ കാലമിത്.
കൊലയാളിയെ മാത്രം
ആരുമാരും
തിരിച്ചറിയുന്നില്ല-
അയാൾ പോലും!

(മാധ്യമം 2008)

— 48 —

# ആത്മഹത്യ

എനിക്കീ ജീവിതം
സുഖമാണെന്ന്
തോന്നിപ്പോയി- തെറ്റ്!

എല്ലുകളെല്ലാം
ഊരിപ്പോയി
ഒരു ഞാഞ്ഞൂളിനെപ്പോൽ
സുഖമായി, മന്ദംമന്ദം
ഇഴഞ്ഞും പുളഞ്ഞും
നടന്നതാണ്...
ഇടയ്ക്ക്
മരണഭീതിയിൽ പിടയ്ക്കുന്ന
കൃഷിക്കാരന്റെ
കാലിലൊന്നു തൊട്ടു.
വിഷപ്പല്ലുണ്ടെന്ന്  അയാൾ!
തൊണ്ടിനുള്ളിൽ
തെണ്ടിനടക്കുന്ന
കല്ലൻ ഒച്ചിനോട്
ഒന്നു വഴിമാറിത്തരാൻ കേണു.
ഞാഞ്ഞൂളിനും ഊറ്റമോ?-
അവൻ ഒച്ചയുയർത്തി!

കുളിച്ചു തൊഴുതുവന്ന പൊന്മാൻ
എന്നെ ഇടംകണ്ണിട്ടപ്പോൾ
ഉള്ളിൽ ഒരാന്തൽ!

അഴുക്കും മെഴുക്കും
പുതച്ചുരുണ്ട്
ഒരിലക്കീറിനു താഴെ
അമുങ്ങിക്കിടന്നപ്പോൾ
ഒരു ചെറുമഴത്തുള്ളി
നെഞ്ചിൽ വീണു.

പിന്നെയത്
ഒരു പ്രളയമായി!
ആലിലയിൽ
ഒഴുകി നടക്കുമ്പോൾ
ഒരെറുമ്പെന്റെ
കാലിൽ കടിച്ചു.
വിരുന്നുപോയ്
മടങ്ങും വഴി
കാക്കയൊന്ന്
എന്നെ കൊത്തിനുണയ്ക്കാൻ
ചരിഞ്ഞു വന്നു...
എനിക്കുവയ്യേ,
എപ്പോഴുമെപ്പോഴും
ഒളിച്ചും പതുങ്ങിയും നടക്കാൻ!

ഒരു ഉടൽകൊണ്ട്
എന്തൊക്കെ നേടാമെന്ന്
എനിക്കിപ്പോൾ
ഊഹിക്കാം.
എങ്കിലും
ജീവിക്കാനാണ് മോഹമെങ്കിൽ
ആത്മഹത്യയേ വഴിയുള്ളൂ!

(മാധ്യമം 2007)

— 49 —

## വിത്ത്–പത്തായം–എലികൾ

വിത്തുകൾ
ഇനി
നമുക്കാവശ്യമില്ല!
അതുകൊണ്ട്  കർഷകരും.

നേരത്തേ പാകമാകാൻ
ശീലിപ്പിച്ചെടുത്ത
ജനിതക വിദ്യകളാൽ
നാമിന്ന്  ധന്യരാണ്!

ഇതളുകൾ
ഒന്നൊന്നായി അടർത്തുക,
പാലുറയ്ക്കും മുമ്പ്
പല്ലാഴ്ത്തുക,
നെഞ്ചുറയ്ക്കും മുമ്പ്
ഉറുഞ്ചിക്കുടിക്കുക.

രൗദ്ര യൗവനത്തിന്റെ
അന്തിച്ചുവപ്പ്
മുളയിലേ നുള്ളി
സൈബർ സ്പേസിലേക്ക്
എറിഞ്ഞു തുലയ്ക്കുക!

കീടം തൊടാത്ത
കിടാങ്ങളായി
വിത്തധികാരത്തിന്റെ
കിടപ്പറയിലേയ്ക്കിതാ

പെൺ മിത്തുകൾ!
വിധിയെഴുത്തിന്റെ
വീര മുദ്ര പതിച്ച
കലാതിലകങ്ങൾ!

വിത്തുകൾ
ഇനി നമുക്കാവശ്യമില്ല-
അതുകൊണ്ട് പത്തായങ്ങളും.

കാട്ടിൽനിന്ന്
തടിയൊഴിച്ച മരങ്ങൾ
ആശാരിയുടെ മനക്കണക്കുകേട്ട്
മനക്കോട്ട കെട്ടേണ്ട.

ചിന്തേരിട്ട
ശവപ്പെട്ടികളുടെ
പട്ടാളക്കണക്കു കൂട്ടി
ആനകൾക്കും എറുമ്പുകൾക്കും
ഇനി മദമിളകേണ്ട,
കണ്ണീർപ്പുഞ്ചയിൽനിന്ന്
തിളച്ചു വീശുന്ന
ഉപ്പു കാറ്റേറ്റ്
കൗരവരുടെ പൂമുഖത്തുള്ള
ഒരു കാരണവർക്കും
മനമുരുകേണ്ട!

വിത്തുകൾ
ഇനി നമുക്കാവശ്യമില്ല-
പത്തായങ്ങളും-
അതുകൊണ്ട് എലികളും!

പക്ഷേ,
എലികൾ ഇരക്കുന്നവരല്ല,
തുരക്കുന്നവരാണ്,
അവർക്കിപ്പോഴും
മാളങ്ങളുണ്ട്.

മുൻനിരയിലെ
കോമ്പല്ലുകളാഴ്ത്തി

അവർ തുരന്നു മലർത്തുന്ന
പത്തായങ്ങൾക്കകം ശൂന്യം.

മച്ചിപ്പശുക്കളായി
ചക്കിയും അമ്മയും
തൊഴുത്തിൽ
അമറിക്കൊണ്ടു നില്ക്കട്ടെ.

അവർ ഇരിമ്പുലക്കയല്ലല്ലോ!
അതിനാൽ പൊടിച്ചെടുത്ത്
കടലിൽ കലക്കേണ്ടതില്ല.

(മാതൃഭൂമി)

— 50 —

## ആരംഭം

നാറാണത്തു ഭ്രാന്തനേയും
നമ്പ്രേത്തിലെ ഭ്രാന്തനേയും
കൈവെടിഞ്ഞ്
മലയിറങ്ങുന്നവർ
നാമിപ്പോൾ

മടിയിൽ വിരിച്ചിട്ട
വെള്ളക്കോടിയിൽ
ചോരവാലുന്ന മക്കളെ
ഏറ്റു വാങ്ങുമ്പോഴും
വിതുമ്പലൊതുക്കി
വീരസ്യം നടിക്കുന്ന
അമ്മമാർ നാമിപ്പോൾ

നദികളും മലകളും
വിറ്റു തീരുമ്പോഴും,
സ്വരങ്ങളും സ്വപ്നങ്ങളും
ടെറസ്സിൽനിന്ന്  വീണുടയുമ്പോഴും,
നിധികാക്കുന്ന ഭൂതങ്ങളെന്ന്
പെരുമ്പറ മുഴക്കുന്നവർ
നാമിപ്പോൾ.

പടയണികൾക്കു പിന്നിൽ
പിടഞ്ഞുടഞ്ഞു പോയ ജന്മങ്ങളുടെ
സ്നേഹതൃഷ്ണകൾ
ഒരു സുഷിരവാദ്യമായ്

നമ്മെ പിൻതുടരുന്നില്ലേ?

ചിതലുകളുടെ പിറുപിറുപ്പുപോലെ
ശ്രുതികെട്ട ഒരു ചട്ടുലതാളം
നമുക്കുള്ളിൽ മുറുകിവരുന്നത്
കേൾക്കുന്നില്ലേ?
ഭ്രാന്തിന്റെ ആരംഭമാണത്!
പക്ഷേ,
ആരും അറിയുന്നില്ല!

— 51 —

## നഗ്നത

ആർക്കിമിഡിസിന്റെ ആനന്ദം
അനുരാധ അറിഞ്ഞിട്ടില്ല.
പിറന്നപടി
കുളിത്തൊട്ടിയിൽനിന്ന്
തെരുവിലേക്കിറങ്ങി
ഓടിയിട്ടില്ല.

ഇലക്ട്രോണുകൾ
ആദേശം ചെയ്ത പ്രകാശത്തിൽ
മുങ്ങിമരിച്ചതുകൊണ്ടല്ല-
ഉരുൾ പൊട്ടാത്ത,
വരമ്പുകൾ തകർക്കാത്ത,
ഞരമ്പിൻ വേലിയേറ്റത്തിൽ
പെരുമഴയുടെ ആരവം കേട്ട്
തരിച്ചുപോയതാണ്.
ഡിജിറ്റൽ ക്രിയയുടെ
ആലക്തിക സംഗീതത്തിനുമേൽ
മഴത്തുള്ളികൾ
ജലതരംഗം വായിച്ചു.
ത്രിമാന സൗന്ദര്യത്തിന്റെ
നിമ്നോന്നതങ്ങളിൽ
വർഗചിഹ്നങ്ങളുടെ
രാജസ ശീലങ്ങളിലൂടെ
കുത്തും കുടിയാട്ടവും
കുത്തിയൊലിച്ചു.

കാലവും ശൂന്യതയും
കുടിപാർക്കുന്ന
ആറാമിന്ദ്രിയത്തിൽ
കാമജ്വാലയെ വെല്ലുന്ന
ഒരു മിന്നൽപ്പിണർ!

ഭൈരവനെ
ആവാഹിച്ച മനസ്സിന്
ഒരു ഊർജ്ജതാണ്ഡവം!
(അല്ല, ‘[illegible]തെയ്യം’!)
മൈനാകങ്ങളുടെ
നിറുകയിൽ ചവിട്ടി
ഒരു കാളിയമർദ്ദനം!
(അല്ല, സർപ്പംതുള്ളൽ!)

ഇല്ല-
അന്തരാധ്യക്ഷതാവില്ല!
ഉത്തരത്തിൽ
പറ്റിപ്പിടിച്ചിരിക്കുന്ന
പല്ലിയാണവൾ
താഴെ വീണാൽ
എല്ലാ പിടിയും വിട്ടുപോകും.
ഏറിയാൽ,
ഒന്നു വാൽമുറിച്ചിട്ടോടാം,
അത് നഗ്നതയല്ലല്ലൊ!

— 52 —

## ഭ്രാന്ത്

ഭ്രാന്ത് എനിക്കോ നിനക്കോ?
ഇരുവർക്കും!
ഇരുവർക്കും
കൃഷ്ണമണികൾ വിറയ്ക്കുന്നു,
വ്യാകരണം തെറ്റുന്നു,
തൊട്ടെണ്ണം പിഴയ്ക്കുന്നു,
ചിരിയും കണ്ണീരും
കൂടിക്കുഴയുന്നു.
ഭ്രാന്ത് എനിക്കോ നിനക്കോ?
ശിരസ്സിൽ
പന്തം കത്തുന്ന
ഓരോ ഭ്രാന്തിനും
സ്വന്തമായൊരു ചന്തമുണ്ട്.
ബോധമൊരു
പേരാൽമരം
ഇലകൾ വളരെ,
നിലകൾ കുറവ്,
നിറങ്ങളും കുറവ്
തളാപ്പ് കെട്ടിയും
ഏണിചാരിയും
ആയാസപ്പെട്ട് കയറാം.
ഉച്ചിയിലെത്തുമ്പോൾ
ആകാശം
പിന്നെയും പിന്നെയുമകലെ!

ന്യൂലേണികൾ പിന്നിപ്പോയ
കള്ളമുകിലുകളിൽ കണ്ണൂന്നി
കാണാപ്പുറം കണ്ട്
എഴുതാപ്പുറമെഴുതാം
ഭ്രാന്ത്
ആഴക്കടൽപോലെ
അപാര നീലം!
ദൈവങ്ങൾ
തീനും കുടിയും കഴിഞ്ഞ്
ഉപേക്ഷിച്ചുപോയ
ജലഗുഹാന്തരങ്ങൾ,
ചിപ്പിക്കാടുകളും
വർണ്ണ ഖനികളും.
സർപ്പ കോപങ്ങളും
മത്സ്യശാഠ്യങ്ങളും
പിടിച്ചുകെട്ടാൻ
ആരോരുമില്ല.
തിരമാലകൾ നിവരുമ്പോൾ
കുന്നോളം,
മലയോളം,
മാനത്തോളം!
ഉയരത്തിന്റെ
അളവുകളെക്കുറിച്ച്
വ്യാകുലപ്പെടാതെ
കുതിച്ചുകൊണ്ടിരിക്കുന്ന
എന്റെയും നിന്റേയും ഭ്രാന്തുകൾ.
കുഞ്ഞുങ്ങൾക്ക്
ഭ്രാന്ത്  വരുന്നില്ല,
സ്വപ്നങ്ങളുടെ കടുംചായത്തിൽ
തല്ലിക്കളിക്കുമ്പോഴും
ചേമ്പിലയിൽ
ഉരുണ്ടുമറിയുകയാണവർ,
അവർക്കെല്ലാം ഒരേയൊരു ഛായ!
ഞാനും നീയും
എത്രപുണർന്നാലും
എത്ര പകർന്നാലും

തിരിച്ചറിയാം!
ഭ്രാന്തിന്റെ ബാർകോഡുകൾ
ചീന്തിക്കളയാൻ
സ്വയം നമുക്കാവില്ലല്ലോ!

(കലാകൗമുദി (1461))

— 53 —

## ഇടമില്ലാതെ

ദൈവമേ!-
വളരെ പതുക്കെ
ഞാനൊന്നു വിളിച്ചോട്ടെ!
തലയ്ക്കു മുകളിലോ
കാൽച്ചുവട്ടിലോ
നീയിപ്പോഴെന്ന്
എനിക്കറിവില്ല.

മണി മുഴങ്ങുമ്പോൾ
ആകാശത്തിലെന്നും
വിളക്കെരിയുമ്പോൾ
നേർമുന്നിലെന്നും
പണമെറിയുമ്പോൾ
പാതാളത്തിലെന്നും തോന്നുന്നു.

പൈതങ്ങളുടെ
സ്വപ്നങ്ങൾക്കു മീതെ
പ്രേതങ്ങളുടെ
കൊലച്ചിരിയാണ്
തെളിഞ്ഞു കേൾക്കുന്നത്.

ചിറകനക്കുന്ന
പ്രാണനു ചുറ്റും
കുറുനരിയാണ് മുരളുന്നത്.
നെന്മണിപോലെ
തൊണ്ടയിൽ കുരുങ്ങിയ ഭയം

ചെറുനാക്ക് പിളരുന്നു.

ദൈവമേ!-
വളരെ പതുക്കെ
ഞാനൊന്നു വിളിച്ചോട്ടെ!
അകത്തു നീ കയറിവന്നാൽ
ഒന്നിരുത്താൻ ഒരിടവുമില്ല-
നിറുത്താതെ കരയുന്ന
കുഞ്ഞിന്റെ നിലവിളിയാണ്
അമ്മയുടെ അകം നിറയെ.

(സെക്രട്ടേറിയറ്റ് സർവീസ് 2005)

— 54 —

## കലക്കം

കലങ്ങിപ്പോയ
കവിതയുമായി
കടവത്തിരിക്കുന്ന
ഒരുവളാണ് ഞാൻ.

നദി വളഞ്ഞു പുളഞ്ഞാണ്
ഒഴുകുന്നത്
കാറ്റ് തിരിഞ്ഞു മറിഞ്ഞാണ്
വീശുന്നത്
പുടവച്ചുറ്റിൽ
വരിഞ്ഞു മുറുകിയ
ഞാൻ മാത്രം
അനങ്ങുന്നില്ല!

ഒഴുക്കിലൂടെ
മുഖം മറച്ച്
കമിഴ്ന്ന നീന്തുന്നത്
എന്റെ പാൽക്കുടമാണ്.
അതിൻമുമ്പേ മിന്നി മറയുന്നത്
കടമ്പിൻ പൂക്കളാണ്.

അകിടു വറ്റിയ പശുക്കൾ,
കരിഞ്ഞുണങ്ങിയ പുൽമേടുകൾ.
എയ്ഡ്സ് ബാധിച്ച
വസന്തത്തിൽ
തണുത്തുറഞ്ഞ

ചിവിട്ടുകളുടെ ശാപരാഗം
വനപതംഗത്തെ വിരക്തനാക്കുന്നു.
ചരിത്രസഞ്ചാരിയെപ്പോലെ
എന്റെ പ്രേമം
തനിച്ച് പിറകോട്ടു നടക്കയാണ്

യാത്രക്കാരില്ലാത്ത
ഒരു തോണിയിൽ
കാഴ്ച നഷ്ടപ്പെട്ട
കുഞ്ഞാടിനൊപ്പം
എന്റെ അക്ഷരങ്ങൾ
ഇടയൻ കൂട്ടില്ലാതെ
സഞ്ചരിക്കയാണ്.
തിരിച്ചു വരുമ്പോഴേക്കും
കൊമ്പു മുളയ്ക്കുമെന്നും
കുതറിച്ചാടുമെന്നും
പുലപ്പേടി.

കടവ്
കടമ്പ്
കാത്തിരിപ്പ്-
ഇത്രയും മതിയോ
ഇനി രാധയാവാൻ?

(കലാകൗമുദി (1511))

— 55 —

## അറിയാതെ

ഹൃദയം
എന്ന ഒന്നിനെപ്പറ്റി
ഓർക്കാനാവാത്ത വിധം
ഞാനൊരു
കാർഡിയാക്  സർജനായിക്കഴിഞ്ഞു

കവിത
എന്ന ഒന്നിനെപ്പറ്റി
കരുതാനാവാത്ത വിധം
ഞാനൊരു
കാവ്യനിരൂപകനായിക്കഴിഞ്ഞു.

പരിസ്ഥിതിയെപ്പറ്റി
പറഞ്ഞു പറഞ്ഞ്
എന്റെ പ്രകൃതി ബോധം
സ്ഥലജലഭ്രമത്തിൽ
കമഴ്ന്നടിച്ചു വീണു.

പിൻവാതിലിലൂടെ
വലിഞ്ഞുകേറിയ
പെൺവാണിഭം
വൻതമാശയായി
എന്റെ മനസ്സിൽ
പടിപ്പുരയും
മാളികയും വെച്ച്
സസുഖം പാർപ്പായി

അറിയാതെ
എന്തെല്ലാം സംഭവിക്കുന്നു!
ഞാൻ അപരാധിയല്ല
എന്നു മാത്രമേ
എനിക്ക് പറയാൻ കഴിയൂ!...

(സമകാലികമലയാളം 2005)

— 56 —

## ആദിയിൽ മുറിഞ്ഞ വാക്ക്

'മാ...' എന്നയാൾ മൊഴിഞ്ഞപ്പോൾ
മകനൊരുവൻ പറഞ്ഞു,
മാ വാരികകളെക്കുറിച്ചാണ്.
അല്ല,
മാർക്സിസത്തിന്റെ
അപചയങ്ങളെക്കുറിച്ചെന്ന്
മറ്റൊരുവൻ.
ഗീതാ വചനത്തിന്റെ
ദാർശനികതയെന്ന്
തൊട്ടിളയവൻ.
ഒന്നുമല്ല,
ആൾദൈവത്തെ വിളിച്ച്
നഷ്ടങ്ങളുടെ
കണക്കുചോദിച്ചതാകുമെന്ന്
വെള്ളം തൊട്ടുകൊടുക്കുന്ന
ഭാര്യ.

സത്യം ആരറിഞ്ഞു?-
വൃദ്ധസദനത്തിലുപേക്ഷിച്ച
പെറ്റമ്മയെ
തിരിച്ചുവിളിക്കാൻ
പിടഞ്ഞതായിരുന്നു.
പിന്നെ,
ശ്വാസത്തിന്റെ
ഒരു തരിപോലും

അവശേഷിച്ചില്ല,
എന്തൊരു ശാന്തതയായിരുന്നു!
പക്ഷേ,
ആദിയിൽ മുറിഞ്ഞ
ആ വാക്കു മാത്രം
അപ്പോഴും
ചോര വാർന്നുകിടന്ന്
പിടക്കുകയായിരുന്നു.

(ഗ്രന്ഥാലോകം 2009)

## — 57 —

# നീലകണ്ഠം

ഭൂകമ്പശേഷം
പത്തിവിടർത്തിയ
സുനാമികൾക്കിടയിലൂടെ
ഞാനാ മുഖം കണ്ടു.

താത്രിക്കുട്ടിയിൽനിന്ന്
റജീനയോളം പാഞ്ഞുയർന്ന്
സഹസ്രാക്ഷമായി പതഞ്ഞ
രാക്ഷസച്ചിരിയിൽ മുങ്ങി
പറഞ്ഞതൊക്കെ
പതിരായ മട്ടിൽ
പകച്ചിരിപ്പൂ
പാവം കവിത!

വാപിളർന്നു മരിച്ച
അക്ഷരങ്ങൾ,
തിരയെടുത്തുപോയ
ക്രൗഞ്ചസ്വപ്നങ്ങൾ,
പ്രളയകാളിമയിൽ
അമൃതത്വവും
അമ്ലത്വവും
നുരഞ്ഞുപൊന്തുന്ന
ഉന്മാദധ്വനികൾ!

കീറിപ്പറിഞ്ഞ്
അഴകിയിഴയുന്ന

ആലിലകൾ,
ഇലയിൽനിന്നടർന്ന്
കുതിർന്നടിഞ്ഞുപോയ
ഉണ്ണിവിരലുകൾ,
ആത്മാവിലേക്ക്
ഒരുനിമിഷവും
ഇരമ്പിക്കയറുന്നില്ല.
ഇല്ല-
ഇനി ഒരെഴുത്തും
സാധ്യമല്ല!

എന്റെ വെള്ളിത്തളികയിൽ
എഴുന്നുനിൽക്കുന്നു
കനൽച്ചിതമ്പലുമായ്
ഒരഗ്നിഗോളം,
തൊട്ടടുത്ത്
ഇലച്ചീന്തിൽ
ചൂഴ്ന്നെടുത്തുവെച്ച
ശാരികയുടെ നോട്ടംപോൽ
മറ്റൊന്ന്!

തിരുനാമങ്ങൾ
സുനാമിയിലലിയുമ്പോൾ
പതറിപ്പായുന്ന
തിമിംഗലത്തെപ്പോൽ
ഒന്നു വായ്പൊളിക്കാൻ
കഴിഞ്ഞെങ്കിൽ!
പൊള്ളുന്നതെല്ലാം
വാരിവിഴുങ്ങി
ചുട്ടുപഴുത്ത
ഈ നീലകണ്ഠം
ഒന്നുടഞ്ഞു തകർന്നെങ്കിൽ!
തിളച്ചുരുകുന്ന
നോട്ടത്തിൽനിന്ന്
ഒലിച്ചുപോകാമായിരുന്നു.
എവിടേക്കെന്നു മാത്രം
ചോദിക്കരുത്!

(മാധ്യമം 2005)

— 58 —

## മൊഴിപതറുമ്പോൾ

ഭ്രൂഖണ്ഡങ്ങൾ ഇടിഞ്ഞുരഞ്ഞ്
ശിരസ്സിൽ നിന്ന്
തീ പാറുകയാണ്!

ധ്രുവക്കരടികൾ കിതച്ചുകൊണ്ട്
ദിശ മറന്നോടുന്നു.
ആകാശച്ചെരിവിൽ
മേഘത്തുളയിലൂടെ
ചുവന്നുജ്ജ്വലിച്ച താരങ്ങൾ
തമോഗർത്തത്തിലേക്ക്
ഒന്നൊന്നായി അടർന്നു വീഴുന്നു.

കടലിലേക്ക് ഊളിയിട്ട
കോപക്കാറ്റുകൾ
മൈനാകങ്ങളെ പൊക്കിയെടുത്ത്
ആർത്തുയരും മുൻപ്
മൗനത്തിലേക്ക്
ഒടിഞ്ഞു തൂങ്ങുന്നു.
കണ്ടൽപ്പൊറ്റയ്ക്ക് മുകളിലൂടെ
നാക്കു പരത്തിപ്പടർന്ന വ്യാളികൾ
വാക്കിന്റെ വാതിലടയ്ക്കുന്നു.

വിശന്നുറങ്ങിപ്പോയ
കുഞ്ഞിനരികിൽ
ഒറ്റവിളക്കിൽ
അവസാനത്തെ അന്നക്കിനാവും

ആത്മാഹുതി ചെയ്യുന്നു!

ഇനി???
ഒന്നുമില്ല,
ഇതെന്റെ മനസ്സാണെന്നറിയുക!
'ഛൂ! എന്ത് മനസ്സ്!'
ആരോ
അതെടുത്ത്
പന്തടിക്കയാണ്!
മൊഴിമാറ്റിപ്പറയുമ്പോൾ
കാണികൾ ഇരമ്പുന്നു.
സ്റ്റേഡിയത്തിൽ
എന്റെ ഹൃദയത്തിനുമാത്രം
ഇരിപ്പിടമില്ല!

(ദേശാഭിമാനി വിഷുപ്പതിപ്പ് 2005)

— 59 —

## ... കൊണ്ടുമാത്രം!

എന്നെ പ്രണയിച്ചതുകൊണ്ടോ
പരിണയിച്ചതു കൊണ്ടോ
അല്ല!
എന്നോടു കലിച്ചതുകൊണ്ടോ
കലമ്പിയതുകൊണ്ടോ
അല്ല!

എന്റെ കണ്ണു കുത്തിയുടച്ച്
കാതരിഞ്ഞ്, മൂക്കരിഞ്ഞ്
തീ കോരിയിട്ട്
നെഞ്ചിൽ അടുപ്പ് കൂട്ടിയതുകൊണ്ടും
അല്ല!

അവയവങ്ങൾ അഴിച്ചെടുത്ത്
ഹൃദയം കൊത്തിനുറുക്കി
കുപ്പയിൽ
വലിച്ചെറിഞ്ഞതുകൊണ്ടും
അല്ല!

എന്റെ പുഞ്ചിരിക്കും പട്ടിണിക്കും
പിഴ ഈടാക്കിയതുകൊണ്ടും
തലച്ചോർ
ഉരുക്കിപ്പണിഞ്ഞതു കൊണ്ടും
അല്ല!

അമ്മയുടെ നെഞ്ചിൽ
തൊടുത്തു വെച്ച

ഒരു വാളായതുകൊണ്ടു മാത്രം,
അവളുടെ ഉള്ളുരയിൽ
ഉരഞ്ഞുപോകാത്ത
അക്ഷരമായതുകൊണ്ടുമാത്രം
നീ ഒരു മഹാനായി!

(ദീപിക വാർഷികപ്പതിപ്പ് 4/7/2004)

— 60 —

## ഹൃദയത്തിന്റെ വഴി

ഹൃദയം മരവിക്കുന്നത്
നേർവരയിലൂടെയല്ല,
ധമനികൾ ചുട്ടുപഴുക്കുമ്പോൾ
അനാഥരായ വേദനകളെല്ലാം
ഒരേയൊരു ആലയം തേടി
എവിടെ നിന്നാണ്
പാഞ്ഞുവരുന്നത്?
എല്ലാ വെളിച്ചപ്പൊരികളും
ഒരേയൊരു മൺതരിയെ
പ്രണയിച്ച്  ശ്വാസംമുട്ടിക്കുവാൻ,
എവിടെനിന്നാണ്
പാഞ്ഞുവരുന്നത്?

എല്ലാ സിരകളുടെയും
കവാടങ്ങളിൽ
വെന്തുചുവക്കുന്ന
മൊട്ടുസൂചിക്കണ്ണുകളാണ്.
കൊടുങ്കാറ്റും
പ്രളയവും
പാതാളത്തിന്റെ വായ്
വലിച്ചു തുറക്കുകയാണ്.

മലയിടിഞ്ഞുവീണ
കുറ്റൻമഞ്ഞുകട്ടയായ്
കനംതൂങ്ങുന്ന ഈ ഹൃദയം

നനുനനുത്ത ചിലന്തിനൂലിൽ
ഞാന്നു കിടക്കുന്നു.
വിയർത്തു മുഴുവൻ
കുടിച്ച വീർത്ത്,
നിശ്വസിക്കാനും
നിവരാനും
ഓക്കാനിക്കാനും
പാങ്ങില്ലാതെ,
അതിരിടിഞ്ഞ കിണർപോലെ
ജലസ്തംഭത്തിലേക്ക്
ചെരിയുമ്പോൾ
വഴിമുട്ടിയ ഹൃദയവേദനകൾ
എങ്ങോ മറയുന്നു!

കിതപ്പിന്റെയും
ചുവപ്പിന്റെയും ഉത്സവത്തിരക്കിൽ
ആരറിയുന്നു
ഹൃദയത്തിന്റെ വഴി?

(മാതൃഭൂമി ഓണപ്പതിപ്പ് 05/07/2002)

— 61 —

## എളുപ്പം

സ്വപ്നത്തിൽ
നിറഞ്ഞു നിൽക്കുന്നത്
ഇപ്പോൾ പുഴയാണ്-
അല്ല, കാടാണ്!
കരഞ്ഞുകൊണ്ടിരിക്കെ
പുഴ വറ്റിക്കഴിഞ്ഞു,
പുഴയെപ്പറ്റി
പറഞ്ഞതേയുള്ളു
കാടുവെളുത്തുകഴിഞ്ഞു!
വേനൽച്ചൂടിൽ
വെന്തൊടുങ്ങിയവരെ
എണ്ണിത്തീരുംമുമ്പേ
പ്രളയത്തിൽ
ചീഞ്ഞഴുകിയ
ശവങ്ങളുടെ വരവായി!

കാടിന്റെയും പുഴയുടെയും
പൊരുത്തങ്ങളിൽ
ചുരുട്ടിവെച്ച
ഉറുമികളുണ്ട്;
വലിച്ചൂരിയാൽ
വേരറ്റുപോകുമെന്ന്
ആർക്കാണറിയാത്തത്?
ആട്ടം ആടലോടകവും പോലെ
കടലും കടലാടിയും പോലെ

എന്നുറക്കെച്ചിരിച്ച്
എല്ലാവരും അടിവേരുകൾ
അറുത്തുമുറിക്കയായിരുന്നു!

ഈർപ്പമില്ലാത്ത മനസ്സിൽ
ഉഷ്ണക്കാറ്റിന്റെ മുരൾച്ചമാത്രം,
വേലിയേറ്റവും വേലിയിറക്കവും
ജലമറിഞ്ഞവന്റെ നിനവിൽ മാത്രം.

സ്വപ്നത്തിൽ നിറഞ്ഞു നിൽക്കുന്നത്
ഇപ്പോൾ കാടല്ല, പുഴയുമല്ല-
ഇരയായിത്തീരുന്നതിന്റെ
എളുപ്പം മാത്രം.
ഇരയാവുക എത്ര സുഖം!-
തിളങ്ങുന്ന കണ്ണുകൾ
വേട്ടക്കാരന്റേതെന്ന
തിരിച്ചറിവില്ലെങ്കിൽ.

(ദേശാഭിമാനി ഓണംവിശേഷാൽപ്രതി 2004)

— 62 —

# തിരഞ്ഞെടുപ്പ്

ഒരു നിറം
തിരഞ്ഞെടുക്കാനാവാതെ
തുണിക്കടയിൽ
കുഴഞ്ഞു നില്ക്കുന്നവൾ
ഞാനാണ്.
ഒരു വഴി തിരഞ്ഞെടുക്കാനാവാതെ
പുഴക്കരയിൽ
പിൻതിരിഞ്ഞു നടക്കുന്നവൾ
ഞാനാണ്.
ഒരു വാക്ക്
തിരഞ്ഞെടുക്കാനാവാതെ
കവിതയിൽ
തപ്പിത്തടയുന്നവളും
ഞാൻതന്നെ.
ജനനത്തിലും
മാതൃത്വത്തിലും
തിരഞ്ഞെടുപ്പുകളില്ല!
മതത്തിലും
മരണത്തിലും
തിരഞ്ഞെടുപ്പുകളുണ്ടോ?
ജനാധിപത്യത്തിൽ
തിരഞ്ഞെടുപ്പുകൾ
മാത്രമേയുള്ളൂ.
എന്നിട്ടും

വോട്ടിംഗ്  യന്ത്രത്തിനു മുന്നിൽ
ഞാൻ പകച്ചു നിന്നതേയില്ല!
എവിടെ കുത്തണമെന്ന്
എനിക്കറിയാം,
ഹൃദയാലുക്കൾ
അതുമാത്രം
എന്നെ പഠിപ്പിച്ചു!

— 63 —

## അളക്കുന്നവർ

അളക്കുന്നവർ
എനിക്കു ചുറ്റും കൂടി.
നടപ്പാതയിലേയ്ക്ക്
തെറിച്ചു നില്ക്കുന്ന
ഈ മൂക്ക്
ഒന്നൊടിക്കണം,
മതിലിനേക്കാൾ
ഉയർന്നു നില്ക്കുന്ന
ഈ തോളുകൾ
ഒന്നിടിച്ചു താഴ്ത്തണം,
സമരത്തീയിലേക്കായുന്ന
അടക്കമില്ലാത്ത
അൽസേഷ്യൻ കാലുകൾ
‘പൂച്ചനട’ യിൽ പൂട്ടണം.
നെഞ്ചുറപ്പിൽ
ഒരു തീക്കട്ടയെറിഞ്ഞ്
ഇളക്കിയുരുക്കണം,
പരുപരുപ്പിൽ
മയിലെണ്ണയിട്ടുഴിയണം,
കരിമിഴികൾ ചായണം,
ചൊടിയിണകൾ ചോക്കണം,
തിരയിളക്കം
അരയൊതുക്കം
അന്നക്കിളി

ലജ്ജാവതി...!
ഇളവെയിൽപോൽ,
ഇളംകാറ്റുപോൽ,
ഇളനീർക്കുടം പോൽ,
പോൽ, പോൽ, പോൽ!
അളവുകളിൽ
ഞാൻ വിടരുന്നുവോ?
അതോ ചുരുളുന്നുവോ?

— 64 —

## പ്രണയവും കവിതയും

അനാർക്കലിയായി
അഭിനയിച്ചപ്പോഴെല്ലാം
പരാജയപ്പെട്ടവൾ,
വിഷക്കോപ്പയുടെ
പരസ്യം കണ്ട്
മോഹാലസ്യപ്പെട്ടവൾ,
പ്രണയത്തെക്കുറിച്ച്
കവിതയെഴുതാൻ
ഇവൾക്കില്ല തെല്ലും യോഗ്യത!

വിധിക്കെതിരെ
മുന്തിരിക്കുറുക്കന്റെ സ്വപ്നമായ്
മനസ്സിൽ മിനുത്തുരുണ്ടുരുണ്ട്
അതാടിക്കളിച്ചു
പ്രണയം
കവിതയിൽനിന്ന്
പുറംതള്ളപ്പെട്ടുംവരെ
ഇവൾ ചാടിക്കൊണ്ടിരുന്നു.
ഇപ്പോൾ
ഇവളുടെ പ്രണയ കവിതകൾ
എല്ലാം അപ്രകാശിതം.
അതിൽ
പ്രണയവുമില്ല
പരിക്കുമില്ല.
വിപ്ലവകവിതകളിൽ

ച്ചുവപ്പുണ്ട്, ചോരയില്ല.
അവസാനമെഴുതിയ
ആത്മീയകവിതകളിൽ
ആത്മാവുണ്ട്,
അനക്കമില്ല!

കവിതയ്ക്ക് പുറത്തായപ്പോഴാണ്
കടലെടുത്തുപോയ
പ്രണയത്തിന്റെ ഭാഗപത്രം
അവൾ മലർക്കെ തുറന്നത്.

(സെക്രട്ടേറിയറ്റ് സർവീസ് ഓണപ്പതിപ്പ് 2009)

— 65 —

## പ്രണയശേഷം

പ്രണയിക്കുവാൻ
ഒരു വാക്കു മതി,
ക്രൂശിക്കുവാനും!

പ്രണയം
വിരഹാർത്തിയായ്
കുറുനാക്കിൽ കുറുകുമ്പോൾ
പടിവാതിലിൽ നിന്ന്
പാതയോളം വഴിയുന്ന
ഒരു നോട്ടം മതി
കാത്തിരിപ്പിന്റെ
ആഴം കുറിക്കുവാൻ.

ഇടവേളയിൽ
വെറുപ്പിഴഞ്ഞ്
വിഷം തീണ്ടിയ
കൺപീലികൾ
കത്തിക്കരിഞ്ഞു പോയാൽ
ഒരു കാറ്റനക്കം വേണ്ട
ചാമ്പലായ് ഉതിരുവാൻ.

പ്രണയ ദാഹം കൊണ്ട്
ഉറങ്ങാനാവാത്ത
നിർലജ്ജയായ നിശാചരിയോട്
ഞാനാരാഞ്ഞു.
രാവിനെ പിച്ചിപ്പിഞ്ഞി

കിടയ്ക്കയിൽ വിതറി
പാമ്പായുരുളുന്ന
ഉന്മാദിനിയോടും ചോദിച്ചു.
പ്രണയശേഷം
തേയ്മാനം വന്ന വാക്കിനാൽ
അതു കുറിക്കരുതെന്ന്
അവർ പറഞ്ഞു.
അമൃതേത്തു കഴിഞ്ഞു
മയങ്ങുന്ന സിംഹത്തിന്റെ
മുഖത്താണിപ്പോഴും
എന്റെ നോട്ടം,
ഇമയനങ്ങാതെ
ഒഴുകി മായുന്നൊരു
സുഗന്ധത്തിനു പിറകെയാണ്
എന്റെ ആത്മാവ്.

കാഴ്ചയിൽ
ഒരു പേടിയായും
പടയ്ക്കു മുമ്പുള്ള
പിടച്ചിലായും
പ്രണയം എന്നെ
മുറുകെ പുണരുമ്പോൾ
നിഴലുകൾക്ക് നീളം കുറഞ്ഞ്
ഗുഹാമുഖങ്ങളിൽ
ചന്ദ്രനുദിക്കുന്നു.

ഇപ്പോഴറിയാം-
പ്രണയിക്കുവാൻ
ഒരു വാക്കും വേണ്ട,
കുരിശുകളെ മറന്നേയ്ക്കുക!

(കേരളകവിത 2004)

— 66 —

# സുരയ്യ

അവൾ
നമുക്ക്
കടംകഥയാണ്
ഞങ്ങളുടെ
വീടാക്കടങ്ങളുടെ
ഒഴിയാബാധകളുടെ
പൊട്ടാത്തുടലുകളുടെ
ചിരിയും ചിലമ്പും ചിന്നുന്ന
പെരും കഥയാണ്.
ശ്യാമവസനത്തിൽ ഒളിച്ച
ഉടലിന്നടിയിലെ
ഉറവിലേയ്ക്കുള്ള
ഏകാകിനിയുടെ
തീർത്ഥാടനമാണ്.
കുളിച്ചു കുറിയിട്ട്,
പുതച്ച് കുറിമായ്ച്ച്,
നമസ്കരിച്ചു നിസ്കരിച്ച്,
അതിരു വലിച്ചുരിയ
പ്രേമകാരുണ്യങ്ങളുടെ
ലാവയായും
ലാവണ്യമായും
പൊരിയും മനസ്സിന്റെ
വറവുചട്ടികളിൽ
പകർന്നുവീഴുന്ന

പനിയും നീരുമാണ്,
പനിനീരല്ല.
ഇടം കണ്ണിലെ തേനും
വലം കണ്ണിലെ തീയുമല്ല,
കാവ്യത്തിൽ കലക്കിയ
സുരയും സുറുമയുമല്ല,
വികൃതമാക്കിയ
സുകൃതമല്ല,
മൊഴിമാറ്റത്തിലും
മതംമാറ്റത്തിലും
ചോർന്നുപോകാത്ത
അമൃതത്വത്തിന്റെ
അണിമയാണ്.
വിരലിൽ നിന്ന്
എഴുത്താണിയൂരി
നെഞ്ചിൽ കനലായ്
കുത്തിയൊരമ്മ
കനിവിന്റെ
കരിമുന്തിരി നീട്ടുമ്പോൾ
അറയ്ക്കുന്നുവോ?
വിറയ്ക്കുന്നുവോ?
അവളെങ്ങനെ
വെറുമൊരു താമരപ്പൂവാകും?
ചെറുമുല്ലപ്പൂവാകും?
അത്തറിൽ കുതിർന്ന
അമ്പിളിപ്പൂവാകും?
ഓരോപൂവും
വിരിയുന്നതും വാടുന്നതും
ഓരോവിളക്കും
തെളിയുന്നതും അണയുന്നതും
അറിഞ്ഞുകൊണ്ടിരിക്കുന്ന
പ്രേമത്തിന്റെ ദിനചര്യകൾ
നമുക്കൊരു കടംകഥയല്ലോ!

(സമകാലികമലയാളം (1178 വൃശ്ചികം))

— 67 —

## ഊഴം

നക്ഷത്രങ്ങൾ
ചങ്കു പൊട്ടി മരിക്കുന്നത്
ഉദയത്തിനുമപ്പുറത്തല്ല,
ആടിത്തിമിർക്കുന്ന
ജീവിതത്തിന്റെ ചെരിവിലാണ്

കാവല്ക്കാരില്ലാത്ത കാനനത്തിലൂടെ
ഇരുൾപ്പരപ്പിന്റെ ജ്യാമിതിയിലൂടെ
തണ്ണീർപ്പന്തലും
സ്നാനഘട്ടങ്ങളുമില്ലാത്ത
പ്രകാശവർഷങ്ങൾ താണ്ടി
പാഞ്ഞുവരുന്നു
പാവച്ചരടു പൊട്ടിയ
വെളിച്ചത്തുള്ളി.
തുള്ളിത്തുള്ളിയെൻ നെഞ്ചിൽ
സൂചിവിരൽ കുത്തിനിൽക്കുന്നു
വക്കുടഞ്ഞു ചിതറി
വാക്കായ് പിടയ്ക്കുന്നു:

'ഞാനിതാ
നിന്നിലേക്ക് ചൂഴ്ന്നിറങ്ങുന്നു,
എന്നെ വീണ്ടും ജ്വലിപ്പിക്കൂ!'

ഓരായുസ്സുമുഴുവൻ
കത്തിക്കാളി
കരിക്കട്ടയായ

ചിരട്ടക്കഷണം പറയുന്നു:

'ഉയിർത്തെഴുന്നേല്ക്കാനുള്ള
മണ്ണും പിണരും
നിന്നിൽനിന്ന്
എനിക്ക് അളന്നെടുക്കണം!'

കലങ്ങിമറിയുന്ന
കരിഞ്ചുവപ്പിനടിയിൽ
പ്രാണവായുവിന്റെ ചുഴലിയിൽ
തിളക്കത്തിന്റെ ഉന്മാദം!
ഒരു നക്ഷത്രത്തിന്റെ ഉദയം!
തിരിച്ചറിയുന്നു ഞാനിപ്പോൾ-
എല്ലാം പഴയതുതന്നെ!
ഒരു ചിരട്ടക്കഷണം,
ഒരു ഊത്ത്,
ഉദിക്കുന്നത് നക്ഷത്രങ്ങൾ,
ചങ്കുപൊട്ടി മരിക്കുന്നത് നക്ഷത്രങ്ങൾ,
വെളിച്ചത്തിൽ
വിറകൊള്ളുന്നതു മാത്രം നേര്!
ഇനി എന്റെ ഊഴമാണ്.

(ദേശാഭിമാനി ഓണം വിശേഷാൽപ്രതി 2003)

— 68 —

## അകലങ്ങൾ

അതിരുകൾക്കപ്പുറത്തുനിന്ന്
ആദ്യത്തെ കിളി കൂകിയപ്പോൾ
പ്രണയത്തിന്റെ അടുപ്പം
ഞാൻ തിരിച്ചറിഞ്ഞു.

വിശന്ന കഴുകനും
വിയർത്ത കാറ്റിനും
ഇടയിലൂടെ
ഒഴിഞ്ഞ കുടയുമെടുത്ത്
പുലരിച്ചോപ്പിലൂടെ
തുട്ടുതുട്ടുത്ത്
ഞാൻ തനിച്ചു നടന്നു.

അതിരുകൾക്കിപ്പുറത്തുനിന്ന്
ആദ്യത്തെ വെടി
മുഴങ്ങിയപ്പോൾ
പ്രണയത്തിന്റെ അസ്തമയം
ഞാൻ ഏറ്റുവാങ്ങി.

വെറുങ്ങലിച്ച രാപ്പാതിയിൽ
അമാവാസിയുടെ
രോഗശയ്യയിൽ
കുഴഞ്ഞുവീണ വാക്കിൽ
ചവിട്ടി
എരകപ്പല്ലുകൾ
കോതിയുരഞ്ഞ്

നൂൽപ്പാലത്തിലൂടെ
ഞാൻ കൂട്ടംകൂടി നടന്നു.

അടുപ്പത്തിന്റെ
എടുപ്പുകളിൽനിന്ന്
ഓരോ പീരങ്കിയും
ആരെയാണ് ചൂണ്ടുന്നതെന്ന്,
ഏതുകുലത്തിന്റെ
എരിതീയാണ് തുപ്പുന്നതെന്ന്
ഞാൻ നേരിട്ടറിഞ്ഞു.

എന്നിട്ടും
നിരന്തരം ഞാൻ
തിരഞ്ഞുനടക്കുന്നു.
കുളിച്ചു കയറാൻ സമ്മതിക്കാതെ
പുഴയുടെ അസ്ഥിവാരം
ഹൃദയത്തിൽ സ്തംഭിച്ചു നിൽക്കെ
ഞാനൊരു
അണക്കെട്ടായി മാറുന്നു.

ഇതാണു ഞാനെങ്കിൽ
അകലത്തിന്റെ അർഥം
ഇനി തിരയേണ്ടതില്ല!

ഉയരം കൂട്ടുക,
കവിഞ്ഞൊഴുകുക,
പ്രണയം മറന്ന്
പ്രവാഹത്തിൽ കുത്തിയൊലിക്കുക!
തിരുശേഷിപ്പുകളില്ലാതെ.

(ദീപിക വാർഷികപ്പതിപ്പ് 2003)

— 69 —

## പല്ലുകൾ

ഒരൊറ്റ ദിവസമെങ്കിലും
കുട്ടികളുടെ പ്രധാനമന്ത്രിയാവുക!
ഇന്നലെയാണാ അരുമസ്വപ്നം
അടിവേരോടെ
മനസ്സിൽനിന്ന്
ഞാൻ പിഴുതെറിഞ്ഞത്.
ശിശുവാകുന്നത്
അത്ര നിസ്സാരമല്ലെന്ന്
എനിക്കിപ്പോൾ നന്നായറിയാം.
ദേവകിയും
യശോദയും
കന്യാമേരിയും
അമ്മമാരായ അമ്മമാരെല്ലാം
വിലക്കിയതുകൊണ്ടല്ല.
ഇപ്പോൾ
കുട്ടികൾക്കെല്ലാം
നല്ല മൂർച്ചയുള്ള പല്ലുകളുണ്ട്.
എത്ര വേഗമാണ്
അവർ പാകമാകുന്നത്!
കമരുംമുമ്പേ ഇരിക്കാനും
ഇരിക്കുംമുമ്പേ കാൽനീട്ടാനും
കാൽനീട്ടുംമുമ്പേ
നഖം നീർത്താനും
അവർക്കറിയാം.

ബാലസാഹിത്യം കടിച്ചുകീറി,
സൈബർ ചുരത്തിലേക്ക്
നുണ്ടുകേറി,
എലിപ്പല്ലിളിച്ചുകാട്ടി
പേടിപ്പിക്കാനും
അവർക്കറിയാം.
ആരാണതൊക്കെ
പഠിപ്പിക്കുന്നതെന്ന്
അറിഞ്ഞിട്ടും കാര്യമില്ല.
കുഞ്ഞാവാൻവേണ്ടി
ഞാനെന്റെ പല്ലുകൾ
ഒന്നൊന്നായി പറിക്കുകയായിരുന്നു.
ഇനിയെത്ര ബാക്കിയെന്നല്ല
ഇനിയും പറിക്കണോ
എന്നാണിപ്പോൾ.
പല്ലില്ലാത്ത ഞാൻ
കുഞ്ഞാവുന്നതെങ്ങനെ?
പിന്നെയല്ലേ, പ്രധാനമന്ത്രി!

(ദേശാഭിമാനി വാരാന്തപ്പതിപ്പ് 2003 ജനുവരി 19)

— 70 —

# മറിയ

മറിയ
വാതിൽക്കൽ തന്നെ നിൽപാണ്!
എത്ര മറിമറിഞ്ഞാലും
അവളെക്കടന്ന്
ഒരു ചുവടുപോലും
പാവം എനിക്കാവില്ല.

നഖമുനയാൽ
എന്റെ സീമന്തത്തിൽ
അലസമായി ചുരണ്ടിക്കൊണ്ട്
ഇളകിച്ചിരിക്കയാണവൾ.

അകിൽപ്പുകയിൽ
അഴിഞ്ഞുലഞ്ഞ്
വിശുദ്ധപാദങ്ങളിൽ
ഓളം തല്ലുന്ന
സുവർണ ചിരം
എന്റെ കൃഷ്ണമണികളിൽ
മാറാല ചുറ്റുന്നു.

തൈലമൊഴുകിപ്പരന്ന്
എന്റെ നടപ്പാതകളും
അകത്തളങ്ങളും
ആകമാനം ഒട്ടിപ്പിടിക്കുന്നു.

മഞ്ഞളും മൈലാഞ്ചിയും
താംബൂലവും പഴപ്പിച്ച

പിംഗള സന്ധ്യ പോലെ
ഉലയിൽ ഉരുകിജ്വലിക്കയാണ്
മറിയ.
എന്റെ ശയ്യാഗാരത്തിന്റെ
വെളിയടകൾ മാന്തിപ്പറിച്ച്
അവൾക്കായി തിറയാടുന്നു
പൂതക്കൂട്ടങ്ങൾ,
കൂരൽ നീട്ടുന്നു
കരിമ്പനകൾ.

ഒളിപ്പോരിന്റെ
കവചമില്ലാതെ
ഗിരിശൃംഗങ്ങൾ കയറുന്ന
പോരാളിയാണ്  മറിയ,
കടലൂറ്റിക്കുടിക്കുന്നവന്
പിറക്കാനുള്ള ഗർഭപാത്രത്തിലേക്ക്
ഉന്നം തെറ്റാതെ
ഒളിയമ്പെയ്യുന്നവൾ മറിയ.

ഭയം മുട്ടയിട്ട്  വിരിയുന്ന
എന്റെ സന്തതികളേ,
എനിക്കവളോട്
വാതു കെട്ടാൻ ആവതില്ല!

നിങ്ങളുടെ രതിയും വിരതിയും
ഏറ്റുവാങ്ങി,
അലക്കിവെളുപ്പിച്ച്
എന്റെ ജീവിതം മടക്കിത്തരുന്ന
പുഴയാകാൻ
അവളോടെങ്ങനെ
ഞാൻ പറയും?

കുരിശേറിയവന്റെ
കുദാശയിൽ സ്നേഹപ്പെട്ടവൾ
എന്റെ ഞെരിഞ്ഞിൽക്കിടക്കയിൽ
ഇടം ചോദിക്കുമ്പോൾ
ഇല്ലെന്നേ ഞാൻ മുഖം തിരിക്കൂ.
എങ്കിലും,

ഒരു ചുവടുപോലും
മുന്നോട്ടെടുക്കാൻ
എനിക്കാവതില്ല.
മറിയ
വാതിൽക്കൽ തന്നെ നിൽപാണ്.
ഒരു കന്മതിൽ പോലെ,
കടൽ പോലെ!

(മാധ്യമം ആഴ്ചപ്പതിപ്പ് 2003 ജൂൺ 27)

— 71 —

## കുഴമണ്ണ്

കുഴമണ്ണ്
ഒരു മാനസികാവസ്ഥയാണ്,
ചവിട്ടുംതോറും നിലതെറ്റുന്ന,
ചാറ്റൽ മഴയുണ്ടെങ്കിൽ
കുതിർന്നു പിടിക്കുന്ന,
അലിവുണ്ടെങ്കിലും
അടിവയറ്റിൽ ആളിപ്പിടിക്കുന്ന
അവസ്ഥയാണ്.
പശയുണ്ടെങ്കിൽ ഒട്ടിപ്പിടിക്കും
പശിമയുണ്ടെങ്കിൽ വെട്ടിപ്പിടിക്കാം
കുശലതയുണ്ടെങ്കിൽ
കലങ്ങൾമെനഞ്ഞ്
കട്ടമാങ്ങയിടാം
കഷായം വെക്കാം
കവിത കുറുക്കാം
ചിതാഭസ്മം കെട്ടിവെക്കാം.
പശയും പശിമയുമില്ലാത്ത
വെറും കുഴമണ്ണ്
നപുംസകത്വം നിറഞ്ഞ
ഒരപകടമാണ്.
കൊതിയില്ല, കൊതിക്കെറുവില്ല,
കൊഴപ്പമില്ല
ഇരന്നു കിട്ടിയ
അന്നവും ജലവുംകൊണ്ട്

ആരെയും താങ്ങി നിർത്തും
ഏതു നിമിഷവും പൊട്ടി
അയഞ്ഞുതുങ്ങാവുന്ന
നാഡീവ്യൂഹം പോലെ
അസ്ഥിരതയിൽ കിതച്ചുകൊണ്ടിരിക്കും
ഈ മണ്ണു കൊണ്ട്
ഒന്നും മെനയാനാവില്ല
കുഴച്ചുകൊണ്ടിരിക്കെ
കുഴഞ്ഞു വീഴുക
ഒരു പിടപ്പ്! ഒരു വീർപ്പ്! എല്ലാം തീർന്നു!

(കേരളകവിത 2003)

— 72 —

# അന്തസ്സ്

ബാൽക്കണിയിൽനിന്ന്
ബാൽക്കണിയിലേക്ക്
അവർ സംസാരിച്ചുകൊണ്ടിരുന്നു.
രാധയും മീരയുമല്ല,
ഗാന്ധാരിയും കുന്തിയുമല്ല,-
അംബികയും അംബാലികയും!

ഫ്ലാറ്റിന്റെ ഏഴാം നിലയിൽ
മാർബിൾത്തറയിലെ
ചിത്രത്തൂണിനരികിൽ
ഓർക്കിഡ് പുഷ്പങ്ങളെപ്പോൽ
ഒരുങ്ങിനിന്നാണവർ
സംസാരിച്ചത്.

ചരിത്രത്തിൽ
ഇടം തേടാനുള്ള
വ്യഗ്രതയും വ്യാകുലതയും
അവരെ അലട്ടിയില്ല.

അകലെനിന്ന്
തുറിച്ചുനോക്കുന്ന
ഓറഞ്ച് സൂര്യൻ
അവർക്കൊരു പ്രശ്നമായില്ല.

ഇരകിട്ടാതെ
വൃദ്ധസദനത്തിലേക്ക്
കുഴഞ്ഞു പറക്കുന്ന

എരണ്ടപ്പക്ഷികളെ
അവർ കണ്ടതായി തോന്നിയില്ല.

കണ്ണീരിന്റെ മണ്ണൊലിപ്പുള്ള
ഭ്രവിതാനങ്ങളിൽനിന്ന്
ഏറെ ഉയരത്തിലാണവർ.
താഴെ ഗേറ്റിൽ
ഒരു വെള്ളക്കാർ,
സ്വീകരണമുറിയിലെ തെളിച്ചങ്ങൾ,
കുട്ടികളുടെ പാഠപുസ്തകങ്ങൾ,
ഉടുപ്പ്, ഉറക്കം, ഉണർച്ച,
സവാരിഗിരിഗിരി,
പപ്പട ഫലിതങ്ങൾ,
പൊട്ടിച്ചിരികൾ-
അത്രയൊക്കെ ധാരാളം.

ബാൽ'ക്കെണി' യിൽ നിന്ന് ചാടിയ
അംബയെക്കുറിച്ച്
അളവില്ലാത്ത സഹതാപത്തോടെ
അലോസരപ്പെടുന്നൊരു നിശ്വാസത്തോടെ
അവർ പറയാറുണ്ട്.

എങ്കിലും,
ടെറസ്സിൽ നിന്ന് ചാടുന്ന തരം
പെൺകുട്ടികളെ
'അന്തസ്സില്ലാത്ത ശല്യങ്ങ' ളെന്ന്
വിധിച്ചുകൊണ്ടാണ്
അവരിന്നു പിരിഞ്ഞത്!

(സ്ത്രീശബ്ദം 2004)

— 73 —

## കാൽപ്പന്ത്

ഒരു പന്ത്
ഉരുണ്ടുകൊണ്ടേയിരിക്കുന്നു.
കറുപ്പും വെളുപ്പും കലങ്ങാത്ത
കണ്മിഴിപോലെ
ഒരു കാൽപ്പന്ത്
ഉരുണ്ടുകൊണ്ടേയിരിക്കുന്നു.
തുടക്കവും ഒടുക്കവുമില്ലാത്ത
കടംകഥയായി,
ഉറക്കവും ഉണർച്ചയുമില്ലാത്ത
ദിവാസ്വപ്നമായി,
വീടു മറന്ന്
വൃവൃസലെ പീപ്പി വിളിച്ച്
ആകാശത്തുലാത്തുന്ന
ഭ്രാന്തൻപരുന്തിനെപ്പോലെ
ഒരു കാൽപ്പന്തു
ഉരുണ്ടുകൊണ്ടേയിരിക്കുന്നു.
മുഖത്ത്  ചായം തേക്കാതെ
അടുക്കളയിൽ നിന്ന്
അങ്ങാടിയിലേക്ക്
മറ്റൊരു പന്ത്
ഉരുണ്ടുകൊണ്ടേയിരിക്കുന്നു.
വിലക്കുതിപ്പിൽ
തടഞ്ഞുനില്ക്കുമ്പോൾ
കണ്മിഴിയിലെ

കറുപ്പും വെളുപ്പും കലങ്ങുന്നു.
പിറകിൽ ആഞ്ഞുപൊങ്ങുന്ന
കാല്പാദത്തിന്റെ ഊറ്റത്തിൽ
പിന്നേയും
അതുരുണ്ടുകൊണ്ടേയിരിക്കുന്നു.

ഇടവഴിയിലും മുറ്റത്തും
ചളിയിൽ പൂണ്ട
കാലവർഷത്തിന്റെ മുരൾച്ച.
വിഷപ്പനിയുടെ
സുവർണപാദുകവുമായി
വാതില്പടിയിൽ
ആർപ്പുകാർ.
കുട്ടികളുടെ ഒച്ച
വറ്റിയിരിക്കുന്നു.
ജബുലാനിയേക്കാൾ
പഴയ പന്ത്
നെഞ്ചുരഞ്ഞുകൊണ്ട്
ഉരുണ്ടുകൊണ്ടേയിരിക്കുന്നു.

(സ്ത്രീശബ്ദം ഓണം സ്പെഷൽ 2011)

— 74 —

## അവശം

അക്ഷരങ്ങളുടെ
തുണയില്ലാതെ തന്നെ
പ്രേമിക്കുവാൻ
നമുക്കറിയാം.
എന്നിട്ടും
അനുരാഗമൂർച്ഛയിൽ
അവശരായിത്തീരുന്ന
അക്ഷരങ്ങൾ പടുത്താണ്
നിത്യവിസ്മയങ്ങളായ
പ്രേമകുടീരങ്ങൾ
നാം പണിതുയർത്തിയത്.

ഇപ്പോൾ
താജ്മഹലിന്റെ
വെണ്ണക്കല്ലിൽ നോക്കാതെ
പ്രേമത്തെക്കുറിച്ച് പാടാൻ
നമുക്ക് വയ്യെന്നായിരിക്കുന്നു!

ഒമർഖയ്യാമിന്റെ
പാനപാത്രത്തിൽ മുട്ടിക്കാതെ
പ്രേമത്തെ തുടുപ്പിക്കാൻ
കഴിയില്ലെന്നു വന്നിരിക്കുന്നു!

ശലഭം തൊട്ടുണർത്താതെ
ഒരു പൂവിതളും
വിരിയുമെന്ന് കരുതാൻ

നമുക്ക് ആവതില്ല!
കൊടുമുടികൾ കയറിയിറങ്ങിയ
അക്ഷരങ്ങളുടെ ബധിരവിലാപം
പ്രണയകർണ്ണങ്ങളെ തഴുകാതായി.
മുക്കിൽ ചാരിവെച്ച
കുടയെടുത്ത്
തിരിയുന്ന മാത്രയിൽ
പ്രേമം വിസ്മൃതമാവുന്നു.
മഴ-
വെയിൽ,
വെയിൽ-
മഴ,
ജീവിതത്തിന്റെ
ഇടവപ്പാച്ചിലും
മീനപ്പാച്ചിലും
അക്ഷരങ്ങളെ
കവച്ചു ചാടുന്നു.

സ്വരാക്ഷരങ്ങൾ കുറുകിവറ്റിയ
ആളനക്കമില്ലാത്ത ഇടവഴികളിലൂടെ
പ്രേമം ഉൽക്കപോലെ പായുകയാണ്.
വഴി വെട്ടിയ അക്ഷരവും
വഴി വിട്ട പ്രണയവും തമ്മിൽ
ഇനി കണ്ടു മുട്ടുമോ, ആവോ!

— 75 —

## മറക്കുന്നത്

ചിരിക്കിടയിൽ
നാം മറക്കുന്നത്
നെടുവീർപ്പുകളാണ്.
ജീവിതം
ഒറ്റച്ചിരിയിൽ
ഒതുക്കാൻ കൊതിച്ച്
ഒറ്റക്കുതിപ്പിൽ
വാ തുറക്കുമ്പോൾ
ചിരിക്കേണ്ടതെങ്ങനെയെന്ന്
നാം മറന്നുപോകുന്നു.

പ്രണയവും പ്രളയവും
ഒരേ ചെപ്പിലിട്ട്
കിടുക്കിക്കളിക്കുമ്പോൾ
നാം മറക്കുന്നത്
കരയാനറിയാത്ത
നമ്മുടെ ഭീതികളെ- അല്ല,
ഭീകരതകളെത്തന്നെയാണ്.

കടലാസു പമ്പരത്തിൽ
കയറിക്കൂടിയ കാറ്റിന്റെ
വഴിമറന്ന വിഭ്രാന്തിപോലെ,
മഴക്കൊതിയിൽ
വാ പിളർന്ന വേഴാമ്പൽ
മറന്നിട്ട ദാഹം പോലെ,

ഉടൽ പാതി വെന്ത്
പാഞ്ഞൊളിക്കും പാമ്പിന്റെ
തിരിഞ്ഞിഴയാനാകാത്ത
ശാപം പോലെ
നാമിപ്പോഴും ജീവിക്കുന്നു!
പുഴയൊളിപ്പിച്ച പാപങ്ങളുടെ
വയറുന്താത്ത ഗർഭത്തിൽ
പൊറുതിമുട്ടിയ നേരിന്റെ
വിഴുപ്പുനാറ്റം പോലെ
നാമിപ്പോഴും ജീവിക്കുന്നു.
മറവിയുടെ പിള്ളത്തൊട്ടിലിൽ
വേരും വിരലുമില്ലാതെ
കിനാക്കളുണ്ട്
അനാഥരായി
നാം ജീവിക്കുന്നു'...

(സമകാലിക മലയാളം, 2/5/2003)

— 76 —

## അലങ്കാരങ്ങൾ

കരികൊണ്ട് കുറിതൊടുമ്പോൾ
ഞാനൊരു അഴകിപ്പെണ്ണ്
ഇരുൾ കൊണ്ട് മുഖം പൊത്തുമ്പോൾ
ഒരമാവാസിപ്പൂതം
കറുത്ത പെണ്ണുങ്ങൾ
കറിക്കരച്ചാൽ
രുചിയറിയാമോ?
വെളുത്ത പെണ്ണുങ്ങൾ
അണിഞ്ഞൊരുങ്ങിയാൽ
അഴകറിയാമോ?
ശിലുകളുടെ അർത്ഥം
ശീലത്തിന്റെ ആഴങ്ങളിൽ
സരസ്വതീ ശിലയായ്
ഉറഞ്ഞുകിടക്കുന്നു
കറിക്കൂട്ടുകളും
കുറിക്കൂട്ടുകളും
തമ്മിലുള്ള കൂട്ടിക്കെട്ട്
ഉപമകൊണ്ടോ
ഉൽപ്രേക്ഷകൊണ്ടോ
അർത്ഥാന്തരന്യാസം കൊണ്ടോ
അലങ്കരിക്കാവതല്ല.

(ദീപികവാർഷികപ്പതിപ്പ്, 2002)

— 77 —

## മനുഷ്യബോധ്യ

നിറഞ്ഞിരിക്കുന്ന
മനസ്സിലെങ്ങനെ
ഇനിയൊരു സ്വപ്നം
പറിച്ചുനട്ടിടും?

മരണമെത്രമേൽ
ലളിതം, ജീവിതം
നിരന്തരം ഭ്രാന്തിൽ
വിരുന്നു പാർക്കുമ്പോൾ

ഒരിക്കലും തെല്ലു
നുണക്കുവാൻ സ്നേഹം
പകർന്നു നല്കാത്ത
മരുപ്പരപ്പു നീ
മണങ്ങളില്ലാതെ
മധുരമില്ലാതെ
പ്രിയസ്വരങ്ങളും
തിരിച്ചറിയാതായ്

കുനിഞ്ഞിരിക്കുമാ
മുഖമുയർത്തുമ്പോൾ
പ്രകാശഭീതിയിൽ
നടുങ്ങിടുന്നു നീ
പ്രളയമായ് പൊങ്ങും
നിറങ്ങൾ തോരാത്ത
കുരുതിയായ് നിന്നെ

പൊതിഞ്ഞൊഴുകുന്നു.
കറുപ്പ്- നീലയും
ചുവപ്പ്- പച്ചയും
കുഴച്ചുരുട്ടി നിൻ
മുഖം മിനുക്കുമ്പോൾ

വിറക്കുമാർദ്രത
വടിച്ചെറിഞ്ഞകം
കരിമരുന്നിട്ടു
ചിതയൊരുക്കുന്നു.
സദാ നടുക്കുന്ന
പ്രകമ്പനം നെഞ്ചിൽ
പൊരിഞ്ഞിരിപ്പെന്ന്
തിരിച്ചറിഞ്ഞിട്ടും
മനുഷ്യനാണെന്ന്
നടിക്കുന്നു, സാത്താൻ
ഒളിച്ചു പാർക്കുന്ന
മനസ്സുമായി നീ.

(എ.കെ.പി.സി.ടി.എ. മാഗസിൻ)

— 78 —

## പെട്ടകം

എനിക്കൊരു പെട്ടകം വേണം!
നോഹയുടെ പെട്ടകത്തേക്കാൾ
പത്തിരട്ടി വലുത്!
ആണും പെണ്ണുമായ
സകല ജാതികളെയും
കുടിവെയ്ക്കാനല്ല,
ചോര വാർന്നുപിടയ്ക്കും
അരുമക്കിടാങ്ങളെ
വാരിയെടുത്ത്
അനന്തതയിലേക്ക്
പറന്നകലാൻ.
പ്രണയികൾ പേടിച്ചരണ്ട്
കുടിയൊഴിയേണ്ട
പെട്ടകമിത്
ഇണപ്രാവുകൾക്കും
തുണയറ്റ ക്രൗഞ്ചമിഥുനങ്ങൾക്കും
ഇതിലിടമില്ല
കുഴിച്ചെടുക്കാനുള്ള എണ്ണക്കും
കുഴിച്ചുമൂടാനുള്ള ശവങ്ങൾക്കും
ഇടമില്ല.
പറയാനറയ്ക്കുന്ന
അതിമോഹങ്ങൾക്കിതിൽ
സൂചി കുത്താനിടമില്ല
അരുംകൊലയിൽ

ഇറുന്ന്‌വീണ
കരുന്നു മക്കൾക്കുള്ള
പെട്ടകമിത്.
അവർ
ഭൂമിയിൽ പൂക്കളായി വിരിയുമെന്ന്
ഇനിയാരും സ്വപ്നം കാണരുത്.
കൈനീട്ടുന്തോറും
അകലേയ്ക്കകലേക്ക്
അവരെ വാരിയെടുത്തു
പറക്കാനുഴറും
ജരിതക്കിളിയുടെ
ആത്മപേടകമിത്.
മനുഷ്യമനസ്സിൽ
ഒരു പെട്ടകത്തിനിടം തേടി
ഇരന്നു നടക്കയാണമ്മ!
പക്ഷേ,
എന്തൊരുറച്ച നിലം!

(ചിന്ത മെയ് ദിനപ്പതിപ്പ് 2003)

— 79 —

## വലയും കിളിയും

രാമായണം വായിച്ചടച്ചുവെച്ച്
ഭസ്മക്കുറിയുടെ വരമ്പിലൂടെ
മുത്തശ്ശി പണ്ടേ നടന്നുപോയി,
പുറത്തിറങ്ങിയ പൈങ്കിളി
കീബോർഡിൽ തൂവലൂന്നി[1]
ഇന്റർനെറ്റിനോടു ചോദിച്ചു:
"വലകളുടെ വലയായിരുന്നിട്ടും
എന്താണ് നിന്നെ വലയ്ക്കുന്നത്?"
"വാലും തലയുമില്ലാത്തൊരു
മാനംതൂങ്ങി[2] യിൽ
ചിലന്തിയെ തിരയുകയാണ്."
വല കുറിച്ചു കാണിച്ചു.
"ഒന്നായ നിന്നെയിഹ...
ഹ!... ഹ!...ഹ!..."
എലി[3] പ്പുറത്ത് ചുണ്ടു വിരലമർത്തി
കിളി ചിറകടിച്ചു ചിരിച്ചപ്പോൾ
ചില്ലയുലഞ്ഞു,
ഒരിലകൂടി പൊഴിഞ്ഞു.
മോണിറ്ററിൽ
പുതിയ സംഖ്യ തെളിഞ്ഞത്
കിളി കണ്ടു,

1 തൂവൽസ്പർശം(Feather touch).
2 തൂങ്ങിക്കിടക്കുന്ന ചത്തു ജീർണ്ണിച്ച ചിലന്തി.
3 മൗസ് (Mouse).

വല അതറിഞ്ഞില്ല.

(ഭാഷാപോഷിണി, 2002)

— 80 —

## ഭ്രാന്തുപിടിച്ച നായ്ക്കുട്ടി

വളർത്തുനായക്ക്
ഭ്രാന്തുപിടിച്ചതുപോലെ
എന്നകത്തുനിന്ന്
പതുപ്പി
കിതക്കുന്നതും കുരക്കുന്നതും
എൻ കവിത തന്നെയോ?
ദൈവമേ, ഇതെന്തു ശബ്ദം!
എനിക്കപരിചിതം, അജ്ഞാതം!
ഈ ഭ്രാന്തിൻ കീടപ്രവാഹം
പരകോടിജന്മങ്ങൾക്കകലെനിന്ന്
ഞൊടിയിടയിൽ
തിരയടിച്ച്  പാഞ്ഞെത്തിയതെപ്പോൾ?

കാൽച്ചുവട്ടിൽ
അടങ്ങിക്കിടന്ന
എന്നോമന നായ്ക്കുട്ടീ!
ചീകിമിനുക്കിയ
തൂവെള്ള രോമച്ചന്തമേ!
മുട്ടിയുരുമ്മി നക്കിത്തുടക്കുന്ന
സൗമ്യസ്നേഹമേ!
നഖമുനകൾ ഒതുക്കിപ്പിടിച്ച്
നെഞ്ചോടൊട്ടിക്കിടക്കുന്ന
ഊഷ്മള നൈർമ്മല്യമേ!
ദിവാസ്വപ്നങ്ങളിൽ
എന്നെമാത്രം കൺപാർക്കുന്ന

കാവൽ മാലാഖേ!
നിനക്കെന്തുപറ്റി?

നോക്കരുതെന്നും
നക്കരുതെന്നും
നുണയ്ക്കരുതെന്നും
കണ്ടെന്ന് തെല്ലും
നടിക്കരുതെന്നും
മുറകളെത്ര പഠിപ്പിച്ചു ഞാൻ!

നേരും നെറിയും തേടരുതെന്നും
നേർവരമ്പിൻ നെഞ്ചിൽ നിന്ന്
നിലമാറി ചവിട്ടരുതെന്നും
ശീലങ്ങളെത്ര പഠിപ്പിച്ചു!
എന്നിട്ടും
ആരാണീ ധമനികളിൽ
കൂർമ്പൻ പല്ലാഴ്ത്തിയത്?
കുറുകിക്കറുത്ത കുരുതികളിൽ
നിന്റെ മിഴിയുടച്ചിട്ടതാര്?
തെളിനീരിന്നടിയിൽ
ഞാൻ കാണാത്ത കലക്കങ്ങൾ
നീ കണ്ടുവോ?
കണ്ണീരിലൂടെ
പിൻവാങ്ങുന്ന പ്രിയം
കണ്ടു വിരണ്ടുവോ?
നിഴലുകൾക്കിടയിൽ
ഘനീഭവിച്ച
മൗനങ്ങൾ കേട്ട്
കുരച്ചുവോ?
ഹൃദയമിടിപ്പ് മുഴുവൻ
കടൽപ്പതയായ്
തുപ്പിത്തളർന്നുവോ?

നിനക്കായ് ഞാൻ വാങ്ങിയ
പൊൻ ചങ്ങല
ഇനിയെന്തുചെയ്യും?
അതെനിക്കും വേണ്ട!

(ദേശാഭിമാനി ഓണം വിശേഷാൽപ്രതി, 2001)

— 81 —

## പെൺമരം

വാസനിക്കാൻ പറ്റിയ
പൂവൊന്നുമില്ലാത്ത
പെൺമരം!
മരിച്ചുപോയ
സ്വപ്നങ്ങൾക്കു പകരം
ഇതൊരു മുല്ലവള്ളി
ആയിരുന്നെങ്കിൽ!
ചുറ്റിപ്പുണർന്ന്
നന്ധനന്ധത്ത തളിരും
വെളുവെളുത്ത പൂവും ചൂടി
മെയ്യഴകായി
മൊഴിയഴകായി
പടർന്നു കയറിയെങ്കിൽ!
വഴികളായ വഴികളിലെല്ലാം
ശാകുന്തളം നിറഞ്ഞു് വഴിഞ്ഞേനെ!
തീവെയിലേറ്റ് വാടാത്ത
മകരമഞ്ഞു്
വീണ് കുളിരാത്ത
കുന്നും കരളും മുരടിച്ച
പെൺമരം!
വണ്ടുകൾക്കിരിക്കാൻ
ഇടമില്ല,
മുരണ്ടൊന്നു ചുറ്റാൻ
തേന്മണമില്ല,

ചുരുണ്ടൊന്നു ചുംബിക്കാൻ
പൂങ്കവിളില്ല.
തിരയടങ്ങാത്ത കടലായ്,
'അശ്വഹൃദയം' ചുരുട്ടിയെടുത്ത
പമ്പരമായ്
ഒന്നു കറങ്ങിയടങ്ങാൻ
ഏതു ഭ്രമണ ബിന്ദുവിലേക്ക്
ഇനി പാഞ്ഞിറങ്ങണം?
അല്ല,
ഭ്രമിയും അച്ചുതണ്ടൊടിഞ്ഞ്
ആട്ടം മറന്നുപോയ
പെൺമരീചികയായ് മാറിയോ?

(ദേശാഭിമാനി ഓണം വിശേഷാൽപ്രതി)

— 82 —

## പാതാളങ്ങൾ

വെളിച്ചം
സുഖമാണോ ദുഃഖമാണോ
എന്നറിയാതെ
കുഞ്ഞുങ്ങൾ വിരിയുകയാണ്
വിരിഞ്ചന്റെ വിരലുകൾക്ക്
വിശ്രമമില്ല.
വിനിമയ സാധ്യത തേടി
ഇതളുകളിൽ
ചായം തേയ്ക്കുന്നുണ്ട്.
ഇലകളിൽ
ആടിക്കളിക്കാൻ
ഊഞ്ഞാലിടുന്നുണ്ട്,
ഒത്ത നിറുകയിൽ
പൂമ്പൊടിയുടെ
വർണ്ണവിസ്ഫോടകം
കോരി നിറയ്ക്കാൻ വിസ്മരിക്കുന്നില്ല.
ഞെട്ടു പിരിയ്ക്കണോ
നുള്ളണോ, കൊഴിയണോ?-
കുട്ടികൾ അതറിയേണ്ടതില്ല!
പ്രേത ദീപ്തികളിലേക്ക്
മിഴികൾ മലർക്കെ തുറക്കുക,
ത്രീഡൈമെൻഷണൽ
കണ്ണട ധരിക്കുക,
സ്വപ്നങ്ങളുടെ

അന്തക വിത്തുകൾ
കീശയിൽ കരുതുക,
വിളർച്ച ബാധിക്കാതിരിക്കാൻ
ഇരുമ്പുഗുളികയും
സ്വല്പം വിറ്റാമിനും കൂടി.
യജ്ഞങ്ങളാൽ
മഴമേഘങ്ങൾ
കുളിർക്കെ പെയ്യാൻ
ഏർപ്പാടാക്കിയിട്ടുണ്ട്.
വെളിച്ചത്തിനും
കുട്ടികൾക്കുമിടയിൽ
പാതാളങ്ങൾ പെരുകുന്നത്
അവരറിയേണ്ടതില്ല.

(യുവധാര മാസിക, 2002)

— 83 —

## കുഴിനഖം

കാൽനഖങ്ങൾ
ചന്ദ്രവടിവിൽ ചെത്തി
ചിന്തേരിട്ട് മിനുക്കുമ്പോൾ
ഇത്രമാത്രം വൃത്തികേടാകുമെന്ന്
വിചാരിച്ചില്ല.

ഓരം കറുത്ത്
വെടിച്ച കക്കത്തൊണ്ടുപോലെ,
വെളിച്ചം വറ്റിയാൽ
വിരണ്ടുപോവുന്ന മാലക്കണ്ണുപോലെ,
തുടച്ചാൽ തിളങ്ങാത്ത
പരുക്കൻ അടുക്കളത്തിണ്ണപോലെ
ദിനംപ്രതി
അവ വികാരശൂന്യമായി.

വേനലിൽ
പൊടിയിറങ്ങിപ്പഴുത്ത്
മഞ്ഞപ്പല്ലുകാട്ടിയും
വർഷത്തിൽ
ചെളികുടിച്ച് കലങ്ങി
കരിഞ്ചുണ്ട് കോട്ടിയും
വിശ്വരൂപം വിടർത്തി
ഉടലിലേക്കും
ഉടലിൽനിന്നുയിരിലേക്കും
വിഷപ്പനിയുടെ വിത്തെറിഞ്ഞു.

ചെമ്പഞ്ഞിയും മയിലാഞ്ചിയും
വേരും പറിച്ച്
വേലിക്കപ്പുറം ചാടി.
പുലരിച്ചെരുവിലെ
നാളികേരക്കൊത്തിലും
പ്ലാശിൻകൊമ്പിലെ
തത്തമ്മക്കൊക്കിലും
ഏടടയാളം വെച്ചിരുന്ന
ചന്ദന സൂചിയെടുത്ത്
മൂടിക്കെട്ടിയ കാൽനഖേന്ദു
സ്മൃതിയിൽ
ഒരൊറ്റക്കുത്ത്!

മുതലക്കുണ്ടിലേക്ക്
താണുതാണുപോകുമ്പോൾ
ഒരു താമരമൊട്ടും
വിരലിൽ തടഞ്ഞില്ല.

നഖശോഭയില്ലാത്ത
മുഖകാന്തിയെന്തിനെന്ന്
മുഖസ്തുതി പറയാത്ത
പരസ്യം ചോദിച്ചു.

കുത്തിവരക്കാനും
കുനിഞ്ഞുനിൽക്കാനും
അറിയില്ലെങ്കിൽ
നഖമെന്തിന്,-
കുഴി പോരേയെന്ന്
നഖസ്തുതിക്കാർ ചോദിച്ചു,

എപ്പോഴാണ്
നഖം അടർന്ന് പോയതെന്നും
കുഴിമാത്രമായതെന്നും
അമ്പരക്കുകയായിരുന്നു അവൾ.
അപ്പോഴേക്കും
നഖമുള്ള വർഗ്ഗത്തിൽ
ജനിച്ചതിന്റെ ഓർമ്മപോലും
അവൾക്ക്

കൈമോശം വന്നിരുന്നു!.

(ദേശാഭിമാനി ഓണം വിശേഷാൽപ്രതി 2002)

— 84 —

## അജ്ഞത

എറുമ്പുകൾക്കൊപ്പം
മണംപിടിച്ച് നടക്കുമ്പോൾ
എനിക്കൊരു മനസ്സുണ്ടെന്ന്
ഞാനറിഞ്ഞിരുന്നില്ല
അതുകൊണ്ട്
ഞാനതിൽ
കണ്ണാടി നോക്കിയില്ല.
വാലാട്ടിക്കിളിക്കൊപ്പം
ചിലച്ച് കളിച്ച് നടന്നപ്പോൾ
എനിക്കൊരു വാലില്ലെന്ന്
ഞാനറിഞ്ഞിരുന്നില്ല.
അതുകൊണ്ട്
വാൽമുറിയൻ മാക്രികൾക്കൊപ്പം
തവളക്കുപ്പ് കുത്താൻ
കുളക്കരയിൽ പോയില്ല.

എഴുത്താളരുടെ വചനങ്ങളിൽ
മുങ്ങിക്കിടന്നപ്പോൾ
എഴുത്താണിമുനയിൽ
അക്ഷര വടിവിൽ
ചോര പൊടിയുന്നത്
ഞാനറിഞ്ഞിരുന്നില്ല.
അതുകൊണ്ട്
അസ്ഥാനത്ത്  സങ്കൽപിച്ച ഹൃദയവുമായി
ആളൊപ്പം തലയുയർത്തി

ഞാൻ നടന്നു.
നെഞ്ചുവേദനിക്കുമ്പോൾ
വയറു തടവിയും
വയറ് വേദനിക്കുമ്പോൾ
നെഞ്ച് തടവിയും
ശീലിക്കയാൽ
ഹൃദയ വേദനക്ക്
എന്തുചെയ്യണമെന്ന്
എനിക്ക് അറിയുമായിരുന്നില്ല!
എന്റെ കുഞ്ഞുങ്ങളുടെ
അവയവങ്ങൾക്ക്
വില പറയാനും
വിൽക്കാനും കെൽപില്ലാത്ത
അമ്മബുദ്ധസായി
ഞാൻ ചമഞ്ഞു നടന്നു.
വൈദ്യനെ കാണുമ്പോൾ
കൊലയാളിയെയും
കൊലയാളിയെ കാണുമ്പോൾ
രക്ഷകനെയും
ഞാനോർത്തത്
എന്തുകൊണ്ടെന്ന് അറിവില്ല
ഇലകളായ ഇലകളുടെ ഇലത്വവും
അലകളായ അലകളുടെ അലത്വവും
തിരിച്ചറിയാത്ത വെറുമൊരു എറുമ്പായി
ആരുടെയോ ചവിട്ടടിയിൽ ഞാനിപ്പോൾ ചതഞ്ഞരയുന്നു
എന്റെ ഉൾക്കണ്ണുമാത്രം
പ്രപഞ്ചം വിഴുങ്ങിക്കൊണ്ട്
ഒരു തുറിച്ചനോട്ടമായി
ഉടയാതെ കിടക്കുന്നു.

(മാധ്യമം 2002)

— 85 —

## ജലം

മുളപൊട്ടുന്ന വിത്തുകളുടെ
കിളുന്തു ചിരികൾ
കരിഞ്ഞു പൊടിയുന്ന
മരുഭൂമിയിലാണ്  നാം.
ഉടൽ തൊട്ടാൽ ഉരഞ്ഞു കത്തുന്ന
മണൽത്തരികളുടെ
എരിയുന്ന മുരൾച്ചക്കകത്താണ്  നാം.
ഭൂതങ്ങൾ കാവൽ നിൽക്കുമ്പോൾ
ഉലവലനങ്ങാതെ
നമ്മുടെ കൊച്ചുമോഹങ്ങൾ കവച്ചുകടക്കും
മഴപ്പക്ഷിക്കു താഴെ
വിശപ്പിൽ കരയാനാവാതെ
വിഴപ്പിൽ കിടന്നു പിടക്കുന്നു
നമ്മുടെ പൈതങ്ങൾ.
ഇവർ പിറന്ന ദിനങ്ങൾ
നാമെങ്ങനെ മറക്കും?
അവരുടെ കിളിക്കൊഞ്ചൽ
കരിനീല വനങ്ങളുടെ
മയിൽപ്പീലിക്കണ്ണുകളെന്ന്
മറക്കാൻ മാത്രം നാം തിര്യക്കുകളല്ല.
എന്നിട്ടും, ഇപ്പോഴിതാ
നദികൾ വിറങ്ങലിച്ചു നിൽക്കുന്നു,
നക്ഷത്രങ്ങൾ ഞരമ്പുപൊട്ടി
ധൂമകേതുക്കളാകുന്നു,

അണക്കെട്ടുകൾ ആകാശത്തോക്ക്,
അകം പൊരുളുകൾ
വെറും പതിരുകൾ!
കരിഞ്ചണ്ടികൾ കുതിർന്നടയുന്ന
മാളങ്ങൾക്കുമുമ്പിൽ
അരണകളായി നാം പകച്ചുനിൽക്കുന്നു.
പൂതപ്പാട്ടിൽ മതിമറന്ന
നമ്മുടെ കുഞ്ഞുങ്ങൾ,
ചോലക്കാറ്റിൽ ആടിത്തിമിർത്ത
നമ്മുടെ മരങ്ങൾ,
മാറു വെട്ടിപ്പൊളിച്ച്
കരൾ പറിച്ചുതന്ന
നമ്മുടെ ദൈവങ്ങൾ,
അവരെ ചവിച്ചിക്കടക്കാൻ
കുഴിമാടങ്ങൾക്കു മീതെ
നമുക്കെന്തിന്  ഊടുവഴികൾ?
ഇരുട്ടിൽ തുറുകണ്ണുമായി
ആരോ ആളനക്കം പാത്തിരിപ്പുണ്ട്-
കള്ളനോ കുറുനരിയോ സൈബർ പാപിയോ?
താഴ്വരയിൽ
പ്രളയജലം പല്ലിറുമ്മുന്നത്
കേൾക്കാനാവുന്നുണ്ട്,
പക്ഷേ,
ജലം വാർന്നുപോയി
വേരറുന്ന നമ്മുടെ ജന്മങ്ങൾ
ഒരുശാപം പോലുമല്ലത്രേ!
ജലസമാധിയുടെ
അലങ്കാര ചിഹ്നങ്ങൾ മാത്രം.

(ചിന്ത ജന്മദിനപ്പതിപ്പ് 2002)

— 86 —

## ബാക്കി

വീതിക്കപ്പെട്ടപ്പോൾ
ഞാൻ മാത്രം ബാക്കിയായി
എടുക്കാത്ത നാണ്യം പോൽ
കാൽപ്പെട്ടിയുടെ കള്ളറയിൽ
ക്ലാവൊട്ടിക്കിടന്നു.
അച്ഛനും അമ്മക്കും വേണ്ട,
ആങ്ങളക്കും നാത്തൂനും വേണ്ട,
ഒരുതരം,രണ്ടുതരം,മൂന്നുതരം,
ആർക്കാർക്കും വേണ്ടേ വേണ്ട!
കോങ്കണ്ണായതും
മുറിച്ചുണ്ടായതും
ആരുടെ കുറ്റം?
കിനാവള്ളി ചുറ്റിയ
പെരുംതലയായത്
ആരുടെ കുറ്റം?
ഒളിനോട്ടം
എനിക്ക് വശമില്ല,
കിളിത്തട്ടും കളിപ്പന്തും
പഠിച്ചില്ല,
വാക്കുകൊണ്ടും നോക്കുകൊണ്ടും
ഞാനൊരു മച്ചിപ്പശുവായിപ്പോയി.
'ഠ' അക്ഷരവും
വട്ടപൂജ്യവും തമ്മിൽ
എന്താണൊരന്തരം?

എഴുത്താണിക്കെന്നപോൽ
എനിക്കും അതറിവില്ല.
ഉളിപ്പല്ല കാട്ടി ചിരിക്കുന്നോർ
ഒന്നുതൊട്ടുള്ള അക്കങ്ങളത്രെ!
ഇരിപ്പിടങ്ങൾ
അവരെക്കൊണ്ട് നിറയുന്നു.
പങ്കുവെച്ചപ്പോൾ
ഞാൻ വീണതു മാത്രം
കാൽപ്പെട്ടിയുടെ കള്ളറയിൽ,
പൂജ്യത്തിന്റെ ഉള്ളറയിൽ!

(സെക്രട്ടറിയറ്റ് സർവീസ് ഓണപ്പതിപ്പ്, 2002)

## — 87 —

# ഇടനില

"ഇടയ്ക്കു ശബ്ദിക്കരുത്!
പ്രാർത്ഥനയുടെ അവസാനം മാത്രം
സങ്കടങ്ങൾ ബോധിപ്പിക്കുക!"
ഇടനിലക്കാരൻ
വിളിച്ചുപറഞ്ഞു.
ചവർക്കും വാക്കുകൾ
മാതളക്കുരു(പ്പ്) പോലെ
എന്റെ നെഞ്ചറകളിൽ
തിങ്ങി ഞെരുങ്ങിയപ്പോഴും
തുടംവച്ചു പഴുത്തു പൊട്ടിയപ്പോഴും
ഞാൻ ശബ്ദിച്ചില്ല.
രോമകൂപങ്ങളിലൂടെ
രക്തമിറ്റിയത്
അടിവസ്ത്രംകൊണ്ട്
ആരുമറിയാതെ തുത്തിറക്കി.
കോശതന്തുക്കളുടെ
അനാഹത മർമ്മരം
പെരുത്തു പെരുത്ത്
തൊണ്ടയിൽ വന്ന്
ഉരുണ്ടു കമ്പിച്ച്
ഒന്നു പൊട്ടി.
"ശ്... ശ്ശ്... ശ്ശ്!"
ഇടനിലക്കാരന്റെ
ലിപിതെറ്റിയ കൺവെട്ട്!

എനിക്ക് അമറാൻ തോന്നി:
മിണ്ടാൻപോലും കഴിഞ്ഞില്ല.
പ്രാർത്ഥനയുടെ
സ്വേദമാപിനിയിലൂടെ,
അണച്ചുയർന്നും
പിടഞ്ഞിറങ്ങിയും
ഒടുവിലൊടുവിൽ
ഞാനൊരു കാഴ്ച കണ്ടു:
ശലഭങ്ങൾക്ക് കൊമ്പു മുളച്ച്
മദംപൊട്ടിയ ആനകളാവുന്നു!
കുരുവികൾക്ക് പല്ലു മുളച്ച്
അലറുന്ന, കരടികളാവുന്നു!
കരിഞ്ഞതും ചീഞ്ഞഴുകിയതും
കുഴിമാടങ്ങളിൽ
ഭ്രാന്തായി പൂത്തുലയുന്നു!
ദൈവമേ!... ഞാൻ വിളിച്ചു.
തുളവീണ തൊണ്ടയിൽ
എന്നേക്കാൾ മൃദുവായ
അടഞ്ഞുടഞ്ഞ ഒരു തേങ്ങൽ!
പീഡനകാലത്തിന്റെ
ആക്രോശങ്ങളിൽ
എന്റെ മുതുകിലൂടെ
ആണും പെണ്ണും
നിരന്തരം സവാരി ചെയ്യുകയായി.
ഇടനെഞ്ചുപൊട്ടി
ദൈവം ചോദിച്ചു:
'സ്ത്രീയേ, നീയും?!'
ഇടനിലകളിൽ എവിടെയോ
അവൾ കൊഴിഞ്ഞുപോയത്
അപ്പോൾ ഞാനുമറിഞ്ഞു.

(ഭാഷാപോഷിണി, 2002)

— 88 —

## തിരുവരങ്കൻ

ഇണങ്ങാത്ത രണ്ടു കണ്ണുകൾ
പീലി വിറപ്പിച്ചു
വിരണ്ടു നില്ക്കയാൽ
കാഴ്ചയിന്നെന്റെ
വ്യസനമായിരിക്കുന്നു.
നുണനേരുകൾ
മത്സരിച്ചു പൂത്ത
ഗോത്രസാനുവിലൂടെ
ചാഞ്ഞും ചെരിഞ്ഞും നോക്കി
മിഴിഞരമ്പുകളത്രയും
കെട്ടുപിണഞ്ഞുപോയി.
പ്രണയപുഷ്പത്തിൽ
പ്രപഞ്ചം തേടിയ
കൃഷ്ണശലഭങ്ങൾ
കാടിന്റെയും കടലിന്റെയും
രൗദ്രിമയിലേയ്ക്കു പായുകയാണ്.
സരോജയുഗളമല്ല,
പുറംതിരിഞ്ഞു്
വാൽച്ചുഴറ്റിനില്ക്കുന്ന
ഏറുപോത്തുകളാണ്
ഈറൻ വറ്റി
മുരണ്ടു നില്ക്കുന്ന കണ്ണുകൾ

അന്തരംഗത്തിൽ
തിരുവരങ്കന്റെ

കരിന്തുടിത്താളം മുറുകുമ്പോൾ
'കിഴക്കോട്ടു പാഞ്ഞത്[1]
കാട്ടുപോത്തായും പോയി
പടിഞ്ഞാട്ടു പാഞ്ഞത്
കാഞ്ഞിപ്പോത്തായും പോയി'
ഐ.ടി.യും ടി.വി.യും
ഉഴുതുമറിക്കുന്ന[2] ഇ.ടി.വയലുകളിൽ
കളകളും
കളകളങ്ങളും മാത്രം.
പട്ടയം കൈമോശം വന്നവരുടെ
തർപ്പണം ഒലിച്ചുവറ്റിയ
പെടാപ്പാടുകൾ
ചരിത്രത്തിലില്ല.
കന്നിമണ്ണും പാണൻപാട്ടും
വഴിപിരിഞ്ഞ തിരുവരങ്ങിൽ
കർഷകരുടെ
വിതമറന്ന വിരലിൽ നോക്കി
അനുഗ്രഹദാതാവായ തമ്പുരാനും
അപാരതയിൽ പൊട്ടിച്ചിരിക്കുന്നു.
ഇപ്പോൾ
തമ്പുരാൻ ഉറങ്ങാറില്ല!
ലോൺമേളകൾക്കിടയിൽ
[3]പകിടകളിയും മറന്നിരിക്കുന്നു!

1 പാണൻ പാട്ടിൽ നിന്ന്: വിഷമുണ്ട് ദീർഘനിദ്രയിലാണ്ട ശിവനെ ഉടുക്കു കൊട്ടി പാടിയുണർത്തിയ പാണനാർക്ക് കൃഷിചെയ്തു ജീവിക്കുന്നതിനായി ഭൂമിയും വിത്തും ഒരേറു പോത്തുകളും സമ്മാനമായി ലഭിച്ചു. കൃഷിചെയ്യാൻ അറിയാത്ത പാണനാർ പോത്തുകളെ കിഴക്കോട്ടും പടിഞ്ഞാട്ടും തിരിച്ചു നിർത്തി നുകം വെച്ചു.

2 എക്സ്ട്രാ ടെറസ്ട്രിയൽ .

3 'ദൈവം പകിട കളിക്കാറില്ല' എന്ന ഐൻസ്റ്റൈൻ വചനം .

— 89 —

## പാഠം ഒന്ന്: ശകുന്തള

ദുഷ്യന്തൻ
പ്രേമലേഖനങ്ങൾ സൂക്ഷിച്ചത്
താമരയിലയിലല്ല,
ഹൃദയത്തിലത്രെ!
വായിച്ചത്
വരികളിലല്ല,
വാക്കിൻ ചുണ്ടിലെ
മൗനത്തിലത്രെ!
എന്നിട്ടും
എനിക്ക് നിന്നെയും
നിനക്ക് എന്നെയും
മനസ്സിലാകുന്നില്ല!
ഈ രഹസ്യാത്മക ഗാന്ധർവത്തിൽനിന്ന്
നമുക്കതുകൊണ്ട് മോചനമില്ല.

പ്രണയികൾ
വഴിതെറ്റി അലയുന്ന
തപോവനങ്ങളിൽ
വേടനെ വെട്ടിച്ച്
നിലയറിയാതെ
ഓടുന്നുണ്ടൊരു മാൻപേട.
കറുകപ്പുല്ലും മരണവേഗവും
അതിനു ജന്മാവകാശം.
പുൽത്തുമ്പിലുരുളും
കുളിർമഞ്ഞിൽ

സൂര്യദാഹം മൊഴിയുന്ന
പ്രണയരഹസ്യമോ
അജ്ഞാതം!
ഭ്രമണഗാനത്തിൻ ഉറവതേടി
മാലിനിയിലും മരുത്തിലും
മരതകപ്പച്ചയിലും
പാഞ്ഞു പടർന്നുകയറുന്ന
അമ്പരപ്പിൻ മിഴികൾ.
കണ്ണിറുക്കും നക്ഷത്രങ്ങളുടെ
പ്രകാശഭാഷയും
കർത്തരിപ്രയോഗവും വശമില്ല.
നിലാവിന്റെ
പ്രണയാക്ഷരങ്ങളിൽ
അറിയാതെ ചെന്നു മുട്ടുമ്പോൾ മാത്രം
അതു തുള്ളിച്ചാടുന്നു.
എഴുത്തു നിർത്താതെ
സ്രഷ്ടാവ്
അതിനെ
കൈകളിൽ വാരിയെടുത്ത്
വരികളിൽ പ്രതിഷ്ഠിക്കുന്നതും
അപ്പോൾ!
പാഠം ഒന്ന്: ശകുന്തള
അനുഭൂതികൾക്ക് അക്ഷരചൈതന്യം,
വ്യംഗ്യമുദ്രകൾക്ക് അംഗലാവണ്യം.
അരുളപ്പാടുകൾക്കായി
അത്-
അല്ല,അവൾ
കാതോർത്തിരിക്കുന്നു.

(ഭാഷാപോഷിണി, 2001)

— 90 —

## അംഗഭംഗം

ഞാൻ കരയുന്നത്
എനിക്കു മാത്രം കേൾക്കാം!
പരമാണുവിൽ നിന്ന്
പൊട്ടിപ്പരക്കുന്ന ആക്രന്ദനം പോലെ
പൊരിഞ്ഞു പിടിക്കുന്ന കരച്ചിൽ
എനിക്കു മാത്രം കേൾക്കാം!
കാതു പൊത്താൻ കൈകളില്ലാതെ
അംഗഭംഗം വന്ന
ആത്മവിശ്വാസത്തിന്റെ
അണുഭേദന യന്ത്രത്തിൽ
ഞാൻ നുറുങ്ങിപ്പൊടിഞ്ഞുകൊണ്ടിരിക്കുന്നു!
ചീവീടു പോലെ
കണ്ണുനീരില്ലാതെ
മാളത്തിനകത്ത്
ഒളിച്ചിരുന്ന്
ചീറിക്കരഞ്ഞവൾ,
പാതിയറുത്ത
പൈക്കിടാവിനെപ്പോലെ
കുടമണി തെറിപ്പിച്ചുകൊണ്ട്
അമറിക്കരഞ്ഞവൾ,
ഇന്ന്
ശിശിരം ഞെട്ടുഞെരിച്ച
പാഴില പോലെ,
ശാപവചസ്സിൽ നെഞ്ചുടഞ്ഞുപോയ

മഞ്ഞുതുള്ളി പോലെ,
ഒരു വീർപ്പുപോലുമില്ല!
ഭ്രാന്തുകളുണ്ടെങ്കിലും
ഇവൾക്ക്
തടവറകളില്ലെന്നറിയുക!
അതിനാൽ
ഭൂമുഖത്തുള്ള കാന്താരങ്ങളിലെ
ഇരുട്ടു മുഴുവൻ
ഈ മുഖത്ത് വന്നടിയുന്നു.
അളന്നു കുറിക്കാത്ത
വിചാരങ്ങൾക്ക്
അവയവങ്ങളില്ല
അതിനാൽ,
അരിഞ്ഞെറിയുവാൻ
മൂക്കും മുലയുമില്ല!
പത്തനങ്ങളെരിക്കാൻ പോന്ന
സ്ഫോടനങ്ങൾ കെട്ടിവെച്ച
എന്തോ ഒന്ന്
നെഞ്ചിലിരിപ്പുണ്ട്.
ടിക് - ടിക് , ടിക് - ടിക് !
വെപ്പുമീശയും
കളിവാളുമായി
നിരങ്കുശം നടന്നടുക്കല്ലേ!
എന്മകനേ, നിൽക്ക്, നിൽക്ക്!
ഞാൻ കരയുന്നത്
നീയും കേൾക്കുന്നില്ലേ?

(മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2001)

— 91 —

## ആദി

ആദി വസതിയിൽ
അധിവസിക്കേണ്ടവർ ആരെന്ന്
ആരാണ് പറയേണ്ടത്?

ഇലയിട്ടവനോ,
ഇരുന്നവനോ,
ഈശ്വരനോ,
ഈയുള്ളവളോ?
ദൈവമേ!
നീയെന്നിൽ വസിക്കുമെങ്കിൽ
നിനക്കായി ഞാനെന്നിൽ
ഏറ്റവും നല്ല വീടു കെട്ടും.
അത്
കാട്ടുമുളകളുടെയും
പനമ്പട്ടകളുടെയും
ഹരിതയൗവനം കൊണ്ടായിരിക്കും.
ഒപ്പം അതിന്റെ
ഞീളലും ഞറുമ്മലും കൂടി
ഉണ്ടാകുമെന്നത് നേര്!

അതിരില്ലാത്ത മനസ്സിന്റെ
ഉൾക്കടസ്നേഹംപോലെ
എന്നാത്മാവിന്റെ നാഡീബന്ധങ്ങളിൽ
നിനക്കെപ്പോഴും കയറിയിറങ്ങാം.

ഇടവപ്പാതിയുടെ

ഇടമുറിയാത്ത
പ്രണയാസുരതയിലൂടെ
എന്നെ ശുദ്ധീകരിക്കാം.
ഒപ്പം അതിന്റെ
വിങ്ങലും വിതുമ്മലും
ചിലപ്പോൾ പ്രളയവും
കൈയേൽക്കേണ്ടിവരുമെന്നത് നേര്!

കാട്ടാനകളുടെ
ചിന്നംവിളിയിലൂടെ
നിലാവ് നുറ തേച്ച അടിക്കാടുകളെ
ഗാന്ധർവത്തിന് ക്ഷണിക്കാം.
വിസ്മൃതിയുടെയും വിരഹത്തിന്റെയും
കരിയിലക്കാടുകളിൽ
കാലം കിരുകിരുക്കുമെന്നതും നേര്!

മേൽക്കുരകളെക്കുറിച്ചുള്ള മാതൃകകൾ
സ്വപ്നം കാണാനും ഓമനിക്കാനും
പേടിയാണെനിക്ക്.

ഉറുമ്പരിക്കാനുള്ള
സ്വർണസിംഹാസനങ്ങളുടെ
തീക്കട്ട പ്രൊജക്ഷനുകൾ
എനിക്ക്
സ്ഥലജലഭ്രമം വരുത്തുന്നു!

എന്റെ ഓരോ അണുവിലും
നീ കരുതിവെച്ചതെന്തെന്ന്
ഇപ്പോഴെങ്കിലും
എന്നോട് പറയുക.
ഞാനതവരോട്
ഉച്ചത്തിൽ,
ഉച്ചത്തിലുച്ചത്തിൽ
വിളിച്ചുപറയട്ടെ!
ഭൂമിയുടെ ഉപ്പാണ് ഞങ്ങളെന്ന്
അവരറിയട്ടെ!
ഇല്ലെങ്കിൽ,
അളവില്ലാതെ

നീ നൽകിയ ഭൂമികൾ
നീ തന്നെ പതിച്ചെടുക്കുക!
ഒപ്പം
ഈ സ്ത്രീകളെയും കുട്ടികളെയും
ഞങ്ങളുടെ നിറംകെട്ട ആണുങ്ങളെയും
ഏറ്റെടുക്കുക!

ആശ്വാസപൂർവം
ഒരു വീടൊരുക്കി
ഒന്നു പ്രാർഥിക്കാൻ
എന്നു ഞങ്ങൾക്കാവും?

(മാധ്യമം, 2001)

— 92 —

## സരസ്വതിഅമ്മ

നക്ഷത്രങ്ങൾക്ക്
തീ കൊടുക്കുന്നവരോട്
കയർത്തതിനാൽ
അവൾ കറുത്തവളായി.
ചിട്ടപ്പെടുത്തിയ
സംഗീതത്തിന്റെ നെഞ്ചിൽ
ചുറ്റികയോങ്ങിയതിനാൽ
പുറമ്പോക്കിലുമായി.

വേനൽ നെറ്റിയിലടിക്കുമ്പോൾ
എത്ര ജാലകപ്പക്ഷികളാണ്
കൊക്കുവിടർത്തുന്നത്!
അവയെല്ലാം
നിർത്താതെ കിതച്ചുകൊണ്ടിരി-
ക്കുന്നു.
അവൾ മാത്രം
ഭ്രാന്തുപിടിച്ച തീക്കൊള്ളിപോൽ
കത്തിക്കൊണ്ടിരിക്കുന്നു.

വിശപ്പിന്റെ കഥയേക്കാൾ
കഥയുടെ വിശപ്പേറ്റി,
അറിയാത്ത ഗന്ധങ്ങളുടെ
തുടലഴിച്ചുവിട്ട്
എരിവുള്ള ചുടുകാറ്റായി
പുറത്തുചാടിയവൾ

മരുഭൂവിലൂടെ
മണൽക്കാറ്റിലൂടെ
നടന്നുപോയി!
സ്പർശിക്കാൻ മടിച്ച്
വകഞ്ഞു മാറിയ മണൽത്തരികൾ
ജ്വലിച്ച നിൽക്കുന്ന
ആകാശമുഖത്തേക്ക്
പകയോടെ നോക്കിയത്
അവളറിഞ്ഞു.
ഇടയിൽ സ്പന്ദിക്കുന്ന സമസ്തവും
അനാഥത്വം പേറി വിരണ്ടു നില്ക്കുന്നതും
അവൾ ആത്മാവിലറിഞ്ഞു.
കുരുതികൾക്കുമുമ്പിൽ
മുടന്തി വീഴുമ്പോൾ
വെളിച്ചമെന്ന സ്വപ്നവും വാക്കും
അവൾക്ക് പര്യായമായി.
പിന്നെ, അവൾക്കെന്തു സംഭവിച്ചു
എന്നറിവില്ല!

(ജാലകം വാർഷികപ്പതിപ്പ്, 2001)

— 93 —

## രൂപം

മുറി എന്റേത്,
താക്കോൽ എന്റേത്,
എന്നിട്ടും
ആളനക്കമില്ലാത്ത മുറിയിൽ
താക്കോൽ കീശയിലിട്ട്
ഞാൻ
സ്വാതന്ത്ര്യം സ്വപ്നം കാണുന്നു!

വെളിച്ചത്തെപ്പോൽ
വെള്ളത്തെപ്പോൽ
തടവുചാടി വന്ന്
കൈപ്പാടകലെ നിന്ന്
അത്  സന്ദേശങ്ങൾ
കൈമാറുന്നു.

ജനൽപ്പാളികൾ
തുറന്നിടുമ്പോൾ മാത്രം
ചിറകനക്കുന്ന
കുരുവിക്കാഴ്ചയായി
ഇടയ്ക്കിടെ
എന്നരികത്തിരുന്നു
ചിലക്കുന്നു.
വിരുന്നുകാർ
വിടപറഞ്ഞുകഴിയുമ്പോൾ
രാത്രിയുടെ ദുഃസ്വപ്നങ്ങൾ

പെരുങ്കാലിട്ടടിക്കുമ്പോൾ,
വിവർണമായ
ഒരാകാശം കൊണ്ട്
മനസ്സു പുതച്ചുമൂടി
പകലുച്ചയിൽ
തനിച്ചിരിക്കുമ്പോൾ
അതെന്റെ
പൊള്ളുന്ന മുഖം നുള്ളി
പച്ചവെള്ളത്തിലേക്കെറിയുന്നു!
അവസാനം
നാരുകളൊന്നൊന്നായി
കീറിയെടുക്കുമ്പോൾ
നിഴലില്ലാത്ത
അസ്ഥികൂടം പോൽ
ഭയാനകമായി പല്ലിളിക്കുന്നു!

സ്നേഹം
രൂപത്തെ ഭയക്കുന്ന
നിമിഷത്തിൽ
നാം പിറകോട്ട് നടക്കുകയായി!
സ്വാതന്ത്ര്യവും
അങ്ങനെയാണോ?

(സ്ത്രീശബ്ദം)

— 94 —

## വീണപൂവ്

ലജ്ജയിൽ കുമ്പിയ
ഇതളുകളിൽ നോക്കി
അവൻ പറഞ്ഞു-
നീയൊരു ശംഖുപുഷ്പമാണ്!
കരഞ്ഞുവീർത്ത മുഖമുള്ള
പെൺകുട്ടിയോടു പറഞ്ഞു-
നീയൊരു പനിനീർപ്പൂവാണ്!
ബലാൽസംഗം ചെയ്യപ്പെട്ട
പെണ്ണിനോട്ട് പറഞ്ഞു-
നീ ചവിട്ടിയരക്കപ്പെട്ട
പിച്ചിപ്പൂവാണ്!

ഉദയാസ്തമയങ്ങളുടെ
ശിരോരേഖയിൽ
മഞ്ഞ വെളിച്ചത്തിൽ
നതനീതാസ്യയായ്
പാവക്കൂത്താടിയ നിന്നെ
അവൻ വിളിച്ചു-
സൂര്യകാന്തി!

വെളുത്ത മുറ്റത്ത്
തുളസിപ്പൂ,
ചുവന്ന തെരുവിൻ
തെച്ചിപ്പൂ.

അന്തപ്പുരത്തിൽ

നീലോൽപലം,
അമ്പലനടയിൽ
മുല്ലപ്പൂ.
എഴുന്നള്ളിക്കുമ്പോൾ
കൊന്നപ്പൂ,
എടുത്തെറിയുമ്പോൾ
കോളാമ്പിപ്പൂ.
തെരുവിൽ
ജമന്തിപ്പൂ,
ഇരുട്ടിൽ സുഗന്ധിപ്പൂ,
തുറങ്കിലടക്കുമ്പോൾ
കള്ളിപ്പൂ,
കഴുത്തറക്കുമ്പോൾ
ശവനാറിപ്പൂ.
ചുട്ടെരിക്കുമ്പോൾ
കടലാസു പൂ,
സർവാംഗം അടർന്നുവീണ്
മണവും ഗുണവും
അസ്തമിക്കുമ്പോൾ
ഒരു വീണ പൂവ്!
ഒരു പിടി ചാരത്തിൽനിന്ന്
കുറുക്കന്റെ സുന്ദരിക്കാക്കയും
ചിറകടിച്ചുയരാം.
ചിറകുനുള്ളിയ
വീണ പൂവോ?

(മാധ്യമം,2000)

— 95 —

## സമനില

സായാഹ്നങ്ങളിൽ
ആകാശത്തിന്
സമനില തെറ്റുമ്പോൾ
വാക്കിന്റെ ആൺമയും പെൺമയും
വേർതിരിക്കാനാവാതെ
വിറങ്ങലിച്ച് നിൽക്കുമ്പോൾ
ഞാനൊരു നപുംസകമായിത്തീരുന്നു.
ഭ്രാന്തില്ലെന്ന് സ്ഥാപിക്കാൻ
യുക്തിയുടെ
അടിക്കല്ല് മാന്തുമ്പോൾ
ഭ്രാന്തന്മാരുടെ രാജാവായി
അവരോധിക്കപ്പെടുന്നു.

ദൈവമേ,
നിന്നെ സ്നേഹിക്കേണ്ടതെങ്ങിനെയെന്ന്
എനിക്കിനിയും അറിയുന്നില്ല.
മതിയായ കാരണങ്ങളില്ലാതെ,
അഗാധമായി,
അണമുറിയാതെ
വാരിപ്പുണരുന്ന പ്രവാഹമായി
നിനക്കുചുറ്റും
ഉയർന്നുതാഴുകയും
ഇഴയുകയും
നനഞ്ഞൊലിക്കുകയും ചെയ്യുന്ന
എന്നുമാത്രം.

എങ്കിലും,
എങ്ങനെയാണ്
സ്നേഹം മുളക്കുന്നതെന്നും
വരണ്ട തടാകങ്ങളുടെ
അന്തർഗ്രന്ഥികളിൽനിന്ന്
രാപ്പാടികളുടെ ഗാനവും
വയൽച്ചുള്ളിപ്പൂക്കളുടെ ഗന്ധവും
ഉണരുന്നതെന്നും
നീയെന്നെ പഠിപ്പിച്ചു.

വഴിയിൽ പതിഞ്ഞിരുന്ന്
എന്നെ ആക്രമിച്ചത്
നീയല്ലെന്ന്
ഞാനറിഞ്ഞിരുന്നില്ല!

എന്റെ മുഖത്ത് കാറിത്തുപ്പി
കത്തിമുനകൊണ്ട്, കോറി രസിച്ചത്
നീയായിരുന്നില്ലെന്ന്
ഇപ്പോഴാണറിയുന്നത്!

എനിക്കും നിനക്കും തമ്മിൽ
കയ്യെത്താനാവാത്ത വിധം
നാമെന്നും
അകലെയായിരുന്നുവെന്ന സത്യം
ഞാൻ മറന്നുവല്ലോ...

അതുകൊണ്ടുമാത്രം
നമുക്ക് തമ്മിൽ
സ്നേഹിക്കാൻ കഴിഞ്ഞു.
എന്നിട്ടും
രക്ഷകനായും ശിക്ഷകനായും
നിന്നെ
പൊയ്ക്കാലിൽ നടത്തിക്കൊണ്ട്
അവർ പറഞ്ഞു-
നീയാണെന്നെ
പിഴപ്പിച്ചതെന്ന്!

(ദേശാഭിമാനി, 2000)

— 96 —

## ഒഴുക്കിനപ്പുറം

നദിയെപ്പോലെ
കിതച്ചുകൊണ്ടു തന്നെയാണ്
ഞാൻ ഒഴുകിയത്.
കശ്മലന്റെ
കൈപ്പിടിയിൽനിന്ന്
കുതറിയോടുന്ന കന്യകയെപ്പോലെ
ക്ഷോഭംകൊണ്ട് വിറച്ചും
ദുഃഖം കൊണ്ട് കലങ്ങിയും
മണ്ണറിയാതെ
മനസ്സറിയാതെ
പാഞ്ഞുപോകുന്നത്
സമുദ്രമുഖത്തേക്കു തന്നെ!
പരമശാന്തനും
കാരുണികനുമായി
ആകാശത്തിൽ തലചായ്ച്ച്
കടൽ കിടക്കുമ്പോൾ
ഇവൾ മുഖമടിച്ചു വീഴുന്നത്
തിരുമുഖത്തല്ല,
തൃപ്പാദത്തിലായിരിക്കും
എന്നറിയാം.
ഇത്ര നീളമുള്ള സ്നേഹം കൊണ്ടുപോലും
എനിക്ക്
ആകാശം തൊടാനാവുന്നില്ലല്ലോ!
ആരാണെന്നെ തടയുന്നത്?

ഇത്ര ഉൽക്കടമായ
കുതിപ്പു കൊണ്ടുപോലും
കാറ്റിൻ ചരടിൽ
പിടികിട്ടുന്നില്ലല്ലോ!
ആരാണെന്നെ കുരുക്കുന്നത്?
അറുതിയില്ലാത്ത രാപകലുകളുടെ
വീർപ്പുമായി കുതിച്ചെത്തുമ്പോൾ
എന്റെ ഉടുപ്പും നടപ്പും
ഞാനിവിടെ ഉപേക്ഷിക്കണം!
ആരാണതിൽ പിടിമുറുക്കുന്നത്?
ഒഴുക്കും ഓർമയും
വാർന്നലിയുമ്പോൾ
നദിയുടെ നാരീജന്മം
നൈവേദ്യമായിത്തീരുന്നു.
അപ്പുറം
ആകാശ ദൂരം
അന്ധതമസ്സ്!-
അതെന്നെ നടുക്കുന്നു!

(മാധ്യമം, 2000)

— 97 —

## സെപ്റ്റംബർ 11

ഒന്നും ഒന്നും ചേരുമ്പോൾ
ഇമ്മിണി ബല്യ ഒന്നെന്ന്
ബഷീർ.

ഒന്നും ഒന്നും ഇദ്ദുനിയാവിൽ
ചേരുകയേ ഇല്ലെന്ന്
ബുഷ്.

രണ്ടൊന്നുകൾക്ക് ഇടക്കുള്ള
വിടവിൽ
ഒരു ഒളിത്താവളമുണ്ട്
ചാവുകടലിൽ നിന്ന്
പിടഞ്ഞുകയറിയ
ജൈവാണുക്കൾ പെരുകുന്നത്
അവിടെയല്ലോ!
അതടയ്ക്കുകയായിരുന്നു
ബഷീർ.
തുറക്കുകയായിരുന്നു ബുഷ്!

(മാധ്യമം, 2002)

— 98 —

## നരയും പതയും

മനസ്സിനെ ആവാഹിച്ച്
ഉയിരായി മാറുന്ന വാക്കുകളേക്കാൾ
ധന്യമായി
എന്തുണ്ടീ ലോകത്തിൽ?
അതിറ്റു വീഴുന്ന കാതുകളിൽ
ഹൃദയത്തിന്റെ വേലിയേറ്റമില്ലെങ്കിൽ
പിന്നെന്തുണ്ട്
ദീനമായീ ലോകത്തിൽ?
എണ്ണിയാലൊടുങ്ങാത്ത
പാലങ്ങളിലൂടെ
തലങ്ങും വിലങ്ങും
നടക്കയാണെന്റെ വാക്കുകൾ.
കവിതയിൽ നിന്ന്
സംഗീതത്തിലേക്കെത്ര ചുവട്?
സംഗീതത്തിൽ നിന്ന്
ജീവിതത്തിലേക്കെത്ര ചുമട്?
അവർക്കതൊന്നുമറിയില്ല!
കൈകോർത്ത്, കരൾ കൊരുത്ത്,
കുതിച്ച് മദിച്ച്,
വിതുമ്പിയും പുലമ്പിയും
ഏതോ കടലിലേക്കവർ
പതഞ്ഞൊഴുകുകയാണ്.
അവിടെയെത്തുമ്പോൾ
അവരെന്താകുമെന്ന്

അവർക്കറിയില്ല.
എനിക്കറിയില്ല,
ആർക്കുമറിയില്ല.
നുരയും പതയും ചിന്നി
നീലപ്പരപ്പിൽ
ആകാശം നോക്കി
മലർന്നുകിടന്ന്
വെളുക്കെ ചിരിക്കുമെന്ന്
കരുതുന്നുവോ?
അറിയാതെ വന്നുപോയ
പിഴകളുടെ ചുഴിയിൽകറങ്ങി,
കറങ്ങിക്കറങ്ങി
മുങ്ങിമരിക്കുമെന്ന്
കരുതുന്നുവോ?
വാക്കിന്
മരണമില്ലെന്നല്ലേ പറഞ്ഞു?
അവസാനത്തെ വാക്കിനും
അവസാനമില്ലാത്തത്
അതുകൊണ്ടാകാം!
പടിവാതിൽതോറും
അലഞ്ഞുതിരിയുന്ന
അനാഥത്വമാണോ
എന്റെ വാക്ക്?
ഈയിടെയായി
ഉറക്കം വരാതെ
നുരയും പതയും തുപ്പുന്ന
തിരിഞ്ഞു നടക്കാനാവാത്ത
എന്റെ വാക്ക്!

(മാതൃഭൂമി, 2000)

— 99 —

## സ്നേഹിക്കുവാൻ

സ്നേഹിക്കുവാൻ
എനിക്കൊരു
നിഴൽപോലും വേണ്ട-
പിന്നെയല്ലേ നിറങ്ങൾ!

സ്നേഹിക്കുവാൻ
എനിക്കൊരു
നിമിഷം പോലും വേണ്ട-
പിന്നെയല്ലേ മുഴുജീവിതം!
സ്നേഹിക്കുവാൻ
എനിക്കിറ്റു
നനവുപോലും വേണ്ട-
പിന്നെയല്ലേ മഴയും പുഴയും!

ഞാൻ പറഞ്ഞത്
എന്റെ സ്നേഹത്തെക്കുറിച്ചാണ്
അതിനൊരു
അമ്പിന്റെ മുനയാണെന്ന്
ആരോ ഇന്നലെ പറഞ്ഞപ്പോൾ
പിടിച്ചു കെട്ടാനാഞ്ഞതാണ്.
പക്ഷേ, നടപ്പില്ല.
എനിക്കു മുമ്പേ
കഴുത്തു നീട്ടി നടക്കുന്ന
ബലിയാടാണത്.
ചോര കണ്ടിട്ടില്ലാത്ത

പാവം, വെറും പാവം!

(പത്രം വാരിക, 2006)

— 100 —

## ഭയം

ഭയം
പേരറിയാത്തൊരു മൃഗമാണ്!
മുഖമില്ലാതെ
മുഖവുരയില്ലാതെ
നഖരങ്ങളാൽ അള്ളിപ്പിടിക്കും
ഹൃദയത്തിന്റെ
ചുടുധമനികൾ
ചുരുട്ടിക്കെട്ടി
മുദ്രവച്ച്  ചിരിക്കും
മൊട്ടുസൂചിപ്പഴുതിലൂടെ
രക്തം മുഴുവൻ
ഇറുമ്പിക്കുടിക്കും.
ഉറങ്ങാൻ കിടക്കുമ്പോൾ
നനഞ്ഞ മസ്ലിൻ തുണിപോലെ
നെഞ്ചിലൊട്ടിപ്പിടിക്കും
കൊഴിഞ്ഞു പോയ
പ്രണയസ്മൃതിയുടെ
ചിറകുപറ്റി
പാതിമയക്കത്തിൽ
മന്ദഹസിക്കുമ്പോൾ
കാറ്റുപോയ ബലൂൺപോലെ
ചുണ്ടിൽ ചുരുണ്ടുവീണു പിടക്കും.
ആട്ടിയകറ്റും തോറും
കുറ്റുത്തുവിരിയുന്ന

അൽസേഷ്യൻ കരിമേഘമാണത്!
ശബ്ദമില്ലാത്ത ഹാസ്യമായി
രക്തമില്ലാത്ത കൊലയായി
ഉറങ്ങാത്ത നെഞ്ചിൽ
കൂർത്തുനിവർന്ന അസ്ത്രമായി
അതെപ്പോഴും
തലകുത്തി നില്ക്കുന്നു.!

(ചങ്ങമ്പുഴ സാഹിത്യ പുരസ്കാരം, 2000 സ്മരണിക)

— 101 —

## ഗുരോ!

ഗുരോ!
വന്മരങ്ങളിലേക്ക്
നോക്കുമ്പോൾ
എനിക്കാകാശം
ദൃശ്യമാകുന്നില്ല.
എവിടേക്കാണ്
ഞാൻ വളരേണ്ടതെന്നും
അറിയുന്നില്ല.

മകളേ!
വന്മരങ്ങളെ നോക്കരുത്,
അവ സാക്ഷികൾ മാത്രം.
ജീർണതയുടെ
ധൂസരമേഘങ്ങൾ
അവരുടെ ആകാശക്കാഴ്ചകൾക്ക്
അവസാനം കുറിച്ചിരിക്കുന്നു.

ചെറുമരങ്ങളുടെ
ശിഖരങ്ങൾക്കിടയിലൂടെ
ഭൂമിയൊന്നു കാണാൻ
നിനക്കാകുന്നുവോ?
ഇല്ല!
പച്ചയും നീലയും
പരന്നൊഴുകുമ്പോൾ
ഞാനെന്റെ

കാല്പാദങ്ങൾ
പരതുവാൻപോലും
മറന്നുപോകുന്നു.

കുഞ്ഞേ!
നീയിപ്പോൾ
ത്രിശങ്കുവിലാണ്.
പ്രയാണദിശയറിയാതെ
വെറുമൊരു
അശരീരിയായിത്തീർന്നാൽ
അതാണ് മോക്ഷമെന്ന്
നീ തെറ്റിദ്ധരിക്കരുത്.

— 102 —

## അഭിസാരിക

മയക്കത്തിൽനിന്ന്
ഉണർന്നപ്പോൾ
മങ്ങൂഴമായിരുന്നു.
നിശാപുഷ്പങ്ങൾ
വിടരാൻ തുടിച്ചുകൊണ്ടിരുന്നു,
വഴിവിളക്കുകൾ
കൺതുറക്കാൻ പിടച്ചുകൊണ്ടിരുന്നു.
പകൽക്കിറുക്കിൽ
ശിരസിൽ നിന്നുതിർന്ന
നിലാത്തരികളിൽ
തൊട്ടുതൊട്ടെഴുതിയ കവിതകൾ
കീറിയെറിഞ്ഞ്
അവൾ ഇരുട്ടിലേക്ക്
ഇറങ്ങിനടന്നു.
പരുഷമായ ഈ വഴികളിലൂടെ
ഇനിയുമിങ്ങനെ
എത്രയാവർത്തി നടക്കണം?
പിറകിൽ കനം വച്ച്
പിന്തുടരുന്ന
നിഴലിളക്കങ്ങളിലേക്ക്
തിരിഞ്ഞുനോക്കാൻ
ഭയമാണ്.

നഖംകൂർത്ത നക്ഷത്രങ്ങളെയും
വൈരാഗിയായ കഴുകനെയും

ചുംബിച്ചുചുംബിച്ചുണർത്തി
അടിമുടി വരണ്ടുപോയി,
അവയവങ്ങൾ
അനാസക്തിയിൽ നുറുങ്ങിപ്പൊടിഞ്ഞു.

സമയം തനിക്കായി മാത്രം
ഒന്നും വിട്ടുതരുന്നില്ല;
ജീവിതം കൈമോശംവന്നെന്ന്
കളിയാക്കുന്നു.

അധികാരത്തിന്റെ
കൊട്ടുമുടിയിൽനിന്നു
ഇടംതോളിലേക്ക് പാറിവീണ
ഒരു മറക്കുട[1]/ശിരോവസ്ത്രം/മൂടുപടം
വലിച്ചുപറിച്ചെറിയാൻ
അവൾ കൊതിച്ചു.
ശരീരത്തേക്കാൾ വലിയ
അടയാളമായി
അതെപ്പോഴും
രക്തമാംസങ്ങളിൽ
കപടകുണ്ഡലമായി
അള്ളിപ്പിടിക്കുന്നു.
വീതിച്ചെടുത്തതിന്റെ
വെറുംബാക്കിയായി
വഴിയറിയാതെ
ചരിത്രസന്ധികളിൽ
ഓടിനടക്കുമ്പോൾ
ആത്മഹത്യയുടെ വിധംതന്നെ
അവൾ മറന്നുപോയി.
പ്രണയത്തിന്റെ ആഴവും മുറിവും
രുചിച്ചറിയായ്കയാൽ
ചുടുകാട്ടി[2] അംഗഭംഗം വന്ന്
കാത്തുകിടക്കാൻ കഴിഞ്ഞില്ല.
നെഞ്ചുരുകി കല്ലാവുന്നത്
എങ്ങനെയെന്ന്

[1] താത്രിക്കുട്ടിമാർ.
[2] വാസവദത്ത.

ആത്മാവിലറിഞ്ഞപ്പോൾ മാത്രം
പേരു മറന്നുപോയ
ഒരു പെൺപാറയുടെ[3] മുകളിൽ
ഇടതുകാലൂന്നി
അവൾ ഓടിക്കയറി.
ഭ്രാന്തിയെക്കാണാൻ
ജനം ആർത്തിരമ്പിവന്നു.
"പാപം ചെയ്യാത്തവൻ(ൾ)
ഇവളെ[4] കല്ലെറിയട്ടെ!
എന്ന്  അശരീരി മുഴങ്ങി.
കന്മഴയിൽ ശരീരം നുറുങ്ങി
ചോരപ്പുഴയിൽ പിടഞ്ഞുവീണ
അവളെ നെഞ്ചോടുചേർത്ത്
പുണർന്നുകൊണ്ട്
പാറ മന്ത്രിച്ചു:
ഇതാണെന്റെ ഉയിർപ്പ്!

(ഗ്രന്ഥാലോകം, 2018)

3 അഹല്യ.
4 മഗ്ദലനമറിയം.

— 103 —

## തടവുചാടിയ പെൺകുട്ടി

തടവുചാടിയപ്പോൾ
അവളാദ്യം ചവിട്ടിയത്
കള്ളിച്ചെടിയുടെ
കൂർത്തമുഖത്തായിരുന്നു-
അറിഞ്ഞതേയില്ല.

ചോരവാർന്ന കാൽ
ഇടറാതെ നടന്നപ്പോൾ
കാതോളം വിടർന്ന
കണ്ണുകൾ കണ്ടത്
ജടവിടർത്താടുന്ന
പനമ്പട്ടകളും
ഇലത്താളം കൊട്ടിത്തുള്ളുന്ന
അരയാൽച്ചില്ലകളുമാണ്.

പിന്നെയും വിരിഞ്ഞ്
വിശാലതയിലേക്ക്  നോക്കിയപ്പോൾ
ഇടിമിന്നലുറയൂരി
നെഞ്ചുപിളരാൻ നിൽക്കുന്ന
കരിമേഘങ്ങൾ.
ദിങ്മുഖങ്ങളെ മറയ്ക്കുന്ന
അമാവാസിപ്പൂതങ്ങൾ
അവൾക്കുചുറ്റും
നിരന്നുകഴിഞ്ഞു.

ഭൂമാതാവിനോട്

ഇരക്കാൻ നിൽക്കാതെ
ഋതുഭേദത്തിന്റെ
സുഗന്ധവാഹിയായ
കാറ്റുപോലെ
മതിലുകൾ ഭേദിച്ച്
അവളുയർന്നു.

തലമുടി വീശിക്കൊണ്ട്
അമ്മയുടെ നെഞ്ചിലെ
കറുത്ത മഷിക്കുപ്പികൊണ്ടവൾ
കളങ്ങളെല്ലാം മായ്ച്ചു.
തുളസിത്തറയുടെ ചാരത്ത്
അച്ഛന്റെ കൈപിടിച്ചുനിന്ന
സ്വന്തം മകളോ
ഇവളെന്നറിയാതെ
'അമ്മ' അമ്പരന്നു.
യക്ഷിക്കഥകളുടെ ഭാണ്ഡം
അമ്മയെ തിരിച്ചേൽപ്പിച്ച്
അവൾ ചോദിച്ചു:
'പൊയ്പ്പോയ കാലത്തിന്റെ
ഇരുട്ടുമുഴുവൻ
അമ്മ ഒളിപ്പിച്ചുവെച്ചിരിക്കുന്നത്
എവിടെയാണ്?
ഉടലിലോ.
ഉള്ളിലോ, അതോ
അച്ഛന്റെ ചൂണ്ടുവിരലിലോ?'

(സ്ത്രീശബ്ദം 2018)

— 104 —

## ആഗ്രഹങ്ങൾ വിഴുങ്ങുമ്പോൾ

ആഗ്രഹങ്ങളുടെ
ഒരു നീണ്ട ലിസ്റ്റ്
അവൾ
അമ്മയ്ക്കു മുന്നിൽ വെച്ചു.
അമ്മ
അതെടുത്തുനോക്കി
“നിന്റെ തന്ത കൊണ്ടുവരും!”
എന്ന ശാപവാക്കോടെ
വലിച്ചുകീറി
പുകഞ്ഞുകത്തുന്ന
അടുപ്പിലേക്കെറിഞ്ഞു.
മകൾ കയ്യോടെ
കണ്ണീരമർത്തിച്ചിരിച്ചു:
എന്നാലിതാ,
ഒരു കുഞ്ഞുലിസ്റ്റ്-
അമ്മയ്ക്കിഷ്ടമാകും,
ഒരേയൊരു ഐറ്റംമാത്രം-
“ഒരു സയനൈഡ് ഗുളിക”.
അമ്മ കൊതിയോടെ
അക്ഷരങ്ങളിൽ നോക്കി,
തട്ടിപ്പറിച്ചെടുത്ത് ചുരുട്ടി
വായിലിട്ടു വിഴുങ്ങി.
പെട്ടെന്ന് ഭാവം മാറി,
അമ്മയുടെ കണ്ണുകൾ

ഉരുണ്ടു മറിഞ്ഞു,
ശരീരം കോച്ചി വലിച്ച്,
വായിലൂടെ നുരയും പതയുമൊലിച്ച്
മകൾ
ഒരു നിലവിളിയോടെ
അമ്മയുടെ നെഞ്ചിലേക്ക് വീണു.

(സാഹിത്യലോകം, 2018)

— 105 —

## രാജകുമാരിയുടെ ഡയറിക്കുറിപ്പുകൾ

അമ്മ
ഡയറിയുടെ പേജുകൾ മറിച്ചു,
പതിവുപോലെ
ആക്രോശിച്ചുകൊണ്ടവൾ
എടുത്തുചാടിവരുമോ
എന്ന ഭയത്തോടെ.

വീണ്ടും മറിക്കവേ...
“എന്റെ അബീ!
ഞാൻ നിന്നെ
പ്രണയിച്ചതും സ്നേഹിച്ചതും
എന്തുകൊണ്ടെന്ന്
നിനക്കറിയില്ല.
നീ മദ്യപാനിയായിരുന്നു,
കഞ്ചാവടിച്ചിരുന്നു,
എന്നിട്ടും
സുഹൃത്തുക്കൾക്കെപ്പോഴും
നീ പ്രിയങ്കരനായിരുന്നു.
നിന്റെ കറുത്ത തൊലിയും
പതിഞ്ഞ മൂക്കും
എനിക്കൊട്ടും ഇഷ്ടമായില്ല.
വെളുത്തുതുടുത്ത
രാജകുമാരിയാണ് ഞാനെന്ന്
ആരും പറയാതെതന്നെ
എനിക്കറിയാം.

എന്നിട്ടും
ചിരിക്കുമ്പോൾ നിരതെറ്റിയ
മുടമ്പല്ലിന്റെ തിളക്കവും
മുഷിഞ്ഞ ജീൻസും
കരുത്തുറ്റ താടിരോമങ്ങളും
രസികത്തവും എനിക്കു നന്നേ പിടിച്ചു.
എന്നാൽ
നീ ഒരിക്കലും
എന്റെ രാജാവായില്ല,
സിംഹാസനത്തിലിരുന്നില്ല,
നിക്ഷേപങ്ങളിൽ കണ്ണുനട്ടില്ല.

സൗമ്യമായ കുസൃതികൾകൊണ്ട്
എന്നെ പൊട്ടിച്ചിരിപ്പിച്ചു,
ആകാശതാരകളിലേക്ക്
കൂട്ടുവിളിച്ചു.

ആറ്റുവക്കത്തെ
അടമ്പിൻപൂപോലെ
അനാഥത്വത്തിന്റെ ഓർമ്മകൾ
ഊതനിറത്തിൽ
എന്നെ തളർത്തുമ്പോൾ
നീ കടൽപോലെ
തിരയടിച്ചുയർന്ന്
എന്നെ കോരിയെടുത്ത്
ഏഴാംകടലിലേക്ക്
ഊളിയിട്ടു...

മേശപ്പുറത്തുനിന്ന്
പഴയ പത്രം ഒച്ചയോടെ
കാറ്റിൽ ചിതറിവീണപ്പോൾ
അവളെത്തിയോ എന്ന്
അമ്മ ഞെട്ടിത്തിരിഞ്ഞു-
ഓ, അവളിനി വരില്ല!
കലണ്ടറിലെ തീയതി നോക്കി-
ഇന്നേയ്ക്കു ഒരാഴ്ചയായിരിക്കുന്നു.
കാറ്റിൽ മലർന്നടിച്ചുവീണ പത്രത്തിൽ

പോലീസ് വിലങ്ങുവെച്ച
റേപിസ്റ്റിന്റെ ചിത്രം!

(പ്രഭാതരശ്മി, 2018)

— 106 —

## ഇതൊരു നല്ല കവിതയല്ല കെട്ടതുമല്ല

”അമ്പലനടയിലെ അരയാൽത്തറയിൽ
ഒരുപിടി മുല്ലപ്പൂക്കൾ കിടന്നു
അനുപമസുന്ദരധവളിമ തൂകി
മുഗ്ദ്ധമനോഹരമന്ദസ്മിതമായ്
വെൺമുകിൽ തന്നുടെ വെള്ളിയലുക്കുകൾ
പൊട്ടിച്ചർച്ചന ചെയ്തതുപോലെ…”[1]

ഹായ്, ഹായ്!
കല്പനയുടെ
സ്വപ്നത്തോണിയിൽ
ചാഞ്ഞിരുന്നു
അങ്ങനെത്തന്നെ എഴുതിക്കോളൂ!
ഇല്ലില്ല…ഇനി വയ്യ…
ഇപ്പോൾ
അമ്പലനടയിലല്ല
അമ്പലത്തിനകത്ത്
ശ്രീകോവിലിനു മുന്നിലാണ്
മുല്ലപ്പൂക്കൾ ഞെരിഞ്ഞുടയുന്നത്.[2]

താഴികക്കുടങ്ങൾ
എപ്പോഴുമെന്നപോലെ
സ്വർണ്ണപ്പല്ലു കാട്ടി
സ്വർഗ്ഗംനോക്കി

[1] 1967-ൽ എഴുതിയ സ്വന്തം കവിതയിൽനിന്ന്.
[2] കഠ്വാ സംഭവം .

നിവർന്നു നിൽക്കുന്നു.
കളഭച്ചാർത്തിൽ
കൺപീലികളൊട്ടിപ്പോയി
അന്ധനായ ദൈവം മാത്രം
ഇരുട്ടിൽ തപ്പിത്തടഞ്ഞു
നിസ്സഹായനായി നെഞ്ചു തടവുന്നു
രാത്രിയിൽ വിരിയുന്ന
ഓരോ പൂവിന്റെ
വെൺനിനവുകൾക്കും
താക്കോൽ കൊടുത്തുകൊണ്ടിരുന്ന
ദൈവം ഇപ്പോഴാണ് തിരിച്ചറിഞ്ഞത്.
ആർക്കും മനസ്സിലാകാതെ,
ഒരു ഞെരക്കംപോലും കേൾപ്പിക്കാതെ,
ഏതു കുഞ്ഞുപൂവിനെയും
എന്റെ തിരുനടയിൽവെച്ച്
ഞെരിച്ചുടയ്ക്കാം.

(സമകാലിക മലയാളം, 2018)

— 107 —

## മരമേ!

പടർന്നു പന്തലിച്ച മരമേ
നിന്റെ ഇലകളും വേരുകളും
മത്സരിച്ചോടുകയാണല്ലോ!
വായുവിലൂടെയും
വെള്ളത്തിലൂടെയും
മതിലിനപ്പുറത്തേക്ക്
അവ കടന്നു കഴിഞ്ഞു.
പരസ്പരം തിരിച്ചറിയാത്ത
അവയവങ്ങൾ
കൊഞ്ഞനം കുത്തിയും
തലവെട്ടിച്ചും
അവഗണനാ നടിക്കുന്നു,
മണ്ണിനെയും വിണ്ണിനെയും
വെവ്വേറെ ചട്ടികളിലിട്ടു
വറുത്തു കൊറിക്കുന്നു.

കൊന്നു തിന്നുന്ന പക്ഷികൾ
മരം നിറയെ കൂടുവെച്ചല്ലോ!
സൂചികുത്താനിടമില്ല.
ചിറകുകളുടെ പടപടപ്പ്,
നിറങ്ങളുടെ പളപളപ്പ്,
ഓരോ ചില്ലയിലും ഒരുകിളി,
ഓരോ കവരത്തിലും ഒരു കഴുകൻ.
ഓരോ കിളിക്കും ഒരു മേൽവിലാസം
ഓരോ കഴുകനും ഒരു മുഖംമൂടി.

നെഞ്ചിടിപ്പില്ലാത്ത കഴുകന്മാർ
മതിലുകളിൽ വിസർജ്ജിക്കുന്നു,
സ്നേഹത്തിന്റെ പച്ചച്ചായത്തിൽ
അതുണങ്ങിപ്പിടിച്ച് വികൃതമായിരിക്കുന്നു.

മതിലുകൾ ഇടിച്ചുനിരത്തുന്നവർ
വേരുകളിൽ ചവിട്ടിനിന്ന്
ശിഖരങ്ങളിലേക്ക് നോക്കാതെ
പണിചെയ്തു കൊണ്ടേയിരിക്കുന്നു.
ഒരാൾ ചോദിക്കുന്നു:
ഈ മരത്തിന്റെ പേരെന്ത്?
മറ്റൊരാൾ:
ഓ, പേരിലെന്തിരിക്കുന്നു?

മരത്തിൽ എഴുതിത്തൂക്കിയ പേരുണ്ട്,
അക്ഷരം മറന്നുപോകയാൽ
അതാർക്കും വായിക്കാനാവുന്നില്ല!

— 108 —

## പാമ്പ്

(പതുങ്ങിക്കിടക്കുന്ന പാമ്പാണ്  ബ്യൂറോക്രസി)
എനിക്കൊരൊപ്പിൻ ബല-
മുണ്ടതെന്റെ ജീവനം
എനിക്കൊരൊപ്പിൽ വിഷ-
മുണ്ടതെന്റെ ജീവിതം.
ഉപ്പും മുളകുമൂതി
തുറുകണ്ണൻ പൂത-
ക്കനലിലിട്ടു പുകക്കും ഞാൻ,
കൊതിക്കെറുവുകളോരോന്നിൽ
പുകയൂതിരസിക്കും ഞാൻ.

സമരങ്ങൾക്കണിയിൽ കേറി
സമവാക്യങ്ങൾ പൊലിപ്പിച്ചു
കലകൾക്കുള്ള നടപ്പാത
ചായ്ച്ചും ചെരിച്ചും വെട്ടി ഞാൻ.

ഇടം കയ്യിൽ വലംകയ്യിൽ
പേനയുന്തി, അമാന്തിച്ചും
കടലാസിൻ വില, വിലകേട്ടും
കടലായി പെരുപ്പിച്ചു.

തക്കം നോക്കി തരം നോക്കി
മുളകരപ്പല്ലാല്പമായ്  തേച്ചിട്ടും
കന്നിക്കോമരങ്ങൾക്കുള്ളിൽ
തുള്ളൽപ്പനി പകർന്നിട്ടും.
ചങ്ങാത്തങ്ങളിലെപ്പൊഴും

മുള്ളാണിപ്പഴുതു പരതിടും
സർക്കാരുദ്യോഗ രസികൻ ഞാൻ
നയതന്ത്രവിശാരദൻ.

പത്മവ്യൂഹം ചമക്കുമ്പോൾ
കുഴിബോമ്പുകൾ പാകിടും
ആരെന്റെ വരുതിക്കപ്പുറം
എന്നു കൺകോണിൽ കണ്ടിടും

സർപ്പംപോലിഴയും പത്തി
പതിനായിരമൊതുക്കിഞാൻ
ചത്തമട്ടിൽ കിടക്കും, നീൾ-
വാലാട്ടി ചീറ്റാതുണർന്നിടും.

ഊർദ്ധമാർഗ്ഗത്തിലാകാശ-
കുസുമം തേടി നിവർന്നിടും
അനന്തശ്രേണികൾക്കുള്ളിൽ
പതുങ്ങും ശിലാമന്ത്രികൻ.

എന്റേതാണമൃതകുംഭങ്ങൾ,
ഒക്കെയും ഞാൻ നുകർന്നിടും
തട്ടാൻ വരുന്നത് തക്ഷകനെങ്കിലും
സഹിപ്പീ, ലനാര്യൻ ഞാൻ.

കുളിച്ചാദ്യം കയറി, ല്ലെന്നും
ചെരിഞ്ഞേ നില കൊണ്ടിട്ടും
ഏതു ചോരയിലുമാറാടും
പറക്കും കനക രഥങ്ങളിൽ.

പ്രപഞ്ചം വെറുമൊരു കണ്ണാടി-
ക്കൂടതിന്നകം പൊരുളൊക്കെയും
വടിച്ചൂറ്റിപ്പടയ്ക്കട്ടേ നിര-
നിരയായ് ദൈവബിംബങ്ങൾ,
നുരയ്ക്കട്ടേ നരജന്മത്തിൽ
പരകോടികളാകട്ടെ,
ആര്യചിഹ്നങ്ങളാകാശ-
പ്പെരുമ്പറകൾ മുഴക്കട്ടെ!
മുള്ളാണിയിൽ മലമോളിൽ
തണ്ടൊടിഞ്ഞു ചെരിഞ്ഞിട്ടോ

മടിത്തട്ടിൽ മുലത്തുമ്പിൽ
പാൽനുകർന്നു ചിരിച്ചിട്ടോ
പലപാത്രപ്പകർച്ചക്കായ്
ക്യൂ നിൽക്കട്ടെ സർവരും,
'പരിത്രാണായ സാധൂനാം'
പരിലാളിതരാവട്ടെ!

അനന്തൻ ഞാൻ, ചിരിക്കാത്തോൻ
ഇരുൾക്കുത്തിൽ പതുങ്ങുവോൻ
അനക്കങ്ങൾക്കിമചിമ്മാതെ
ദേവനെച്ചൂടിയാകാശം
പിറകോട്ടു വകഞ്ഞിട്ടു
ചുരുണ്ടൊട്ടിക്കിടപ്പവൻ.

ചിരിച്ചും വിളയാടിയും
കടംകവിതചൊല്ലിയും
വിളിപ്പുറത്തെല്ലാവർക്കും
വരംനല്കട്ടെ ദൈവതം!

എനിക്കു വേണ്ടതെൻനേരം
എല്ലാമുറങ്ങും വിനാഴിക
തിരുത്തിക്രിയ ചെയ്തീടാൻ
അസംഖ്യം ഗണിത സൂത്രങ്ങൾ.
അതിലൂടൊറ്റിയായീടും
നാട്ടും നറുമയുമെങ്കിലും
ഒരിക്കൽപോലും ക്രുദ്ധിച്ചു
നോക്കാത്തോൻ, നേരിൻ
നേർക്കു വരാത്തവൻ
പടംപൊക്കി, വിഷംചീറ്റി
കിടാങ്ങൾക്കു ഭയം തോറ്റി
ഭരിക്കാൻ മുതിരാത്തോനീ
തണുത്തപാമ്പെന്നറിയുക!

(ആകാശവാണി, ഡിസംബർ 2011)

— 109 —

## സാക്ഷി

(കുന്നുകുഴി എൻ.എസ്.എസ്.കരയോഗം സുവനീർ, 2005 ഓണാഘോഷത്തിന് അവതരിപ്പിച്ചത്.)

ഓണമെന്നെ
പ്രണയിക്കയാണെന്റെ
സ്നേഹദാരിദ്ര്യ-
മെത്രയാണെങ്കിലും
ഓണമെന്നെ-
ച്ചിരിപ്പിക്കയാണെന്റെ
ദുഃഖഭീതികൾ-
ക്കന്തമില്ലെങ്കിലും

ഇല്ല മാന്തോപ്പി-
ലൂഞ്ഞാലിലാട്ടുവാൻ
ഹർഷ സുസ്മിത-
സ്വപ്നങ്ങളെങ്കിലും
പട്ടുനൂലിൻ
ഇഴയിൽ പിടിച്ചുനാം
തൊട്ടറിയും
കിടാങ്ങളായ് മാറിടാം.

ചെരിവിലാരോ
ചിരിപ്പതിൻ മാറ്റൊലി,
വ്രണിതമല്ലാ-
സ്വരമെന്നറിയുകിൽ
ജീവിതത്തിൻ

വസന്തം കുലുക്കുവാൻ
ഇരുകരംനീട്ടി
നില്ക്കുന്നു ഞാനിതാ!

എങ്ങു, പൂവെങ്ങ്,
മണമെങ്ങ്? ഭൂമിക്ക്
നെഞ്ചിലോണ-
ക്കളിമ്പമി,ല്ലഗ്നിയാ-
ണതുപഴപ്പിച്ച
കണ്ണുനീരുതിരുമ്പോ-
ഴെന്തൊരുത്സവം,
എന്തൊരു മത്സരം!
ഇടറിനില്പൂ മനസ്സിൽ
ചെറുതിരിച്ചിരിയുമായ്
പൂർവതാരയാം മുക്കുറ്റി
പാടവക്കിലെ
കൊറ്റിയും കാറ്റാടി
മൈനയും ചിങ്ങ
വെയിലൊളിത്തിരകളും.

പവിഴമല്ലിതൻ
പാൽച്ചോപ്പു ചോരുന്ന
ഹൃദയഭാവത്തിൽ
അമൃതം നിറക്കുന്നു
പഴയരിച്ചോ-
റുരുട്ടുമ്പൊഴും പാതി
പങ്കുവെക്കുവാൻ
വെമ്പുന്ന സൗഹൃദം.

ഇതുപകുത്താൽ
രുചിക്കുമോ കുട്ടരേ,
ഇതുചൊരിഞ്ഞാൽ
ഭയന്നകന്നീടുമോ,
പുതുയുഗത്തിൻ
ദിഗന്ത താളങ്ങളിൽ
ചടുല നൃത്തം
ചവിട്ടും യുവത്വമേ?

പരിഭവം, പ്രണയം
ഒക്കെ മറന്നു നാം,
തേൻ മണക്കുന്ന
വാക്കും പ്രിയങ്ങളും
എവിടെ വാരി-
ക്കളഞ്ഞൂ? തിരഞ്ഞിടാം
തിരികൊളുത്തിയീ
പൂക്കളും സാക്ഷിയായ്.

— 110 —

# കറുപ്പ്

ചുവന്ന കണ്ണിലിപ്പോൾ
കട്ടം കറുപ്പ മാത്രം.
രോഷം കൊണ്ട്
പുകഞ്ഞു കത്തിപ്പിടിക്കുന്ന
പഴയ കാന്താരിച്ചൂട്ട്
എവിടെയാണ്
ഞാൻ മറന്നിട്ടത്?

ഞെരിയുന്ന പുൽനാമ്പിലും
പൊരിയുന്ന കനൽത്തുമ്പിലും
തിടമ്പേറ്റിയ വാക്കുകൾ
നേരിൻ നാരുകൾ
നെഞ്ചോടമർത്തി
എത്രയോ വട്ടം
ചുവന്നു വിറച്ച കണ്ണുകൾ
ഇപ്പോഴിതാ,
തണുത്ത തീരത്തടിഞ്ഞ
കറുത്ത കക്കകൾ!

എഴുത്തിന്റെ
അടിമയും അധികാരിയുമായി
പരിണാമത്തിന്റെ
സ്ഥാനഘട്ടങ്ങൾ
കടന്നുപോന്നവൾ,
കുരിരുട്ടിനെ കുടഞ്ഞെറിഞ്ഞവൾ

കുടത്തിലെ ഭൂതമായി
ഉരുണ്ടു മറിയുന്നു.
കറുപ്പുകൊണ്ട്
ഇനി എന്തുചെയ്യാം?
കരിവാരിപ്പൂശി
വെളിച്ചത്തെ ഇരുട്ടാക്കാം.
മനസ്സുകൊത്തിനുറുക്കി
ബലിക്കാക്കകൾക്ക്
എറിഞ്ഞു കൊടുക്കാം.
ആണ്ടുചാത്തത്തിന് ക്ഷണിക്കാൻ
ബന്ധുക്കൾ മറക്കണേ
എന്നൊരു പ്രാർത്ഥനയോടെ!

— 111 —

## പശുവിന്റെ ചിരി

അഭിസാരികയെ
ചാണകം തളിച്ച്
നാടിനെയും നാട്ടാരെയും
ശുദ്ധീകരിക്കാൻ
തലങ്ങും വിലങ്ങും
ഓടുന്നവരെ നോക്കി
പശു ചിരിച്ചു.
പശുവേ, നീ ചിരിക്കുന്നതെന്ത്?-
അവൻ ചോദിച്ചു.
മാമറിയത്തെ
എറിഞ്ഞുപൂതി തീർക്കാൻ
കൂർത്ത കൊമ്പുള്ള കല്ലും തേടി
തലങ്ങും വിലങ്ങും
പാഞ്ഞവരെക്കണ്ട്
യേശു കാണാതെ
പശു പണ്ടേ ചിരിച്ചതാണ്.

തല വടിച്ച്
ഒരു കുട്ട ചാണകം കൊണ്ട്
തല്ലി മെഴുകാമെന്ന്
ഒരു കൂട്ടർ.

ഗോമൂത്രം കൊണ്ട്
ഗോരോചനക്കറകൾ
കഴുകി വെടിപ്പാക്കാമെന്ന്

മറ്റൊരു കൂട്ടർ.

ആൽത്തറയിലോ
മൈതാനത്തിലോ
തുണിയുരിച്ച് നിർത്തി
ചട്ടുകം കൊണ്ട്
ചൂടുവെക്കണമെന്ന്
ചാണക്യസൂത്രക്കാർ.
വിലയും നി(നീ)ലയും
ചീന്തിക്കളഞ്ഞ മുഞ്ഞിയിൽ
ചാണകം കൊണ്ടുള്ള
ഗുണനചിഹ്നം പേറി
ആർത്തനാദം പോലുമില്ലാതെ
അവളോടിയപ്പോൾ
ഓർമ്മയിൽ മുക്രയിടുന്ന
കാളക്കുറ്റന്മാരുടെ മുഖങ്ങളിൽ
ഒന്നുപോലും തിരിച്ചറിയാതെ
പശു പതിന്മടങ്ങ് ചിരിച്ചു.
പശുവേ, നീ പിന്നെയും ചിരിക്കുന്നതെന്ത്?
അവൻ ചോദിച്ചു.
കണ്ണിൽ പറക്കുന്ന
പൊന്നീച്ചയെ അടിക്കാൻ
പിന്നിപ്പഴകിയ
വാലുയർത്തി വീശുമ്പോൾ
ഒരു പൊട്ടച്ചിരി
അയവെട്ടിക്കൊണ്ട്
പശു ചോദിച്ചു:
ചാണകം തന്നെ വേണമായിരുന്നോ?

(ദേശാഭിമാനി വാരിക, 26-11-2000)

— 112 —

# പിണക്കം

പിണക്കം
വഴിപിരിഞ്ഞ ത്രിമധുരമാണ്.
ഞെരടിപ്പിഴിഞ്ഞ
തുടുമാമ്പഴം പോലെ
കുറുകിയ ചാറൊട്ടിയൊലിച്ച്
നിറം കെട്ടുപോയ തൊലിയും
വയറൊട്ടി ചുണ്ടു കൊടിയ നോട്ടവുമായി
ചിതറിക്കിടക്കും.

എല്ലാമൊന്ന്കൂടി
വാരിക്കൂട്ടി നെഞ്ചിലിട്ട്
തിരുമ്മി നേരെയാക്കാനാവില്ല.
അതിരുകൾ കടന്നു ചായുന്ന
മരക്കൊമ്പിൽ താഴ്ന്നിറങ്ങി
നിരങ്കുശരാഗത്തിൽ
ചൂളം കുത്തുന്ന
മഞ്ഞ മൈനകൾ
കരിങ്കണ്ണുകൾ കൊണ്ട്
മുടക്കം പറയും.

അകായിലിരുന്ന്
അലമുറയിടുന്ന ആർക്കുമറിയില്ല
കാതിൽ കൊത്തിപ്പറിക്കുന്ന
ഓരോ വാക്കും
കോടാലിയാണെന്ന്.

ചിതയിലേക്കുള്ള ദൂരം
അസഹ്യമാണ്,
നടന്ന വഴികൾ
തിരിച്ചുതാണ്ടുന്നതോ
അസാധ്യം.

(വെബ്‌ലോകം (2006-ന് മുമ്പ്))

— 113 —

# പുല്ലുവില

ബുക്കർ പ്രൈസില്ലാത്ത
അരുന്ധതിയെ[1]
ആദ്യം കണ്ടത്  ആകാശത്തല്ല,
പാതയോരത്തെ
പനയോലപ്പന്തലിൽ
വാഴുന്നോരുടെ പൂമുഖത്ത്.
ഉച്ചസ്സൂര്യനെരിഞ്ഞ
കട്ടിക്കരിമ്പാറ പോലെ
എന്തുയർന്ന
ചന്തമില്ലാത്ത നെറ്റി!
അലസംപാറും
എണ്ണമില്ലാത്ത കുറുമുടി,
മെലിഞ്ഞമേനി,
മേനി കാട്ടാത്ത
തനിക്കണ്ണുകൾ!

കരി നിറം,
കടം കേറിയ ചിരി,
വെടിപ്പില്ലാത്തോരുടെ
മൊട പിടിച്ച പെണ്ണ്!

താളിയോലയിൽ
പേരില്ലാത്തോൾ
എഴുത്താണിയിൽ

[1] ആദിവാസി സമര നായിക ജാനു സെക്രട്ടറിയേറ്റിനു മുന്നിൽ സമരം നടത്തിയപ്പോൾ .

വിരൽപ്പാടില്ലാത്തോൾ
പുസ്തകം പ്രകാശിപ്പിച്ചു;
ആജാനുബാഹുക്കളായ്
എഴുത്താളർ അകമ്പടിനിന്നു.

ഇന്നലെ-
നീർവിങ്ങും കവിൾ മറയ്ക്കാതെ,
കുനിയാതെ കുനിഞ്ഞ്,
ഒടിയാതെ ഒടിഞ്ഞ്,
സ്ക്രീനിലൂടെ അവൾ നീന്തി മാഞ്ഞപ്പോൾ
ബുക്കർ പ്രൈസിന്റെ വില
ഡോളറിലും രൂപയിലും
എത്ര പെട്ടെന്നാണ് മനസ്സിലായത്.
എന്നിട്ടും ബുക്കർ അരുന്ധതിക്കത്
പുല്ലുവില!

മനുഷ്യജീവനും
പുല്ലുവിലയെന്ന്
നാമിപ്പോൾ തിരിച്ചറിയുന്നത്
അരുന്ധതിമാരിലൂടെ.

— 114 —

## വിസ്മയം

ഓതുവാൻ വാക്കില്ല-
മ്മയ്യോമനേ, നിറച്ചുണ്ട
മധുരം കിനിയുന്നു
രോമകൂപങ്ങൾ തോറും.

ഒഴുക്കൻമട്ടിൽ മൂളും
രാഗമല്ലിതു്, സ്നേഹം
നിറഞ്ഞ നീലക്കണ്ണിൽ-
ക്കണ്ട വാങ്മയമത്രെ!

മടിയിൽ മഹാകാശം,
രണ്ടു താരകൾ മാത്രം
ചിരിച്ചെൻ മുഖം നോക്കി,
ഞാനതിലലിഞ്ഞുപോയ്!

വാക്കുകൾ വഴുതിപ്പോയ്,
വിസ്മയം മാത്രം, വിരി-
ഞ്ഞേതു കൽഹാരം നിറ-
നെഞ്ചിലെന്നറിവീല!

പ്രപഞ്ചം ചുരുണ്ടുരു-
ണ്ടൊരു കന്ദുകമായി
കളിക്കാൻ കൊതിയാർന്നു
കുഞ്ഞിളം വിരൽത്തുമ്പിൽ!

പതുങ്ങിക്കടന്നുപോയ്
ഒച്ചകേൾപ്പിക്കാതേറ്റം

മൃദുലം പദമൂന്നി
കൊടുങ്കാറ്റുകൾപോലും!
കങ്കാളനിഴലുകൾ
കൊടിയാട്ടങ്ങൾ നിർത്തി
രാവിനെ പുണരുന്ന
നീലിമ വാരിത്തൂവി!

ധ്യാനമീലിതം നിലാ-
വൊന്നു ചുംബിക്കാൻ വന്നു
സ്നേഹഗദ്ഗദംകൊണ്ടു
തുളുമ്പീ പാലാഴിയായ്!

പിറന്നു മുയൽക്കുഞ്ഞും
വെൺകപോതവും തളിർ-
സ്പർശവും പുഷ്പോദാര-
കേസരസ്വപ്നങ്ങളും!

ചിരിച്ചോ? കരഞ്ഞുവോ?
കണ്ണീരിനെന്തേ പൂന്തേൻ
മുഖമെന്നാവാം നിശാ-
ശലഭം നിലതെറ്റി!

കുഴഞ്ഞുമറിഞ്ഞുള്ള-
തൊക്കെയും കടഞ്ഞോട-
ക്കുഴലിൽ വിതുമ്പുന്ന
പ്രേമമായ് വിറകൊണ്ടു!

ഇരച്ചുപെയ്യും മാരി
തരിച്ചുനിന്നൂ, നീയും
ഞാനുമായ് കണ്ണിൽക്കണ്ട
നിമിഷം കുറിക്കുമ്പോൾ!

എവിടെ? എവിടെയാ
നിമിഷം? കാലത്തിന്റെ
ശലഭസ്പന്ദത്തിലൂ-
ടെവിടെ ഒളിച്ചുവോ!

(കലാകൗമുദി, 2001)

— 115 —

# മുനമ്പ്

മുനമ്പിലല്ല,
മുനമ്പുകൾക്കിടയിലാണ്
ആത്മഹത്യകൾ നടക്കുന്നത്,
ഞാനിപ്പോൾ
ഒരു മുനമ്പിലാണ്,
അതിന്റെ സൂചിമുനയാണ്
എന്റെ കാൽച്ചുവട്ടിൽ-
-ആത്മഹത്യ നടന്നു കഴിഞ്ഞിരിക്കുന്നു.

മുനമ്പുകളിൽ
പെരുകിവരുന്ന ആൾക്കൂട്ടം
എന്റെ നിഴലുകളാണ്.
ഈ ഭൂമി
മുനമ്പുകൾ കൂട്ടിക്കെട്ടിയ
ഒരു കറക്കുപമ്പരം മാത്രമാണെന്ന്
എനിക്കിപ്പോൾ
ഓർക്കാനേ കഴിയില്ല.

കൈവിരിച്ച്
നെഞ്ച് പൊളിച്ച്
പാതിയടഞ്ഞ കാഴ്ചയിലൂടെ
ആദ്യം നോക്കുന്നത്
താഴേക്ക് തന്നെ.

ആഴമുറങ്ങുന്ന പച്ചപ്പിൽ,
തിരയിളക്കങ്ങൾക്കു താഴെ

ഒരു മൂൺമയിയുണ്ടെന്ന്
എനിക്കിപ്പോൾ
ഓർക്കാനേ കഴിയില്ല.
താലത്തിലെന്ന പോൽ നീട്ടുന്ന
തല, പാതി ചെരിച്ച്
ആകാശചാരികളുടെ
ദൈവശൂന്യമായ വഴികളിൽ
ഞാൻ കണ്ണയക്കുന്നു.
നക്ഷത്രഗംഗകളും
ഇരുൾക്കുണ്ടുകളുമാണ്
അതിനപ്പുറമെന്ന്
എനിക്കിപ്പോൾ
ഓർക്കാനേ കഴിയില്ല.

ചരിത്രത്തിലേക്ക് തുറന്നിടാൻ
എനിക്കിപ്പോൾ
പിൻവാതിലുകൾ ഒന്നുമില്ല.
കുമ്പിനില്ക്കുന്ന കാവൽപ്പുരയിൽ
തുറന്നിരുന്ന അകക്കണ്ണുകൾ
ഇറുക്കിയടച്ച്
ഞെരിച്ചുടഞ്ഞു കളഞ്ഞത്
ഞാൻ തന്നെയാണ്.

കിരുകിരുത്ത് പിടഞ്ഞു പൊട്ടുന്നത്
പിറകിൽ ഒരാത്മഹത്യ നടന്നെന്ന്
സ്ഥിരീകരിക്കുന്നുണ്ട്

ഞാനിപ്പോൾ
ചുവടുകൾ ഉപേക്ഷിച്ചു കഴിഞ്ഞു
ശേഷക്രിയയെപ്പറ്റിയുള്ള
ചിന്ത നിരർത്ഥകം!

— 116 —

## ഹൃദയത്തോട്

ഇടക്ക് വെച്ച് നിർത്തരുതേ...
ഞാൻ അപേക്ഷിച്ചു കൊണ്ടിരുന്നു
ഓരോ മിടിപ്പും
അപാര കാരുണ്യത്തിന്റെ
അനന്തസംഗീതമായി
ഒഴുകിക്കൊണ്ടിരിക്കാൻ
ഞാൻ പ്രാർത്ഥിച്ചു കൊണ്ടിരുന്നു...

എപ്പോഴാണ്
ഇഴ പൊട്ടുക,
ഇമ ചായുക,
ഇല ഉതിരുക
എന്ന് ഡോക്ടർ
നോക്കിയിരിപ്പാണ്.
നീക്കിയിരിപ്പില്ലാത്ത
ഹൃദയത്തോട്
ആർക്കും ഒന്നും പറയാനില്ല.
എന്നിട്ടും
അബോധത്തിന്റെ
ആമന്ത്രണം പോലെ
ഞാൻ പറഞ്ഞു കൊണ്ടിരുന്നു,
ഇടക്ക് വച്ച്
നിർത്തരുതേ...
നിർത്തരുതേ...

— 117 —

## കടന്നൽക്കുത്ത്

കടന്നൽ കുത്തി
മിടിപ്പുനിന്ന ഒരു ഹൃദയം
എന്റെ പക്കലുണ്ട്.
എങ്ങനെ കിട്ടിയെന്ന്
എല്ലാവരും ചോദിക്കുന്നു.
അതെന്റേതാണെന്ന് മാത്രം
ആരും അംഗീകരിക്കുന്നില്ല.

ഇത് കടന്നലുകളുടെ
ഭരണപരാക്രമ കാലം,
അവർ പറയുന്നതേ സത്യം!

കടന്നലുകൾ എനിക്കുചുറ്റും
കടൽത്തിരപോലെ
പതഞ്ഞുയരുകയാണ്.
എത്ര കുത്തിയാലും
ഒടിയാത്ത കൊമ്പുകളുമായി
അവ വട്ടമിട്ട്
ആർത്തിരമ്പുന്നു.

കറുത്ത മുഖം
കാട്ടാളനെപ്പോലെ ജ്വലിപ്പിച്ച്
പെരുങ്കോട്ട പണിതുയർത്തുമ്പോൾ
ചുണ്ടോളമെത്തിനില്ക്കുന്ന
വിഷത്തുള്ളിയിൽ
മറച്ചുവെച്ച അന്തകനീലം.

രക്തസഞ്ചാരമില്ലാത്ത
രാത്രിയുടെ നെറ്റിക്കീറിലെ
ഒറ്റനക്ഷത്രത്തിന്റെ
തുറിച്ചുനോട്ടം
അവർക്കൊരുവിഷയമേയല്ല!

ഹൃദയധമനികളുടെ മിടിപ്പിനെ
മഞ്ഞനുണയുടെ വൃത്തത്തിൽ
ഫോക്കസ്സ് ചെയ്ത്
ക്ലിക്-ക്ലിക്-ക്ലിക്!

അടയാളങ്ങൾ
അവശേഷിപ്പിക്കാത്ത
കൊലവെറിസംഗീതത്തിൽ
മരണനൃത്തത്തിന്
നിരക്കുന്ന ജനസമൂഹം.
ഈ ഹൃദയം കൊണ്ട്
ഞാനിനി എന്തു ചെയ്യും?

— 118 —

## എനിക്ക് ഞാൻ

പവിത്രമായതെല്ലാം
എനിക്ക് സ്വന്തം,
പരുഷമായതും
പതിതമായതും നിനക്ക്.

പ്രാർഥനയും പ്രായശ്ചിത്തവും
പുണ്യങ്ങളും എന്റേത്,
പാപങ്ങളും ശാപങ്ങളും
അരുളപ്പാടുകളും നിന്റേത്.

സഹസ്രനാമങ്ങളിൽ നീ
സർവാംഗം ജ്വലിച്ചുനില്ക്കുമ്പോൾ
അരുവിയായി
ലളിതയായി
അമൃതകോടിയിലൂടെ
ഉരുകിയൊലിക്കുന്ന ഞാൻ.
താഴികക്കുടങ്ങൾക്കപ്പുറം
കൊടുമുടികൾ തഴുകുന്ന
മേഘവിതാനത്തിൽ
നീയെവിടെയെന്ന്
കണ്ണഞ്ചിപ്പോകയാൽ
കാണാനാവുന്നില്ല.

എണ്ണമറ്റ നൂൽപ്പാലങ്ങൾ
നിനക്ക് സുപരിചിതം,
ഇടറി നില്ക്കുമ്പോൾ

ഇടിത്തീപോലെ
വന്നുവീഴുന്ന
ഒരു തീ നാക്കെന്നെ
നക്കിമിനുക്കിക്കൊണ്ടിരിക്കുന്നു.
നവരസങ്ങൾ
ഒഴുകി മായുമ്പോൾ
അവശേഷിക്കുന്നത്
നീ മാത്രം!
ഞാൻ നിനക്ക് സ്വന്തം,
എനിക്ക് മാത്രം
ഞാനാരുമല്ല!

— 119 —

## കാറ്റ്

വെറുതെ വഴിയിലൂടായിരം കാറ്റുകൾ
കടലിലേക്ക് കുതിക്കുന്നു, പിന്നെയും
കരയിലേക്ക് തിരിക്കുന്നു, കാടുകൾ
തലകുലുക്കിത്തുളുമ്പുന്ന തിരകളായ്.

കാറ്റിളക്കും നിലാവിന്റെ ചേലയിൽ
നിഴൽ വെളിച്ചങ്ങൾ വാരിപ്പുണരുന്നു
ചരടുപൊട്ടിപ്പറക്കുന്ന വെൺമുകിൽ
രജതസഹംസ സ്മൃതികളുണർത്തുന്നു.
കാറ്റനങ്ങുന്നു കുന്നിൻ കുടുമയിൽ
കിളികുറുങ്ങുന്ന ചില്ലയിൽ, വേർത്തുവേർ-
ത്തില പൊഴിക്കുന്ന വേപ്പിൻ തലപ്പിലും
പായ് വിരിക്കുന്നു കരിയിലക്കയ്യിലും

കാറ്റു കന്മതിൽചാടുന്നു, മാമ്പഴ-
ക്കുലയിലൂഞ്ഞാലുകെട്ടുന്നു, പാടത്തു
പച്ചഞാറിൻകവിളത്തുതട്ടുന്നു
വെള്ളരിപ്പൂവിലുമ്മവെച്ചീടുന്നു.
കെട്ടിടങ്ങളെ മുട്ടിപ്പരിക്കേറ്റ
നെറ്റിയിൽ കയ്യണച്ചും തുറക്കാത്ത
സ്നേഹജാലകപ്പാളിയിൽ തൻതല
തല്ലിയാർത്തും മുടന്തി നടക്കുന്നു.
മേലനങ്ങിപ്പണിതു വിയർപ്പിന്റെ
മുത്തുമാലകൾ ചാർത്തും തനുക്കളെ
കണ്ടുമുട്ടാതിടഞ്ഞു മുഴറിയും

കാറ്റുപിൻവാങ്ങിയാറ്റിലേക്കോടുന്നു.
ആറ്റിലൂടൊരു തോണിയൊഴുകുന്നു
ആളനക്കമില്ലില്ലാതുഴകളും
കാറ്റു തള്ളിക്കയറിയലസമായ്
ച്ചുളമിട്ടതിൽ ചാരിക്കിടക്കുന്നു.
വന്നുകേറുമോ മുറ്റത്തിറയത്ത്
കുളിരുമായീ കുടുസ്സുമുറികളിൽ
വേനലാകെപ്പഴുപ്പിച്ച മേനിയെ
തെല്ലുനേരം തണുപ്പിച്ചു നില്ക്കുമോ?

(ജെ.എം.ഹൈസ്കൂൾ സുവനീർ 2002 (കൊടുങ്ങല്ലൂർ))

— 120 —

## അനുരാഗം

ചിരിക്കാനാവാതെ
കാളി എന്നുള്ളിലിരുന്ന്
ചുവന്നു പഴുക്കുകയായിരുന്നു.
കരിഞ്ഞു പുകയുന്ന കലി
എനിക്കു നേരെ
ചീറിയടുക്കുകയായിരുന്നു.
ഇടയിലൊരു വിടവിലൂടെ
സ്വന്തം ഹൃദയം താങ്ങി
ഞാനോടുകയായിരുന്നു.
വെട്ടുപോത്തുകളുടെ
കുളമ്പടിയിൽ
ചതഞ്ഞരയാതെ,
പോത്തട്ടകളുടെ
ചതുപ്പുകൾ ചാടിക്കടന്ന്,
അഴിമുഖത്തുനിന്ന്
പാഞ്ഞുവന്നൊരു
ഒളിവാൾത്തലയിൽനിന്ന്
തലനാരിഴയിൽ രക്ഷപ്പെട്ടു.

ഉടുതുണിയുരിഞ്ഞ
മേഘങ്ങളും
ഉടലെരിഞ്ഞ
മരങ്ങളും
നെഞ്ചിടിച്ചു നില്ക്കേ
കടലും കരിമലയും

ചാടിക്കടന്ന്
മുറ്റത്തെ തുളസിത്തറയിൽ
കമിഴ്ന്നടിച്ചു വീണു.
ഹൃദയം തെറിച്ചു വീണത്
ആട്ടുകല്ലിൽ!
തളരാത്ത കൈകളാൽ
അവരതിൽ കുരുക്കിട്ടു.
ആകാശത്തേക്ക് പറന്നത്
ഒരു അശരീരി മാത്രം:
'ഞാനിപ്പോൾ
സ്വതന്ത്രയാണ്!'
ശരീരം കൈവിട്ടുകൊണ്ട്
ശബ്ദത്തിൽ
ഞാൻ അനുരക്തയായത്
അപ്പോഴാണ്!

(ഉള്ളെഴുത്ത്, 2005)

## — 121 —

# അതിർത്തി

ഇനി വരില്ല, കണ്ണുഴിഞ്ഞു പാർക്കയി-
ല്ലിരുട്ടു വാഴുമീ തകർന്ന വീടിനെ,
പരസ്പരം കൊത്തി വിഷം വമിച്ചതു
മതി, എനിക്കൊരു ഗൃഹം ചമച്ചുഞാൻ.

അതിവിശിഷ്ടമാണിതിന്റെ ശില്പ, മീ-
നിവർന്ന ശീർഷമെൻ പെരുമയല്ലയോ,
ഇനിപിണക്കമി, ല്ലരിയാണെങ്കിലും
അരികത്തുള്ളവൻ അകമറിയുന്നോൻ.

വിരുന്നുകാർവന്നു, വിരിഞ്ഞു സൽക്കാര-
ച്ചിരികളെന്നുടെ പുതുവസതിയിൽ,
പൊടിച്ചുനാമ്പുകൾ, ഹരിതവേഗമായ്
പടർന്നു സൗഹൃദം മതിലിനപ്പുറം.
കുരുന്നുകൾ കളിചിരികളാൽ മതി-
ലിടിച്ചു, മൗനങ്ങളുടച്ചു, മുറ്റങ്ങ-
ളുഴുതു വിത്തിട്ടു വിളഞ്ഞപാടങ്ങൾ
കിളികളായ്  കൊത്തിക്കൊറിച്ചു പിന്നെയും.

വരിക്കച്ചക്കതൻ പരിമളം, കന്നി-
ക്കുല പഴുത്തതിൻ കനകവിസ്മയം
പകുത്തു നീട്ടുമ്പോളതിർത്തി രേഖയിൽ
തകരനാമ്പിനും രുചിസുഗന്ധങ്ങൾ.

ഒഴുകുന്നൂ ഖരസ്ഫടികപാളികൾ
ഉരുകി ശീതള ഹിമപ്രവാഹിനി
കഴുകുന്ന നീല മഹാചലങ്ങളിൽ

ജട കുടഞ്ഞിടും തിമിര വൈരങ്ങൾ.

ചിരിച്ചിടാം ഋതുപ്പകർച്ചയിൽവനം
മനംകുളിരുമാറണിഞ്ഞൊരുങ്ങുമ്പോൾ
ഉറങ്ങിടാം ഭയം വെടിഞ്ഞു കാവലും
കരുതലും തീരെ മറന്നു രാത്രിയിൽ...
അറിഞ്ഞുകൂടെന്തു പിണഞ്ഞു പിന്നെയും
പിണക്കമീവഴിനുഴഞ്ഞു കേറുവാൻ,
മണംപിടിച്ചു നൂൽപ്പഴുതിലും വെടി-
മരുന്നുരുവിയിട്ടൊളിച്ചിരിക്കുവാൻ!

ഒരൊറ്റ ഭൂമിയിൽ ചുരത്തുമാകാശ-
വെളിച്ചമാരാരു കറന്നെടുക്കണം
കവരുമ്പോൾ ദൂര നുരച്ചുവാനോളം
വരമ്പുയർത്തുവാൻ കലിച്ചിറങ്ങണം?

പടനിലങ്ങളിൽ പടുതിയായതും
തുടുമിഴികളിൽ പടുതീ വീണതും
ഇളവില്ലാതിളമുറയ്ക്കു ജീവിതം
മുടിഞ്ഞുപോയതും അറിഞ്ഞുവോ നമ്മൾ?
ഇടംവലം കാഴ്ച മറഞ്ഞിടഞ്ഞോടി
മുഖാമുഖം പക പതഞ്ഞു നില്ക്കയാ-
ണിരു കുതിരകൾ, ഇവർക്കു ജീനിയിൽ
പിടി മുറുക്കുന്നതതിർത്തി രേഖയോ?

അനന്തമാം കടൽത്തിരയിലാനന്ദ-
ത്തിരയിലാലോലമൊഴുകും നീർക്കിളി
ചിലച്ചിടുന്നു, "ഹാ! മനുഷ്യരേ നിങ്ങൾ
പടുത്തെടുക്കയാണതിർത്തിരേഖകൾ!"

(യൂണിവേഴ്സിറ്റി കോളേജ് മാഗസിൻ (2006-നു മുമ്പ്))

— 122 —

## വെളിച്ചത്തിന്റെ വേര്

ഇരുട്ടിലൂടെ സഞ്ചരിക്കുന്നത്
വെളിച്ചത്തിലേക്കെന്ന്
വിശ്വാസം.

അവസാനമില്ലാത്ത
ഇരുൾഗർത്തങ്ങളിലാണ്
നമ്മുടെ ജീവിതമെന്ന്
നമുക്കൊഴികെ
മറ്റെല്ലാവർക്കുമറിയാം.

കവിതയെഴുതാൻ
കണ്ണുകളെന്തിന്?
അടഞ്ഞുകിടക്കുന്ന
വാതിൽ നെഞ്ചിൽ
മൃദുവായൊരു ചുംബനം
മുഴുവൻ വേണ്ട.

പാഴായും ശുദ്ധമായും
കിടക്കുന്ന ഇരുൾപ്പരപ്പിൽ
ശലഭച്ചിറകുപോലെ
അതനങ്ങുന്നു.
ജനനത്തിന്റെയും
മരണത്തിന്റെയും
ആർഭാടങ്ങളില്ലാതെ
നിശ്ചലതയെ സാക്ഷിനിർത്തി
വെള്ളത്തിൻമീതെ

ഉടുക്കു കൊട്ടുന്നു.
ഉണ്മയുടെ പ്രകമ്പനം
ഉടലുരിഞ്ഞു് വീണു്
ആത്മാവിന്റെ നഗ്നത
പൊരുളറിയിക്കുന്നു.
വെളിച്ചത്തിന്റെ വേരു്
എവിടെയാണു്?-
എന്നിലോ, നിന്നിലോ?

— 123 —

## പാപികൾ

സുഹൃത്തുക്കൾ സുഹൃത്തുക്കൾക്ക് വേണ്ടി
ചെയ്യുന്ന പാപങ്ങളാൽ
ഭൂമിയുടെ സീമന്തത്തിൽ
ആന്ത്രാക്സ് സിന്ദൂരം പടർന്നിരിക്കുന്നു.
ഓരോ പുൽനാമ്പിലും
വിഷത്തുള്ളികൾ കത്തിനില്ക്കുന്നു,
രാജസർപ്പത്തിന്റെ കൃഷ്ണമണികളായ്.
പ്രളയരാത്രിക്കു മുമ്പുള്ള
അടിയൊഴുക്കിന്റെ മുരൾച്ചയായ്
പാറകളിൽ അത് ഉരഞ്ഞുമുറുകുന്നു.

യൂണിഫോമിന്റെ പശവാങ്ങാൻ
പോലീസിനൊപ്പം
നിർവ്യാജഡോക്ടറും
ഒരേ ക്യൂവിലുണ്ട്.
ഇഫ്താർ വിരുന്നുകൾക്കു മേൽ
റംസാൻപിറ വിളറിച്ചിരിക്കുന്നു.

ചെകിടടഞ്ഞുപോയ
കാറ്റിൻ നെഞ്ചിലൂടെ
നിർത്താതൊരു ചൂളം
നിലവിളിയുടെ ശരമുനയിൽ
തുളച്ചുപായുന്നു.
അതൊരു ചോരക്കുഞ്ഞിന്റേതാണ്.
ചോരയുടെ നിറവും മണവും

അതിനറിയില്ല;
രുചിയെപ്പറ്റി മൊഴിയാനാവില്ല.
ഇളംനാവിൽ, നോവിന്റെ പൂഞ്ഞരമ്പിൽ
വിദ്യുത്നഖങ്ങൾ
നെറികെട്ട രാഗം വായിക്കുമ്പോൾ
വിരാട്പുരുഷനും ചിറികോട്ടുന്നു.
ആരാണതിന്ന് ജന്മം കൊടുത്തത്?
ആരാണതിന്ന് മരണം വിധിച്ചത്?
ആളറിയാത്ത
ക്ലോണിംഗ് ജന്മങ്ങൾക്കും
ഡിജിറ്റൽ മരണങ്ങൾക്കുമിടയിൽ
ഉറക്കുപാട്ടുകൾ മറന്നുപോയ
അമ്മമാർക്കിനി
ഉറക്കമില്ല.

— 124 —

## അപൂർണം

മനുഷ്യനെക്കുറിച്ചിനി
പാടുക വയ്യ!
തന്നിൽത്തന്നെ മരിച്ചവനെ
മധുരഗീതങ്ങളാൽ ഉണർത്തുക വയ്യ!

ദൈവം പിണങ്ങിപ്പോയ സന്തോഷം
അത്താഴവിരുന്നിൽ
ആഘോഷിക്കയാണവൻ

ഭൂമുഖത്തൊരു
പ്രളയവും പെട്ടകവും
ഇനിയൊരിക്കലും ഉണ്ടാവില്ലെന്ന
ഉറപ്പിലാണവൻ

തിരിഞ്ഞുനോട്ടങ്ങളും
വേർപാടിന്റെ വേദനകളും നിറഞ്ഞ
ഓർമയുടെ ചില്ലുപാത്രം
കഴുകിക്കമഴ്ത്തിവെച്ച്,
സ്നേഹകാരുണ്യങ്ങളുടെ
പര്യായപദങ്ങൾ പോലും
നിഘണ്ടുവിൽ നിന്ന്
വെട്ടിക്കളഞ്ഞു.

തൊട്ടറിയാൻ വിരലുകളും
പകർന്നറിയാൻ മനസ്സുമില്ലാത്ത
ഭ്രാന്തൻ നർത്തകന്റെ ചേഷ്ടകളിൽ
ഭൂമി ഉരുളുന്നോ, അതോ പിളരുന്നോ?

ഒരു രാഗവും ഈ വേഗത്തിൽ
മൂളി മുഴമിപ്പിക്കുക വയ്യ!
ഇമവെട്ടും മുമ്പ്
ചീന്തി എറിയപ്പെട്ടുമ്പോൾ
എല്ലാം അതിവേഗം
അതിസൂക്ഷ്മം
അപൂർണം!

(സ്വജനമിത്രം മാസിക ഓണപ്പതിപ്പ് 2011)

— 125 —

# ബാർബി

എന്റെ വിപ്ലവം
എന്റെ ഉപ്പാണ്-
അല്ല, ചപ്പാണെന്ന് നീ!
എങ്കിലും
എന്റെ വീറ്
എന്റെ ചന്തമെന്ന്
ചിലപ്പോഴെങ്കിലും നീ-
അല്ല, നീറാണെന്ന്
അപ്പോഴൊക്കെ ഞാൻ.
പാവക്കുഞ്ഞിന് ഇതൊന്നും
ചൊല്ലിക്കൊടുക്കരുതെന്ന് നീ.

ഉരുണ്ടു വിടരുന്ന
പളുങ്കുമിഴികളിൽ
ആകാശ നീലം,
ഇമകളിൽ കരിനീലം,
ചിന്നിപ്പടരുന്ന
ചില്ലിൻ ചിരി,
വഴുവഴുക്കുന്ന നടപ്പാതയിലും
മെയ്‌വഴക്കം,
ചെരിച്ചാലും മറിച്ചാലും
എടുത്തെറിഞ്ഞാലും
വഴങ്ങുന്ന ബാർബി[1]

[1] ലോകത്തെവിടെയുമുള്ള പെൺകുട്ടികൾക്ക് പ്രിയതരമായ പെൺപാവ.

പിന്നെ,
എന്താണ്  ഞാനവൾക്ക്
ചൊല്ലിക്കൊടുക്കുക?
ഒന്നും വേണ്ട!
അവൾ പഠിക്കാതെ
പഠിച്ചവളാകും,
പഠിച്ചും
പഠിക്കാത്തവളാകും.
വിരലുകളിൽ
സൂചികൊള്ളാതെ
അവളെ കാത്തു കൊള്ളുക,
കൈമാറുക,
പിന്നെ-
എല്ലാം മറക്കുക.

(സ്ത്രീശബ്ദം, 2006-ന മുമ്പ്.)

— 126 —

# ആൾരൂപങ്ങൾ

കളിമൺപാടത്ത്
ഞാൻ തനിച്ച്  പകച്ചിരിക്കുന്നു.
ഒട്ടുന്ന പശമണ്ണിന്റെ
ഈ ഉരുളകൊണ്ട്
ഞാനെന്തു ചെയ്യണം?
ഒരു മൂക്ക്, ചുണ്ട്,
കണ്ണ്, കവിൾ...
ഉള്ളിൽ പതുങ്ങിനിന്നവർ
ഒന്നൊന്നായി ഇറങ്ങിവരുന്നുണ്ട്.
എല്ലാവർക്കും ഇരിപ്പിടമില്ല.
എനിക്ക്  പിന്നിൽ
തകർന്ന ശില്പങ്ങളുടെ
ഹിമാലയൻ കൊളാഷ്!
എനിക്കു മുന്നിൽ
ശില്പമാകാൻ തള്ളുന്നവരുടെ
വരിതെറ്റിയ
അനന്തമായ ക്യൂ!
ഏറ്റവും പൊക്കത്തിൽ
ആൾരൂപങ്ങൾ.
പുകമറയ്ക്കുള്ളിൽനിന്ന്
അവർ
യാജ്ഞവല്ക്യനെ ചിരിപ്പിക്കയാണ്.
അതുകാണുമ്പോൾ
എന്റെ വിരലുകളിൽ

ആത്മാഹൂതിയുടെ
ഭ്രാന്തവൈദ്യുതി പ്രകമ്പിക്കുന്നു.
എന്റെ മുഖവൈകല്യം
എനിക്കജ്ഞാതം!
ഫേഷ്യൽ ചെയ്ത
കറിക്കൂട്ടുകളണിഞ്ഞ
വെൺചന്ദ്രബിംബം
സോപ്പുകുമിളകളായി
കാറ്റാടി മരങ്ങളിൽ
പിടഞ്ഞമരുന്നു.
എങ്കിൽ-
ഒരു ദൈവം?
ഒരു പ്രണയം?
ഒരു കാവ്യമെങ്കിലും?
വേണ്ട-
വെയ്ക്കാനിടമില്ലാത്ത
ഈ മ്യൂസിയത്തിൽ
ഇനിയുമെന്തിനൊരു രൂപം?
വിരലൊന്നു കഴുകാൻ
ഒരിറ്റു ജലമില്ലാതെ
ഞാനിതാ
വിറങ്ങലിക്കുന്നു.

— 127 —

## തിരുത്ത്

ആദ്യം വാതിൽ തുറന്നതും
അടച്ചതും നീയായിരുന്നു.
ഇടവേളയിൽ
തോരാത്ത മഴയായും
മകുടിയായും
പെയ്തൊഴിഞ്ഞതും
നീയായിരുന്നു.
സ്വപ്നങ്ങൾക്ക്
നനുനനുത്ത ചിറകെന്ന്
ഞാൻ മൊഴിഞ്ഞു;
ചിറകു കരിഞ്ഞ
ഈയാം പാറ്റകളെന്ന്
നീ പറഞ്ഞു.
മിഴികളിൽ
ഒരായുസ്സ്മുഴുവൻ
എന്നെന്റെ തോന്നൽ,
വിഷമവൃത്തത്തിന്റെ
അവിരാമചിഹ്നമെന്ന്
നിന്റെ തിരുത്ത്.
നിലാവിൽ ഒരു തിരിയും
മഞ്ഞിൽ ഒരു കുളിരും
വെയിലിൽ മൂവിതളുള്ള
അപൂർവ കുസുമം
പ്രണയമെന്ന് ഞാൻ;

തുവലുറഞ്ഞു പ്രതിമയായ
പഞ്ചവർണ്ണക്കിളിയെന്ന്
നിന്റെ മറുവാക്ക്.
യമുനയുടെ കരയിൽ
കടമ്പിൽ ചാരിനിന്ന്
വേണുവൂതുന്നത്
കണ്ണനെന്ന് ഞാൻ;
കള്ളനല്ലാത്ത
കാളിയനെന്ന് നീ.
ഹൃദയത്തെ പുതപ്പിക്കുന്ന
ഇഴയടുപ്പമില്ലാത്ത
പരുത്തിയുടുപ്പിന്റെ
അതിസാധാരണതയെന്ന്
നിന്റെ അവസാനവാക്ക്!

അടഞ്ഞ വാതിൽ ചൂണ്ടി
എപ്പോഴും
കടുത്തു സംസാരിച്ചത് നീ;
കിതപ്പു മുഴുവൻ
ഒറ്റുവാങ്ങിയത് ഞാൻ.

ഞാനിപ്പോൾ
ഏഴാംനിലയിൽ നിന്ന്
താഴോട്ടിറങ്ങുകയാണ്.
പടികളോരോന്നും
എണ്ണം തെറ്റാതെ
ഇറങ്ങുന്നതിനിടയിൽ
നീ അടിവാരത്തിലെത്തി
കാത്തുനില്ക്കുമെന്ന്
ഞാനറിഞ്ഞില്ല!

നീ എനിക്കു മുന്നിലോ?-
അതോ പിന്നിലോ?

— 128 —

## അപരാധി

ഞാൻ ആകാശത്തോളം
വളരണമെന്ന്
അച്ഛൻ പറഞ്ഞു.
എങ്കിലും
ഒച്ച പൊങ്ങി
മച്ചിൽ മുട്ടരുതെന്ന്
അമ്മ പറഞ്ഞു.
ഒച്ചയും ഞാനും തമ്മിൽ
അകലം പാലിക്കുന്നതെങ്ങനെ
എന്നു ഞാൻ കുഴഞ്ഞു.

ഇന്നെന്റെ ഒച്ച
എനിക്കുപോലും
കേൾക്കാനാകുന്നില്ല.
അതെങ്ങു പോയ്?
ആകാശം
ഞാനൊട്ടു കണ്ടതുമില്ല,
തൊട്ടതുമില്ല,

എന്നിട്ടും
അപരാധിയായ
എന്നെപ്പറ്റിയാണ്
എവിടെയും ചർച്ച!

— 129 —

# ?

ദൈവമേ,
ആരെക്കുറിച്ചാണ്
നീ കരയുന്നത്?
കുഞ്ഞുങ്ങളെ ഓർത്തോ?
പെണ്ണുങ്ങളെ ഓർത്തോ?
കരയാൻ ഇറ്റു കണ്ണീരില്ലാത്ത,
ചിരിക്കാൻ ഒരു പൂമൊട്ടുമില്ലാത്ത
ഹൃദയം ശൂന്യമാകുന്ന
മനുഷ്യരെക്കുറിച്ചോ?

ശവപ്പറമ്പായി മാറുന്ന
ഭൂഖണ്ഡങ്ങളെ,
പോർവിമാനങ്ങൾ
തീകൊളുത്തുന്ന
ജനപദങ്ങളെ,
ഉത്സവപ്പറമ്പാക്കി മാറ്റുന്ന
ഉദാരഭീകര രൂപികളെക്കുറിച്ചോ?
മൃതസഞ്ജീവനിയും കായകല്പവും
കുപ്പിയിലാക്കുന്ന,
സ്വർഗവും മോക്ഷവും
കീശയിലിട്ടു കുലുക്കുന്ന
ഹൈടെക് പ്രാർഥനാലയങ്ങളെക്കുറിച്ചോ?

അതോ-
എല്ലാം കൈപ്പിടിയിൽനിന്ന്

വിട്ടുപോയ
നിന്നെക്കുറിച്ചോ?

(2006-നു മുമ്പെഴുതിയത്)

— 130 —

## അകാരം

'അ' എന്നൊന്നുറച്ചുപറയാൻ
ഏഴുനാളായി ഞാൻ
തപം തുടരുന്നു.
ശ്വാസകോശങ്ങൾ പറിച്ചെടുത്ത്
എന്റെ ശബ്ദം ശരവേഗത്തിൽ
ശൂന്യതയിലേക്ക് പറന്നു കഴിഞ്ഞു.

ഭാഷയിൽ ഉരുണ്ടുകൂടുന്ന ന്യൂനമർദ്ദം
എന്റെ നെഞ്ചിലേക്കാണ്
ചീറ്റിയടിക്കുന്നത്.
ചെവിതുളക്കുന്ന,
ഒന്നല്ല, ഒരായിരം ചിവീടുകൾ
എന്റെ നെറുംതലയിൽ
ഒന്നിച്ചിരുന്നു കരയുന്നു.

മഴയും മനസ്സും
പിണങ്ങിപ്പിരിഞ്ഞ്
വരിഞ്ഞു മുറുക്കുന്നത്
എന്റെ വ്യസനങ്ങളെയാണ്.

മനുഷ്യരും ദൈവങ്ങളും
മുഖമടിച്ച് പതിക്കുന്ന
അറുതിയില്ലാത്ത ദുരന്തങ്ങൾക്കും
ഞാനാണ് സാക്ഷി.

കരിയിലകളും
പഴുക്കിലകളും

പച്ചിലകളും
ഒലിച്ചുഴന്നു പായും
മഹാപ്രവാഹത്തിൽ
ഒരെറുമ്പുമില്ല, പ്രാവുമില്ല.
വെളിച്ചത്തിന്റെ വിളമ്പിലൂടെ
ഭൂമിയുടെ പച്ചപ്പാതിരയിലേക്ക്
ഒളിഞ്ഞു നോക്കാൻ ഭയന്ന്
(പഴ)താരയെപ്പോലെ
പറ്റിപ്പിടിച്ചിരിക്കയാണ് ഞാൻ.

'അ' എന്നൊന്ന് ഉറച്ചുപറയാൻ
ഏഴുനാളായി
തപം തുടരുകയാണ് ഞാൻ.
ജപമാലയുരുളുന്ന
വിരലുകൾക്കിടയിൽ
ഏഴാംനാളിന്റെ മൗനം
എന്റെ നേർക്കുതന്നെ
കത്തി നിവർത്തുന്നു...

പുറ്റിനകത്ത്
ഒച്ച വറ്റിയ അച്ചാണ്,
ഭാഷ കൈമോശം വന്ന ഞാനാണ്.
ചെറുവിരൽ പോലും
അനക്കാൻ എനിക്കാവില്ല-
അതറ്റുപോയിരിക്കുന്നു!
അതെന്റെ
അകാരമായിരുന്നു.

(2002-4 കാലഘട്ടത്തിൽ കേരളസർവകലാശാലയുടെ മലയാളവിഭാഗത്തിൽ കവിയരങ്ങിൽ അവതരിപ്പിച്ചു.)

— 131 —

## കറുത്തപഴങ്ങൾ

പണ്ടൊക്കെ
പഴങ്ങൾക്ക്
മഞ്ഞനിറമായിരുന്നു.
പന്നീടവ
ചുവന്നരുണ്ട്
ഓറഞ്ചായി.
ഇന്നാണെങ്കിൽ
കറുത്തിരുണ്ട്
കടിക്കുമ്പോൾ
കരിനീലമായി
പടർന്നു പിടിക്കുന്നു,
കൃഷ്ണസർപ്പങ്ങളുടെ
കണ്മിഴികൾ പോലെ.

ഇപ്പോഴവ
കുലച്ചു കുമിഞ്ഞു കിടക്കുന്നത്
മനുഷ്യമനസ്സിലാണ്.
ഒരിളംകാറ്റ് വന്നാൽ
ചാറ്റൽമഴ വന്നാൽ
മാനമിരുണ്ടു കഴിഞ്ഞാൽ
അടർന്നു വീഴുന്ന
കറുത്ത പഴങ്ങൾ.
പെറുക്കിയെടുത്ത്
കുട്ടയിൽ നിറച്ച്
ഇടിമിന്നൽ പോലെ

അടിപൊളിയായ്
ഓടിമറയുന്നത്
നമ്മുടെ കിടാങ്ങൾതന്നെ.
തിരിച്ചു വിളിക്കാമെന്ന്
കരുതേണ്ട.

## — 132 —

# വണ്ടി

എങ്ങുനിന്നെങ്ങുനിന്നോടിക്കിതച്ചെത്തി
നില്ക്കുന്നു, നില്ക്കാത്ത വണ്ടിയെൻ വാതിലിൽ?
ചുറ്റും കരിമറയിട്ടൊരി വണ്ടിതൻ
ഉച്ചിയിൽ കത്തും വിളക്കിൽ കടുംനിണം.

“പോകനാം, പോകനാം, നേരമായ്, വന്നേറി
വാതിലടച്ചു ഞെരുങ്ങിയിരിക്കുക!-
ചെങ്കണ്ണിലാളിപ്പടരും തിരക്കുമായ്
സാരഥി നീരസം നീട്ടിവിളിക്കുന്നു.

ചുറ്റും കരിമ്പനക്കാട്ടിൽ നിന്നാരവം
മൂളിപ്പറന്നാർത്തുമൂളുന്നു മൂങ്ങകൾ
“പോകനാം, പിന്നോട്ടു നോക്കേണ്ട, വന്നേറി
വാതിലടച്ചു മെരുങ്ങിയിരിക്കുക!”

ഇല്ലിനി നേരമെൻ ഭാണ്ഡം മുറുക്കുവാൻ
വെച്ചകാലൂന്നിത്തിരിഞ്ഞൊന്നുനോക്കുവാൻ
തീയും പുകയും വമിച്ചു പിടക്കും
ശകടം മുറുമുറുത്തെന്നെ വിളിക്കയാൽ.
ആരീയിരുട്ടിൽ നുറുങ്ങിപ്പൊടിയുമെൻ
നെഞ്ചിൽ പുണരുന്നതാർദ്രം തിരിനീട്ടി
വറ്റുന്ന ജീവനിലൂതിപ്പുകയുമെൻ
പ്രാണനെകോർത്തു പിടിച്ചു വിളിക്കുന്നു?

രണ്ടായ്  പിളരുവാനാവതില്ലമ്മക്കു
നിൻകുഞ്ഞുകൈവിരൽ മാത്രമാണോർമ്മയിൽ
നാകം, നരകാഗ്നിയൊന്നു മറിഞ്ഞില്ല
ആധികൾ, വ്യാധികളെല്ലാം മറന്നുപോയ്!

— 133 —

# മറവി

മലയാളമെൻ മൊഴി
മഞ്ജുമൊഴി
മധുരമൊഴി
കിളികളും കുമ്പിടും
കളകളം, തെളിമൊഴി.

കതിരിടും കൺകളിൽ,
കരയിടും മേനിയിൽ,
പുലരിതൻ പൊൻതിരി,
ആമ്പലിൻ നറുതിരി.
അമൃതമായ് താരാട്ടി-
ലൂറുന്ന തേനിൽ
വയമ്പാണ്, പൊന്നാണ്,
നെഞ്ചിടിപ്പില്ലാത്ത
നേരിൻ കരിമ്പാണ്,
നറുമയാണെങ്കിലും-
ഞാനത് പാടേ മറന്നുപോയ്!

(ഉണ്മ മിനിമാസിക, 1986?)

— 134 —

## സത്രപം

മനസ്സിലൊരു മഴവിൽപ്പൂ-
ചെരിച്ചുകുത്തിയ കാല്പനികത,
നിറുകയിലൊരു കാരമുള്ള്-
അടിച്ചു കേറ്റിയ അകാല്പനികത.

കറുപ്പു തൊട്ടുകൂട്ടുമ്പോഴും
കടുക്കക്കഷായം കുടിക്കുമ്പോഴും
അവൾ വ്രീളാവിവശയാകണം-
'ലജ്ജയാൽ ശോഭിതേ നാരി...'

കാളിയുടെ മേലുടുപ്പിനും
മേൽച്ചുണ്ടിനും ഒരേ ചുവപ്പ്,
ശൂലമുനക്കും കൺകോണിനും
ഒരേ വജ്രദ്യുതി.
ചിലമ്പിൽനിന്ന് ഝംകാരവും
മുലയിൽനിന്ന് ശൃംഗാരവും
സ്പോൺസർ ചെയ്യാൻ ക്യൂവുണ്ട്...

അണക്കെട്ടുകൾക്ക്
എവിടെയോ ചോർച്ചയുണ്ട്,
അതടയ്ക്കുവാൻ വരുന്നത്
വാനരപ്പടയല്ല,
സേതുബന്ധനവും
നദീ (സതീ) സംരക്ഷണവും
അസംബന്ധം.
ത്രപയുടെ അടിത്തട്ട്

കലങ്ങി മറിയുമ്പോഴും
നമുക്കുവേണം, മുകളിൽ
തെളിനീരും
നീലാകാശവും
വെൺചന്ദ്രികയും.

ജീവിതത്തോടൊട്ടിനിന്ന്
കളിപറയാനും
കള്ളം പറയാനും
നമുക്ക്
നാം മാത്രമേയുള്ളൂ.
ഈശ്വരൻ പോലും
ഇവിടെ അന്യനാണ്.

സഹസ്രാരപുഷ്പത്തിലും
പ്രളയത്തിന്റെ
ദലശയ്യയിലും മാത്രമേ
നാമവന്
ഇടം നല്കിയിട്ടുള്ളൂ.

വെളിച്ചം വറ്റിയ
ചതുപ്പുകളിൽ
അവനെന്നും
സ്പോൺസറില്ലാത്ത പിച്ചക്കാരൻ.
അവനും അവൾക്കും
ലജ്ജയെന്തെന്നറിയില്ല.

— 135 —

## ഒറ്റമരം

മരം പറഞ്ഞു, മഴക്കാടിൻ
നെഞ്ചിലൂറും കരിംപച്ച-
പ്പാട്ടിലെന്റെ മനം, കിളി-
ക്കൂട്ടിലെന്റെ നറുംചിരി.

മരം പറഞ്ഞു, മണം വാരി-
ത്തൂവിയും ചില്ലയാട്ടിയും
കാറ്റിലാത്മസുഖം തമ്മിൽ
പങ്കുവയ്പതിലെൻ പ്രിയം.

ദൂരെവാനത്തു കൺചിമ്മും
പൂക്കളേക്കാൾ വിരിഞ്ഞുഞാൻ
മണ്ണിലാണെന്റെ വേരെന്നും
മാനവൻ കൂട്ടിനുണ്ടെന്നും.

മേഘരാഗങ്ങൾ വീണെന്റെ
മേരുഗർഭം തുടിച്ചതും
ശീതമാരുതനാലസ്യം
വീശിയാറ്റിപ്പുണർന്നതും
കാടിളക്കിവരും തേറ്റ-
ക്കൊമ്പ-നെൻ കരുമാടിയെ-
ചേർത്തകിട്ടിലിണക്കിച്ചേ-
ർന്നാറ്റിലേക്കാനയിച്ചതും
ഓളമോലും പിൻനിലാവാ-
യോർമ്മയിൽ നിറവയ്ക്കുന്നു...
കൈമറിഞ്ഞു കലങ്ങുമ്പോൾ

തരുസൗഭഗജാതകം.

മുഴക്കോലാൽ അളന്നീടാം
സ്നേഹമെന്നു ധരിച്ചവർ
വെട്ടിമാറ്റിയ ബന്ധങ്ങൾ
വാർന്നൊഴിഞ്ഞ വനാന്തരം,
കണ്ണുവേർപെട്ട തള്ളയായി
കുന്നു കേഴുന്നു, തീ പാറു-
ന്നമ്മതൻ നെഞ്ചിൽ, ഏകാകി
കൂട്ടരെക്കാത്തു നില്പു ഞാൻ.

(മാതൃഭൂമിയെന്ന് ഓർമ്മ, 2006-ന് മുമ്പ്)

— 136 —

## മരം-രണ്ട്

അയൽപക്കത്തെ പ്ലാവിലെ
ചക്ക കണ്ടുമുരണ്ടു ഞാൻ
പാഞ്ഞുകേറീ മനംചാഞ്ഞ
ചില്ലയിൽ പുളിനീറുപോൽ.

പ്ലാവിൻ നെഞ്ചമർന്നെന്റെ
മതിലിൻ നെറ്റി പിളർന്നുപോയ്
വായ്ച്ച ശാഖകൾ ചാഞ്ഞമർ-
ന്നേത്തൻ ക്ലമ്പടഞ്ഞുപോയ്.

ഇരുട്ടുകേറി കോട്ടകെട്ടി
ജനൽപ്പാതയിരുണ്ടുപോയ്
ഉദയം പാല മരക്കൊമ്പിൽ
തൂക്കിയിട്ട വിളക്കും പോയ്.

ചിലച്ചുകളിയാക്കി കിളി
കാഷ്ഠിച്ചെന്റെ മനസ്സിലും
മരം വളർന്നു പടർന്നേ ക-
ഛത്രം പിടിച്ചു നിൽക്കവെ.

ഇടഞ്ഞു, നോവിൻ കാരമുള്ളുകൾ
കുടഞ്ഞൂ പ്രിയ ചാനലിൽ
ഇടം വലം നോക്കാ തീറ-
പ്പരുവായ് വിങ്ങിയിരുന്നു ഞാൻ.

കഴുത്തു നീട്ടും കൊന്നയ്ക്കായ്
കുരലാരം പണി തീർന്നതും

വിഷുപ്പൈങ്കിളി കാവേറി
ച്ചൂളമിട്ടു വിളിച്ചതും.
കളിപ്പൈതങ്ങളാർപ്പിട്ടു
മാമ്പൂ മിഴി തുറന്നതും

നോക്കാ, തീറൻ കാറ്റുമുട്ടും
ജാലകം കുറ്റിയിട്ടു ഞാൻ.

ഇടയ്ക്കൊരു ദിനാന്ത്യത്തിൽ
തുറക്കും പാതി വാതിലിൽ
മുള്ളും മധുരവും നീട്ടി-
ച്ചിരിപ്പൂ നല്ലയൽക്കാരി:

“⊠⊠⊠യമായ് കായ്ച്ചതാകെ
രണ്ടേ രണ്ടു, പിശുക്കിയാ-
ണെങ്കിലും തേൻവരിക്കയാ-
ണിനം, ഒന്നിങ്ങിരിക്കട്ടെ!”

— 137 —

## ഒരേ സമയം

നിങ്ങൾക്ക്
ഒരേ സമയം
ഒരു സാധാരണ പൗരനും
മന്ത്രിയുമായിരിക്കാൻ
സാധ്യമാണോ?
എങ്കിൽ
മുഖം നെഞ്ചിലുരച്ചുകൊണ്ട്
അങ്ങാടിയിലേക്കോട്ടൂ,
പറ്റിയ പൊയ്മുഖമൊന്നു
തിരഞ്ഞെടുക്കാൻ.

നിങ്ങൾക്ക്
ഒരു സാധാരണക്കാരനും
സാഹിത്യകാരനും
ആയിരിക്കാൻ
സാധ്യമാണോ?
എങ്കിൽ
മുഖം ശിരസ്സിലുയർത്തിപ്പിടിച്ച്
പണിപ്പുരയിലേക്കോട്ടൂ,
പറ്റിയ പൊയ്മുഖമൊന്ന്
മെനഞ്ഞെടുക്കാൻ.

നിങ്ങൾക്ക്
ഒരേ സമയം
ഒരമ്മയും പെണ്ണുമായിരിക്കാൻ

സാധ്യമാണോ?
എങ്കിൽ
കുടിച്ച മുലപ്പാലത്രയും
ഓക്കാനിക്കൂ,
ഓച്ഛാനിക്കാൻ പഠിക്കൂ,
ഉറക്കപ്പിച്ചുകൾ
ഉറക്കപ്പറയാതിരിക്കൂ,
ഒരു പൊയ്മുഖവും വേണ്ട!

(സാഹിത്യലോകം, കേരള സാഹിത്യ അക്കാദമി)

— 138 —

## ഞാനും നീയും

ആരു ഞാനെന്ന്  ഭാവിച്ചിട്ടുമ്പോൾ
എന്തു പൊട്ടിച്ചിരിയാണിതുള്ളിൽ,
വായ്മുറുക്കിപ്പിടിച്ച താംബൂലം.
തുപ്പി നീട്ടിച്ചിരിച്ചതുപോലെ,
കണ്ണടച്ചുകൊണ്ടേതോ കിനാവിൻ
മഞ്ചൽ തട്ടിച്ചൊരിഞ്ഞതുപോലെ,
പറ്റെ വെട്ടിയ കുന്നിൻമുടികൾ
പൂത്തിറങ്ങിപ്പടർന്നതുപോലെ,
ആർത്തിരമ്പും കടലുകളാത്മ-
ഹർഷമായിപ്പതഞ്ഞതു പോലെ,
പഞ്ചവാദ്യമോടുത്സവക്കോപ്പിൽ
നെഞ്ചിലാന നിരന്നതുപോലെ!

ആരു നീയെന്ന്  ചോദിച്ചിട്ടുമ്പോൾ
എന്തു പൊള്ളും പനിയാണിതുള്ളിൽ,
ആളനക്കമി, ല്ലേകാന്തഭീതം
ശ്യാമരാവിൻ ഗുഹാന്തരംപോലെ
കൂടെയോട്ടും നിഴലുകൾ ചാഞ്ഞു
കാറ്റടങ്ങുന്നു, കാണാക്കയങ്ങൾ
സാന്ദ്രനിശ്ചലം നില്പൂ നിഗൂഢം
ഓളമില്ലാ, തൊരുങ്ങാതെയുള്ളിൽ,
എന്തിരുട്ടാണ്, നക്ഷത്രമൊക്കെ
കെട്ടു, നാട്ടുവെളിച്ചവുമില്ല,
ചൂട്ടു മിന്നുന്നതേതു വിദൂര-
ദ്വീപിലെന്നതു തിട്ടവുമില്ല.

എത്ര ദൂരമിക്കാന്തരമാർഗ്ഗം
ആരറിവൂ തുടക്കമൊടുക്കം!

(ഭൗതികതയ്ക്കും ആധ്യാത്മികതയ്ക്കുമിടയിൽ പിടയുന്ന മനുഷ്യചേതനയെക്കുറിച്ച്)

## വറ്റിയ നീരുറവുകൾ പ്രളയമാകുമ്പോൾ

ചിന്നുമോൾ മറന്നുവെച്ച
ബാർബിക്കുടയെടുത്ത്
അദ്ഭുതത്തോടെ
നിവർത്തുകയായിരുന്നു അമ്മ.

നേരം പോകാതെ
ഒരാഴ്ചയായി
ഫ്ളാറ്റിനകത്ത് മുട്ടിത്തിരിഞ്ഞു
ക്ലോക്കിലും കലണ്ടറിലും നോക്കി
വീർപ്പുമുട്ടുകയാണ്.

ഊൺമേശയിൽ
കുട മലർക്കെത്തുറന്നുവെച്ച്
അമ്മ ഉണ്ണാനിരുന്നപ്പോൾ
മകൾ അമ്പരന്നു.

കുട ചുരുട്ടി മാറ്റിവെച്ച്
വിശക്കുന്നുണ്ടോ എന്ന്
ചിരിച്ചുകൊണ്ട് ചോദിച്ചു.
“⊠⊠⊠ട്ടും വിശപ്പില്ല,
നീ പ്ലേറ്റ് മാറ്റിവെച്ചത്
നന്നായി!
അച്ഛനെത്തുംവരെ
ഞാനൊന്നു കിടക്കട്ടെ.”

ഉണ്ണിക്കുട്ടനുറങ്ങുന്ന തൊട്ടിലിൽ
കയറാൻ തുടങ്ങിയപ്പോൾ

ഓടിയെത്തി
ശാസനയോടെ
അവൾ പിടിച്ചുമാറ്റി:
"⊠⊠⊠താ ഇക്കാട്ട്ണതമ്മേ?"
എന്താണു പറ്റിയത്
എന്നറിയാതെ
അവളുടെ മുഖത്തേക്കും
മിണ്ടാതിരിക്കുന്ന
അച്ഛന്റെ ഫോട്ടോയിലേക്കും
അമ്മ മാറിമാറി നോക്കി:
"⊠⊠⊠ ഛരനെത്ര ചെറുപ്പം!
അമ്മയ്ക്ക് വയസ്സായി, ല്ലേ മോളെ?"

നിലതെറ്റിയ
രണ്ടുതുള്ളി കണ്ണുനീർ
അവളുടെ കവിളിലൂടെ
ഉരുണ്ടുവീണു.
"⊠⊠⊠⊠⊠⊠തിനാ മോളേ
കരയ്ണത്?
അമ്മയില്ലേ നിനക്ക്?"
അമ്മയത് തുടച്ചെടുത്ത്
അവളെ മാറോടുചേർത്തു.
വറ്റിയ പുഴയിൽ
തള്ളിവന്ന പ്രളയംപോലെ
അവളുടെ ഹൃദയം
അമ്മയുടെ
നെഞ്ചിനകത്തേക്ക് കുതിച്ചു.

# ലളിതാ ലെനിൻ



മലയാളത്തിലെ ഒരു കവയിത്രിയാണ് **ലളിതാ ലെനിൻ**. കേരള സർവകലാശാലയിലെ ലൈബ്രറി സയൻസ് വിഭാഗം മേധാവിയായിരുന്നു.

1946-ൽ തൃശ്ശൂർ ജില്ലയിലെ തൃതല്ലൂരിൽ ജനിച്ചു. കേരള സർവകലാശാലയിൽ നിന്നും രസതന്ത്രം, ലൈബ്രറി സയൻസ് എന്നീ വിഷയങ്ങളിൽ ബിരുദം നേടി. 1976-ൽ മൈസൂർ സർവ്വകലാശാലയിൽ നിന്നും ലൈബ്രറി സയൻസ് ബിരുദാനന്തര ബിരുദ പരീക്ഷയിൽ ഒന്നാം റാങ്കും ഡോ. എസ്.ആർ. രംഗനാഥൻ സ്വർണ മെഡലും കരസ്ഥമാക്കി. 1977-ൽ പീച്ചിയിലെ വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ ലൈബ്രേറിയനായി ജോലിയിൽ പ്രവേശിച്ചു. 1979-ൽ കേരള സർവകലാശാലയിൽ അധ്യാപികയായി ജോലി ലഭിച്ചു. 1990 മുതൽ 1995 വരെ ലൈബ്രറി സയൻസ് വിഭാഗം മേധാവിയായിരുന്നു. 2006 മാർച്ച് 31-ന് ജോലിയിൽ നിന്നും വിരമിച്ചു.

## 1 കൃതികൾ

- കരിങ്കിളി (കവിത)
- കർക്കിടവാവ് (കവിത)
- നമുക്കു പ്രാർത്ഥിക്കാം (കവിത)
- കടൽ (കവിത)
- സമാഹരിക്കാത്ത കവിതകൾ (കവിത)
- മിന്നു (കുട്ടികൾക്കായുള്ള നോവൽ)

## 2 പുരസ്കാരങ്ങൾ

- ബാലസാഹിത്യത്തിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം (1986)

- അബുദാബി ശക്തി അവാർഡ് (1996)
- മൂലൂർ പുരസ്കാരം (2001)

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.